Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 ജനുവരി 4—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 113 ധനു 20 | ലക്കം 21

## "തത്വബോധകർ"

### സ്വദേശിയായിത്തീർന്ന വിദേശമിഷ്യനറി

[ജോസഫ് കൊളങ്ങാടൻ എസ്. ജെ.]

മധുരയിൽ വലിയ തിക്കും തിരക്കുമുള്ള ഒരു ദിവസമായിരുന്നു അതു്. തെരുവീഥികളിൽ അങ്ങുമിങ്ങും ജനക്കൂട്ടം. ഇതുതന്നെ മധുരാപുരിയെന്നു വിളിച്ചറിയിക്കുവാനെന്നപോലെ മീനാക്ഷിയമ്പലത്തിന്റെ മണിഗോപുരങ്ങൾ മിന്നിത്തിളങ്ങുന്നുണ്ടു്. അമ്പലത്തിന്റെ മണ്ഡപത്തിൽ ഇതിനകം ഉദ്ദേശം എണ്ണൂറു ബ്രാഹ്മണർ സ്ഥലം പിടിച്ചുകഴിഞ്ഞു. അവരുടെ തീരുമാനം എന്താകുമോ എന്നറിയുവാനുള്ള ഉൽകണ്ഠയോടെ ആയിരക്കണക്കിനാളുകൾ അമ്പലത്തിനു ചുററും തിങ്ങിക്കൂടിയിരിക്കുന്നു. ഇററലിയിൽ നിന്നും മധുരയിൽവന്നു് ക്രിസ്തുമതം പ്രസംഗിച്ചു് "തത്വബോധകർ" എന്ന ബഹുമാനപ്പേരു സമ്പാദിച്ച ആ ഈശോസഭാ വൈദികൻ—ദെ നോബിലി—ഭാരതീയരെ കബളിപ്പിക്കുവാനായി ബ്രാഹ്മണവേഷം ധരിച്ച കപടസന്യാസിയോ, അതോ ഉയർന്ന ജാതിക്കാരായ ഹിന്ദുക്കൾക്കും തങ്ങളുടെ ജാതിശ്രേഷ്ഠത നഷ്ടമാക്കാതെ അനുകരിക്കാവുന്ന ഒരു യഥാർത്ഥസന്യാസിയോ എന്നാണു് അവിടെ കൂടിയിരുന്നവർ തീരുമാനിക്കേണ്ടിയിരുന്നതു്.

മതഭ്രാന്തുപിടിച്ച പലരും വാദിച്ചു, ദെ നോബിലി ഒരു കപടസന്യാസിയാണെന്നു്, പറങ്കികളുടെ കൂട്ടത്തിൽ ചേർന്നവനാണെന്നു്. ഈ വാദകോലാഹലത്തിനിടയിൽ ഒരു സ്വരമുയർന്നു. ദെ നോബിലിയെ സംസ്കൃതവും തമിഴും തെലുങ്കും പഠിപ്പിച്ചു് അദ്ദേഹത്തോടു വളരെയധികം അടുത്തുപഴകിയിട്ടുള്ള ശിവധർമ്മൻ എന്ന ബ്രാഹ്മണൻ പ്രസംഗിക്കുകയാണു്: "തത്വബോധകർ മാദകങ്ങളായ ഭക്ഷണപാനീയങ്ങളാൽ മയങ്ങിപ്പോകുന്ന ഒരു പറങ്കിയല്ല. ക്ഷത്രിയർക്കു തുല്യമായ ഒരു ഇററാലിയൻ പ്രഭുകുടുംബത്തിൽ ജനിച്ച അദ്ദേഹം ചെറുപ്പത്തിലേ ലോകാഡംബരങ്ങളെ വെറുത്തു് ദൈവസ്നേഹത്താൽ പ്രേരിതനായി സന്യാസജീവിതം ആശ്ലേഷിച്ചു. ആയിരമായിരം മൈലുകൾ കപ്പൽയാത്രചെയ്തു് ഭാരതത്തിൽ വന്നിറങ്ങിയ അദ്ദേഹം ഊണിലും ഉടുപ്പിലും ഭാരതീയരെ അനുകരിക്കുന്നു. ചതുർവേദങ്ങൾ, ഉപനിഷത്തുകൾ, പുരാണങ്ങൾ തുടങ്ങിയ ഹിന്ദുമതാടിസ്ഥാനമായ പ്രമാണഗ്രന്ഥങ്ങളെല്ലാം അദ്ദേഹം പഠിച്ചിരിക്കുന്നു. അദ്ദേഹത്തെ പിൻതുടരുന്നവർ ജാതിഭ്രഷ്ടരാകയില്ല, ഭാരതീയാചാരങ്ങൾ കൈവെടിയുകയില്ല......"

"എല്ലാവരേയും രക്ഷിക്കുവാനായി ഞാൻ എല്ലാവർക്കും എല്ലാമായി" എന്നു പറഞ്ഞ വി. പൗലോസിനെപ്പോലെ ദെ നോബിലിയും ഭാരതീയരെ രക്ഷിക്കുവാൻ വേണ്ടി ഭാരതീയനായി. മനുഷ്യരക്ഷയ്ക്കായി മനുഷ്യനായി പിറക്കാൻ മടിക്കാത്ത ദൈവസുതനെപ്പോലെ ദെ നോബിലിയും ബ്രാഹ്മണരുടെ മാനസാന്തരത്തിനായി ബ്രാഹ്മണവേഷം ധരിക്കുവാൻ മടിച്ചില്ല. തൊപ്പിയും ബൂട്ട്സും മററും അദ്ദേഹത്തിനു് ഇനി എന്തിനു്? യൂറോപ്യൻരീതിയിലുള്ള വസ്ത്രങ്ങളെല്ലാം ഊരിക്കളഞ്ഞു് അദ്ദേഹം കാവിവസ്ത്രം അണിഞ്ഞു; ഭാരതീയസന്യാസികളെപ്പോലെ അദ്ദേഹവും താടിയും മുടിയും വളർത്തി; മീൻ, മാംസം മുതലായ പദാർത്ഥങ്ങൾ ഉപേക്ഷിച്ചു് കായ്കനികൾമാത്രം ഭക്ഷണമാക്കി. അതികാലത്തെ കുളിച്ചു് നെററിയിൽ ചന്ദനവും പൂശി ഈശ്വരധ്യാനം ചെയ്യുന്ന അദ്ദേഹത്തെ ഒരു ശീമക്കാരനെന്നു് ആരും സംശയിക്കുകപോലും ചെയ്യുകയില്ല. ദക്ഷിണേന്ത്യയിലെ ഹിന്ദുമതകേന്ദ്രമായ മധുരയിലാണു്—അതും ബ്രാഹ്മണരുടെ അഗ്രഹാരത്തിൽ—ദെ നോബിലി തന്റെ ആശ്രമം സ്ഥാപിച്ചതു്. ചുരുങ്ങിയ കാലയളവിൽ പല ബ്രാഹ്മണരും അദ്ദേഹത്തിന്റെ ശിഷ്യരായി; മധുരയിൽ ക്രിസ്തുമതം പ്രചരിച്ചു. ഒരു ഭാരതീയൻ ക്രിസ്ത്യാനിയാകുമ്പോൾ തന്റെ പൂർവ്വികന്മാരുടെ തഴക്കവഴക്കങ്ങൾ കൈവിട്ടു് ഒരു "സായിപ്പാ"കണമെന്നുള്ള തെററിദ്ധാരണ ദെ നോബിലി വേരോടെ പിഴുതുനീക്കി.



**മാർപ്പാപ്പാ തിരുമേനി ജനക്കൂട്ടത്തെ ആശീർവ്വദിച്ചു**

വത്തിക്കാനിൽവച്ചു്, ഡിസംബർ 25-ാംതീയതി പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് അവിടുത്തെ സ്വകാര്യമുറിയുടെ ജനലിങ്കൽ സന്നിഹിതനായപ്പോൾ, ഇററലിക്കാരും, വിദേശികളുമായ അൻപതിനായിരത്തിലധികം വരുന്ന ഒരു ജനസമൂഹം അവിടുത്തേക്കു ക്രിസ്തുമസ്സ് മംഗളങ്ങളാശംസിക്കുകയുണ്ടായി. ധവളവസ്ത്രാങ്കിതനായ 80 വയസ്സായ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് 5 മിനിററുനേരത്തേക്കു് സ്വഹസ്തചലനത്താൽ ജനങ്ങളുടെ ഹർഷപ്രകടനങ്ങളെ സ്വീകരിച്ചു.. അനന്തരം അവിടുന്നു ജനക്കൂട്ടത്തെ ആശീർവ്വദിച്ചപ്പോൾ, അവരെല്ലാം മുട്ടുകുത്തി ആശിസ്സു സ്വീകരിക്കുകയുണ്ടായി.

എന്നാൽ ഇതെല്ലാം ഒരു പ്രയാസവും കൂടാതെ കൈവരുമോ? മധുരയിലും ക്രിസ്തുമതം നുഴഞ്ഞുകയറുന്നതുകണ്ടു് കുപിതരായ ബ്രാഹ്മണരുടെ വിദ്വേഷം മാത്രമല്ല, സ്വമതസ്ഥരിൽനിന്നുപോലും വളരെയധികം എതിർപ്പുകൾ ദെ നോബിലിക്കു നേരിടേണ്ടിവന്നു. അദ്ദേഹം മധുരയിൽ വരുന്നതിനു മുമ്പു് അവിടെ ക്രിസ്തുമതം പ്രചരിപ്പിക്കുവാൻ പ്രയത്നിച്ചു് പരാജിതനായ ഗൊൺസാലസ് ഫെർനാണ്ടസ് എന്ന ഈശോസഭാവൈദികനു് ദെ നോബിലിയുടെ ഈ പുതിയ ജീവിതരീതി ഒട്ടും പിടിച്ചില്ല. അതുപോലെതന്നെ ഗോവയിലെ പോർത്തുഗീസ് വൈദികമേലദ്ധ്യക്ഷന്മാർക്കും ദെ നോബിലിയുടെ സംരംഭം അസ്വീകാര്യമായിരുന്നു. ബ്രാഹ്മണരെ മനസ്സുതിരിക്കാൻ പുറപ്പെട്ട ദെ നോബിലി ഒരു ബ്രാഹ്മണനായി എന്നു് അവർ മാർപ്പാപ്പായുടെ സന്നിധിയിൽവരെ കുററാരോപണം നടത്തി. ഭാഗ്യവശാൽ അന്നു് തിരുസിംഹാസനം അലങ്കരിച്ചിരുന്ന പതിനഞ്ചാം ഗ്രെഗോരിയോസ് മാർപ്പാപ്പാ ദെ നോബിലിക്കനുകൂലമായി വിധികല്പിച്ചു. ഭാരതീയാചാരങ്ങൾ സ്വീകരിച്ചതുകൊണ്ടു് ഹിന്ദുമതസ്ഥനാകുന്നില്ല; അതുകൊണ്ടു് ക്രിസ്ത്യാനികളും തങ്ങളുടെ നാട്ടുനടപ്പനുസരിച്ചു് ഊണും ഉടുപ്പും മററും തുടർന്നുകൊണ്ടുപോകാമെന്നായിരുന്നു റോമിലെ തീരുമാനം. അങ്ങനെ ദെ നോബിലിയുടെ പുതിയ മിഷൻ പ്രവർത്തനപരിപാടി അനധികൃതമെന്നു അധിക്ഷേപിക്കുവാൻ ആർക്കും വഴിയില്ലാതായി.

ദെ നോബിലിയുടെ മിഷൻ പ്രവർത്തനം മധുരകൊണ്ടവസാനിച്ചില്ല. തൃശ്ശിനാപ്പള്ളിയിലും സേലത്തും അദ്ദേഹം വളരെപ്പേരെ മാനസാന്തരപ്പെടുത്തി. ഭാരതീയരുടെ സ്നേഹാദരങ്ങൾ സമാർജ്ജിച്ചിരുന്നുവെന്നതാണു് അദ്ദേഹത്തിന്റെ വിജയരഹസ്യം. ഹിന്ദുക്കളെ അജ്ഞാനികളെന്നു അപലപിച്ചതുകൊണ്ടു് ഒരു ഫലവുമില്ല; അതു് അവരെ നമ്മിൽനിന്നും അകററുകയേയുള്ളു. എന്നദ്ദേഹം മനസ്സിലാക്കി. അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി: "നാം ഒരു മുറിയിലെ ഇരുട്ടുനീക്കുന്നതിനു് ചൂലെടുത്തു ഒച്ചപ്പാടുണ്ടാക്കുകയല്ല ചെയ്യേണ്ടതു്. നേരെമറിച്ചു് ഒരു ചെറിയ വിളക്കു കൊളുത്തുക; ഇരുട്ടു് താനേ മാഞ്ഞുമറഞ്ഞുപോകും. അവിശ്വാസികളുടെ ഹൃദയങ്ങളെ സ്നേഹംകൊണ്ടു വശീകരിക്കുക. പിന്നീടു് സുവിശേഷദീപം കൊളുത്തുക. അപ്പോൾ വിഗ്രഹാരാധന എന്ന അന്ധകാരം പാടെ നീങ്ങും." അതുകൊണ്ടുതന്നെയാണു് അദ്ദേഹം ശങ്കരാചാര്യരേയും ഭർതൃഹരി

(യും മാണിക്കവാചകരുടെയും ഉദ്ധരിച്ചു പ്രസംഗിച്ചതു്. സംസ്കൃതപണ്ഡിതനെന്ന പേരു സമ്പാദിക്കുവാനല്ല, ബ്രാഹ്മണരെ ക്രിസ്തുവിന്റെ പാദങ്ങളിലേക്കു് ആനയിക്കുവാനാണു് അദ്ദേഹം പണിപ്പെട്ടു സംസ്കൃതം പഠിച്ചതു്. ആ ഭാഷയിൽ അദ്ദേഹം "സത്യവേദസാരസംഗ്രഹം" എന്ന ഒരു ചെറുകാവ്യം രചിച്ചു. ദെ നോബിലിയുടെ അഗാധമായ സംസ്കൃതപാണ്ഡിത്യം കണ്ടു് വിസ്മയിച്ച മാക്സ്മുള്ളർ തന്റെ ലണ്ടൻപ്രസംഗത്തിൽ പറഞ്ഞ വാക്കുകൾ സ്മരണീയങ്ങളാണു്: "സംസ്കൃതപണ്ഡിതനായ ഒന്നാമത്തെ യൂറോപ്യനാണു് അദ്ദേഹം എന്നേ എനിക്കു പറയുവാൻ കഴിയൂ. മനുസ്മൃതിയിൽനിന്നും പുരാണങ്ങളിൽനിന്നും, എന്തിനു്, പ്രസിദ്ധ പണ്ഡിതർക്കുകൂടി ദുർഗ്രാഹ്യങ്ങളായ ആപസ്തംബസൂത്രങ്ങളിൽനിന്നുപോലും ഉദ്ധരിക്കുവാൻ കഴിവുണ്ടായിരുന്ന അദ്ദേഹം സംസ്കൃതഭാഷയിലും സാഹിത്യത്തിലും വളരെയധികം പുരോഗമിച്ചിരുന്നിരിക്കണം."

സംസ്കൃതത്തെപ്പോലെതന്നെ—അല്ല, അതിലുമധികം—തമിഴും വശമാക്കിയിരുന്ന ദെ നോബിലിക്കു് പ്രശസ്ത തമിഴ്കാവ്യങ്ങൾ മനഃപാഠമായിരുന്നു. "ജ്ഞാനോപദേശം", "ആത്മനിർണ്ണയം", "അജ്ഞാനനിവാരണം", "ദൂഷണധിക്കാരം", "നിത്യജീവനസല്ലാപം" തുടങ്ങിയ അദ്ദേഹത്തിന്റെ തമിഴ് കൃതികൾ പണ്ഡിതലോകത്തെ വിസ്മയിപ്പിക്കുന്നു. തമിഴ് കത്തോലിക്കരെ ഇന്നും ഈശ്വരഭക്തിയിൽലയിപ്പിച്ചുകൊണ്ടിരിക്കുന്നു ദെ നോബിലി വിരചിച്ച കർണ്ണാമൃതങ്ങളായ കീർത്തനങ്ങൾ. തെലുങ്കുഭാഷയിലും പ്രവീണനായിരുന്ന അദ്ദേഹം തന്റെ പല കൃതികളേയും ആ ഭാഷയിലേക്കു വിവർത്തനം ചെയ്തിട്ടുണ്ടു്.

ഭാരതം മുഴുവനും സുവിശേഷഗീതം മാറൊലിക്കൊള്ളാൻവേണ്ടി ജീവിതകാലം മുഴുവനും പരിശ്രമിച്ച ആ മഹാൻ തന്റെ അവസാനനാളുകളിൽ ഭാരതത്തിന്റെ അപ്പസ്തോലനായ തോമ്മാശ്ലീഹായുടെ ശവകുടീരം സന്ദർശിച്ചു് പ്രാർത്ഥിക്കുന്നതിൽ ആത്മസംതൃപ്തി കണ്ടെത്തി. അപ്പസ്തോലരക്തത്താൽ പരിപാവനമാക്കപ്പെട്ട മൈലാപ്പൂരിൽവച്ചു് പ്രേഷിതവര്യനായ ദെ നോബിലിയും 1656 ജനുവരി 16-ാംനു നിത്യതയുടെ ശാന്തിയിലേക്കു പ്രവേശിച്ചു.

ദെ നോബിലിയും കേരളവും തമ്മിൽ അടുത്ത ബന്ധമുണ്ടു്. അക്കാലത്തു് ഇൻഡ്യയിൽ രണ്ടു ഈശോസഭാപ്രവിശ്യകളാണുണ്ടായിരുന്നതു്—ഗോവയും മലബാറും. ദെ നോബിലി മലബാർപ്രവിശ്യയിലുൾപ്പെട്ട കൊച്ചിയിലേക്കാണു് ആദ്യം അയക്കപ്പെട്ടതു്. അവിടെവച്ചു് നിത്യവ്രതവാഗ്ദാനം ചെയ്ത അദ്ദേഹം സഹ്യപർവ്വതം കടന്നു് മധുരയിലേക്കു യാത്രയായി. ബ്രാഹ്മണമാനസാന്തരാനന്തരം മധുരയിൽ സ്ഥാപിതമായ ഇടവക അങ്കമാലി മെത്രാപ്പോലീത്തായുടെ കീഴിലായിരുന്നു. പൂണൂലും കുടുമിയും ധരിച്ച ബ്രാഹ്മണക്രിസ്ത്യാനികളെ തൈലാഭിഷേകത്തിനായി അങ്കമാലിയിലേക്കാണു് അദ്ദേഹം അയച്ചതു്. സുറിയാനിക്രിസ്ത്യാനികൾ വിദേശഭാഷ കൂടാതെ നാട്ടുനടപ്പനുസരിച്ചു് ജീവിച്ചുവന്നതിനാൽ അവർക്കു ഹിന്ദുക്കളുടെ ഇടയിൽ നിലയും വിലയുമുണ്ടെന്നു മനസ്സിലാക്കിയിട്ടാണു് ദെ നോബിലി മധുരയിൽ താൻ മനസ്സുതിരിച്ചവരേയും നാട്ടുനടപ്പനുസരിച്ചു് ജീവിക്കുവാൻ പ്രേരിപ്പിച്ചതു്. മധുരയിലെ ക്രിസ്ത്യാനികളെപ്പറ്റി പലരും പല അപവാദങ്ങളും പുറപ്പെടുവിച്ചപ്പോഴെല്ലാം ദെ നോബിലി സുറിയാനിക്രിസ്ത്യാനികളുടെ ജീവിതരീതി എടുത്തുകാണിച്ചിരുന്നു. "ജ്ഞാനോപദേശം" മുതലായ അദ്ദേഹത്തിന്റെ വിശ്രുത തമിഴ് ഗ്രന്ഥങ്ങൾ അമ്പഴക്കാട്ടു് ഈശോസഭാ മുദ്രാലയത്തിൽവച്ചു് മലയാളാക്ഷരങ്ങളിലാണു് ആദ്യം പ്രസിദ്ധീകരിക്കപ്പെട്ടതെന്ന വസ്തുത ഇത്തരുണത്തിൽ പ്രസ്താവ്യമാണു്.

ദെ നോബിലി തമിഴരുടെ മാനസാന്തരത്തിനായി കേരളത്തിൽനിന്നു പുറപ്പെട്ടതു് യാദൃച്ഛികമായ ഒരു സംഭവമല്ല. ഒന്നാംനൂറ്റാണ്ടിൽതന്നെ അപ്പസ്തോലകരങ്ങളാൽ സത്യദീപം കൊളുത്തപ്പെട്ട കേരളത്തിൽനിന്നുവേണം സുവിശേഷദീപം ഭാരതം മുഴുവൻ പ്രകാശിക്കുവാൻ. കന്യാകുമാരിമുതൽ ഹിമാലയംവരെ "ക്രിസ്തുരാജൻ വാഴ്ക" എന്ന ജയഘോഷം മുഴങ്ങണമെങ്കിൽ കേരളത്തിലെ യുവജനങ്ങൾ ഉണർന്നു പ്രവർത്തിക്കണം. നാടും വീടും വിട്ടു് വിദൂരസ്ഥിതങ്ങളായ മിഷൻകേന്ദ്രങ്ങളിൽപോയി ക്രിസ്തുമതം പ്രസംഗിക്കുവാൻ അവർ മുന്നോട്ടുവരണം. വേണ്ടിവന്നാൽ ജീവിതംതന്നെ ബലിയർപ്പിക്കുവാൻ സന്നദ്ധരാകണം. കേരളകത്തോലിക്കരുടെ ഈ കടമയെയാണു് ദെ നോബിലിയുടെ ജീവിതവും പ്രവർത്തനവും ചൂണ്ടിക്കാണിക്കുന്നതു്, ഇതാണു് അദ്ദേഹത്തിന്റെ സന്ദേശവും. ദെ നോബിലി മരിച്ചു് മുന്നൂറുവത്സരം തികയുന്നതു് ഈക്കൊല്ലമാണു്. ഈ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ സന്ദേശത്തിനു് നമുക്കൊന്നുകൂടി ചെവികൊടുക്കാം. ഭാരതാംബയെ ക്രിസ്തുവിന്റെ പാദങ്ങളിലേക്കു ആനയിക്കേണ്ട പ്രേഷിതവീരരാകുവാനുള്ള അദ്ദേഹത്തിന്റെ ആഹ്വാനം സ്വീകരിച്ചു പ്രവർത്തിക്കുവാൻ ശ്ലീഹായുടെ മക്കളായ നാം മടിക്കുകയോ!

## പുസ്തകാഭിപ്രായം

### ആദ്ധ്യാത്മിക ജീവിതം

(ഒന്നാംഭാഗം)

(പ്രസാധകൻ ഫാദർ മാത്യു ജെ. മങ്കുഴിക്കരി. പേജ് 332. വില 1—12—0. മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം 1)

സുപ്രസിദ്ധ ആദ്ധ്യാത്മികഗ്രന്ഥകാരനായ Fr. Tanquerey യുടെ അമൂല്യഗ്രന്ഥങ്ങളിൽ അതിപ്രധാനമായ ഒന്നാണു് "The Spiritual Life". സാക്ഷാത്തായ ക്രിസ്തീയജീവിതത്തിന്റെ വിവിധവശങ്ങളെപ്പറ്റി ഇത്ര വിശദമായി പ്രതിപാദിക്കുന്ന ഇതര ഗ്രന്ഥങ്ങൾ അതിവിരളമെന്നുതന്നെ പറയാം.

ആദ്ധ്യാത്മികശിക്ഷണമരുളുന്നതിൽ അതിമാത്രം പരിജ്ഞാനവും പരിചയവും സമ്പാദിച്ചിട്ടുള്ള ഒരനുഗൃഹീത ധ്യാനഗുരുവായ പ്രസാധകൻ, പ്രസ്തുത പുസ്തകത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ളതാണു്, നിരൂപണവിഷയമായ ഈ പുസ്തകം. ഗഹനമായ വിഷയങ്ങളെപ്പോലും ലളിതമായും പ്രസന്നമായും ആവിഷ്കരിക്കുന്നതിനുള്ള പ്രസാധകന്റെ പാടവം അനുവാചകർക്കു് ഗ്രന്ഥത്തിൽ ഉടനീളം ദർശിക്കാവുന്നതാണു്. മലയാളഭാഷയിലെ ആദ്ധ്യാത്മികഗ്രന്ഥശേഖരത്തിൽ ഈടുറ്റ ഒരു പ്രായോഗികഗ്രന്ഥത്തിന്റെ അഭാവം പരിഹൃതമായിരിക്കുന്നു ഇതുവഴി.

ഈദൃശഗ്രന്ഥങ്ങളെപ്പറ്റി ഒരഭിപ്രായം പറയുവാൻ തക്ക വിജ്ഞാനവും പക്വതയും നിറഞ്ഞ എറണാകുളം മെത്രാപ്പോലീത്താ തിരുമേനി, ആശീർവാദലേഖനത്തിൽ പറഞ്ഞിരിക്കുന്നതിൽപ്പരം ഒന്നും ഈ ഗ്രന്ഥത്തെപ്പറ്റി പറയുവാനില്ല. തിരുമേനി പറയുകയാണു്: "ഇംഗ്ലീഷുഭാഷ വശമില്ലാത്തവരെ സംബന്ധിച്ചിടത്തോളം ഈ മലയാളഗ്രന്ഥം ആദ്ധ്യാത്മികജീവിതപഠനത്തിനു് വളരെയധികം ഉപകരിക്കുമെന്നു നാം വിശ്വസിക്കുന്നു. ഭക്തജീവിതത്തിന്റെ പ്രായോഗികപദ്ധതികൾക്കു് പ്രാധാന്യം കല്പിച്ചു് ഈ പുസ്തകത്തിൽ പ്രതിപാദിച്ചുകാണുന്നതു് കൂടുതൽ അഭിലഷണീയമായിരിക്കുന്നു. ആദ്ധ്യാത്മികശിക്ഷണത്തിലും പഠനത്തിലും ഏർപ്പെട്ടിരിക്കുന്നവർക്കു് ഇതു ഒരു പാഠപുസ്തകമായി സ്വീകരിക്കാവുന്നതാണു്."

പ്രസാധകനെ ഹാർദ്ദമായി അനുമോദിക്കയും, ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കയും ചെയ്യുന്നതോടൊപ്പം ഒരപേക്ഷകൂടി. മൂലഗ്രന്ഥത്തിന്റെ ഇതരഭാഗങ്ങളേയും ഉപജീവിച്ചു് ഗ്രന്ഥമെഴുതി, ഇംഗ്ലീഷുഭാഷാനഭിജ്ഞരായുള്ളവർക്കു് സർവ്വപ്രധാനമായ ആദ്ധ്യാത്മികമൂല്യങ്ങളെ പരിചയപ്പെടുത്തിക്കൊടുക്കണമേ എന്നു്.

(V. P.)

## ഞങ്ങളുടെ മുപ്പതു ദിവസത്തെ ധ്യാനം

(ഫാദർ ഔറേലിയസ്, ഠി. ഒ. സി. ഡി.)

കഴിഞ്ഞ നവംബർ 8-ാംനുമുതൽ ഡിസംബർ 8-ാംനുവരെ ഒരു മുപ്പതു ദിവസത്തെ ധ്യാനം ഈശോസഭാംഗങ്ങളല്ലാത്ത വൈദികരെ ഉദ്ദേശിച്ചു് ബീഹാറിൽ ഹസ്സാരിബാഗിനടുത്തുള്ള സിററഗാറായിലെ സെൻറു സ്റ്റനിസ്ലാസ് കോളേജിൽവച്ചു നടത്തപ്പെട്ട വിവരം പലരും അറിഞ്ഞിരിക്കുമല്ലോ. ഈ എഴുത്തുകാരനും അതിൽ സംബന്ധിക്കുന്നതിനുള്ള ഭാഗ്യമുണ്ടായി. വൈദികരും അവൈദികരുമായി പല സുഹൃത്തുക്കളും പ്രസ്തുത ധ്യാനത്തെ സംബന്ധിച്ചു പലതും അറിയുന്നതിനാഗ്രഹിക്കുന്നതായി അവരുടെ പല ചോദ്യങ്ങളിൽനിന്നു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടു്. അവർക്കുവേണ്ടിയാണു് ഈ ലേഖനം.

ഇരുപത്തിമൂന്നു പേരാണു ധ്യാനത്തിനു ചെല്ലുമെന്നു അറിയിച്ചിരുന്നതു്. എങ്കിലും പത്തൊൻപതുപേർക്കു ചെന്നുചേരുന്നതിനു സൗകര്യമുണ്ടായുള്ളു. തിരുക്കൊച്ചി, കോയമ്പത്തൂർ, മദ്രാസ്, ബോംബെ, കൽക്കട്ടാ, ബനാറസ്, പാററ്നാ മുതലായി ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നുമായി മൂന്നു സഭകളിൽപെട്ട ഏഴു സന്യാസികളും ബാക്കി ഇടവകവൈദികരുമായിരുന്നു. കാനഡാക്കാരനായ ഒരു ഫ്രാൻസിസ്കൻ സന്യാസിയൊഴികെ ബാക്കിയുള്ളവരെല്ലാം നാട്ടുകാർതന്നെ.

ചിലർ കരുതുന്നതുപോലെ ഞങ്ങൾ ധ്യാനിപ്പിക്കുന്ന രീതി പഠിക്കുന്നതിനല്ല, ധ്യാനിക്കുന്നതിനാണു പോയിരുന്നതു്. സ്പെയിൻകാരനും ബോംബെ മിഷനിൽ ജോലിചെയ്യുന്ന ദേഹവുമായ ഒരു ഫാ. നമ്പിയോള എസ്. ജെ. തനിച്ചാണു ധ്യാനപ്രസംഗങ്ങൾ നടത്തിയതു്. കുമ്പസാരിപ്പിക്കുന്നതിനും ഓരോരുത്തർക്കും തനിച്ചു വേണ്ട ആദ്ധ്യാത്മികോപദേശം നൽകുന്നതിനും വേറെ മൂന്നു നാലു വൈദികരും സദാ സന്നദ്ധരായിരുന്നു. ധ്യാനത്തിനുപകരിക്കുന്ന അനേകം വിശിഷ്ട ഗ്രന്ഥങ്ങളുള്ള ഒരു ലൈബ്രറിയും ഞങ്ങളുടെ ഉപയോഗത്തിനായി വിട്ടുതന്നിരുന്നു. സെൻറു് സ്റ്റനിസ്ലാസ് കോളേജ് ഈശോസഭക്കാരുടെ ഒരു നൊവിഷ്യേററും ടേർഷ്യൻഷിപ്പുകാരുടെ ഒരു പരിശീലനകേന്ദ്രവുമാകയാൽ അവിടെ താമസിച്ചു ധ്യാനിക്കുന്നതിനുള്ള സകല സൗകര്യങ്ങളുമുണ്ടു്. പട്ടണത്തിൽനിന്നു ഒരു നാലു മൈൽ അകലെ നെൽപാടങ്ങളാൽ ചുററപ്പെട്ട വിശാലമായ ഒരു സ്ഥലത്താണു് കോളേജ് സ്ഥിതിചെയ്യുന്നതു്. സമീപെ ചെറുകുന്നുകളുമുണ്ടു്. സമുദ്രനിരപ്പിൽനിന്നും 2000 അടി ഉയരമുള്ള അവിടത്തെ കാലാവസ്ഥയും ഞങ്ങളുടെ ധ്യാനദിവസങ്ങളിൽ വളരെ സുഖപ്രദമായിരുന്നു. കാഞ്ഞിരപ്പള്ളി, പാലാ മുതലായ നമ്മുടെ കിഴക്കൻപ്രദേശങ്ങളിൽ തണുപ്പു കൂടുതലുള്ള കൊല്ലങ്ങളിൽ ഡിസംബർ അവസാനം അനുഭവപ്പെടാറുള്ളിടത്തോളം തണുപ്പേ ഉണ്ടായിരുന്നുള്ളു. ധ്യാനക്കാർക്കെല്ലാവർക്കും സകല സജ്ജീകരണങ്ങളോടും കൂടിയ ഓരോ മുറി ഉണ്ടായിരുന്നു. കൂടാതെ ഞങ്ങൾക്കു പത്തൊൻപതുപേർക്കും ഒരേസമയംതന്നെ ദിവ്യബലി അർപ്പിക്കുന്നതിനുള്ള സൗകര്യവും ഉണ്ടായിരുന്നു. പ്രസ്തുത സാഹചര്യങ്ങളാൽ യാതൊരു ക്ഷീണവും കൂടാതെ ഏകാന്തതയിൽ ഫലപ്രദമായി ധ്യാനിക്കുന്നതിനു ഞങ്ങൾക്കു കഴിഞ്ഞു.

ധ്യാനം നാലാഴ്ചയാണെന്നു പറയപ്പെടുന്നെങ്കിലും ഓരോ ആഴ്ചയുടെ ദിവസത്തിന്റെ എണ്ണത്തിനു വ്യത്യാസമുണ്ടു്. ഞങ്ങൾക്കു മൗലികതത്വങ്ങളെപ്പററിയുള്ള ഒന്നാമത്തെ ആഴ്ച 7 ദിവസവും നമ്മുടെ കർത്താവിന്റെ രഹസ്യവും പരസ്യവുമായ ജീവിതത്തെക്കുറിച്ചുള്ള രണ്ടാം ആഴ്ച 10 ദിവസവും പീഡാനുഭവത്തെക്കുറിച്ചുള്ള മൂന്നാം ആഴ്ച 5 ദിവസവും ഉയിർപ്പിൻശേഷമുള്ള അവസാന ആഴ്ച 4 ദിവസവും ആയിരുന്നു. 1-ം, 2-ം, 3-ം ആഴ്ചയുടെ അവസാനം രാവിലെ 8 മണിമുതൽ വൈകിട്ടു 8 മണിവരെ ആശ്വാസം അനുവദിച്ചിരുന്നു. അപ്പോൾ ധ്യാനക്കാർ തമ്മിൽ സംസാരിക്കുകയും രണ്ടും മൂന്നും പേർ കൂട്ടമായി പുറമെ നടക്കാൻ പോകുകയും ചെയ്യുകയായിരുന്നു പതിവു്. ദീർഘധ്യാനം കൊണ്ടു ക്ഷീണിക്കാതിരിക്കുന്നതിനു ഈ ആശ്വാസം സഹായിച്ചിട്ടുണ്ടു്.

ദിവസേന ഓരോ മണിക്കൂർ ദീർഘിക്കുന്ന നാലു ധ്യാനവും അരമണിക്കൂർ നേരത്തെ ഉപദേശവും ആയിരുന്നു മുറ. ഇതിനും പുറമെ ഒന്നും രണ്ടും ദിവസം ഇടവിട്ടു് എട്ടൊൻപതു ദിവസം പാതിരാത്രു (രാത്രി 12 മുതൽ 1 വരെ) ഓരോ ധ്യാനവും ഉണ്ടായിരുന്നു. പാതിരാത്രുള്ള ധ്യാനത്തിൽ എല്ലാവരും ചേരണമെന്നു നിർബന്ധമില്ലായിരുന്നു. എങ്കിലും എല്ലാവരുംതന്നെ സംബന്ധിച്ചു.

ഭക്ഷണം യൂറോപ്യൻ രീതിയിലായിരുന്നുവെങ്കിലും അതു പിടിക്കാത്തവർക്കു മററു രീതിയിലുള്ള ഭക്ഷണം ലഭിക്കുന്നതിനു പ്രയാസമുണ്ടായിരുന്നില്ല. അവിടെയുള്ള ഭക്ഷണം അലക്കു മുതലായവയുടെ ചെലവുകൾക്കു അവരുടെ നിയോഗത്തിൽ ഓരോ കുർബാന ചൊല്ലേണ്ട ഭാരമേ ഉണ്ടായിരുന്നുള്ളു.

ധ്യാനത്തിൽ ചില സംഭവങ്ങളൊഴികെ മുൻപു കേട്ടിട്ടില്ലാത്തതായി ഒന്നുംതന്നെ ശ്രവിച്ചില്ലെന്നു പറയാം. എങ്കിലും പഴയ സത്യങ്ങളെത്തന്നെ പലവിധത്തിൽ വിശകലനംചെയ്തു ദീർഘമായി ധ്യാനിച്ചതിന്റെ ഫലമായി മുൻപൊരിക്കലും കണ്ടിട്ടില്ലാത്തവിധം അത്ര വിശദമായും തെളിവായും അവ ഗ്രഹിക്കുന്നതിനും തദനുസരണമുള്ള ദൃഢപ്രതിജ്ഞ ചെയ്യുന്നതിനും സാധിച്ചിട്ടുണ്ടെന്നു സമ്മതിക്കണം. ധ്യാനം കഴിച്ചവരെല്ലാവരും തങ്ങൾക്കു ലഭിച്ച ഒരു അസുലഭഭാഗ്യമായിട്ടാണു അതിനെ കരുതുന്നതു്. തങ്ങളുടെ മററു സഹോദരന്മാർക്കും ഈ ഭാഗ്യം ലഭിക്കുന്നതിനായി അവർ അത്യധികം

## For favours received



Mrs. Mary Sebastian
Trichur



# ചെറുകഥ

## വെള്ളപ്രാവ്

[തൃക്കൊടിത്താനം ചാക്കോ]

ആ ഗ്രാമത്തിന്റെ ലില്ലിപ്പുഷ്പമാണ് "സാജി". ഓമനത്വം നിറഞ്ഞ രണ്ടക്ഷരം. ഗ്രാമത്തിലെ കർഷകരിൽ ആനന്ദത്തിന്റെ വേലിയേററം സൃഷ്ടിക്കുന്ന രണ്ടക്ഷരം. കിരീടം വയ്ക്കാത്ത റാണിയാണ് ആ ബാലിക.

ഒരു കർഷകന്റെ മകൾ—സൗന്ദര്യത്തിന്റെ സാക്ഷാത്കാരം. പട്ടണത്തിലെ യുവതികളുടെ ആർഭാടപൂർണ്ണമായ വേഷവിധാനങ്ങളോ, ദേഹം പൂർണ്ണമായി മറവുചെയ്യാത്ത പരിഷ്കാര സംസ്കാരങ്ങളോ എത്തിനോക്കാത്ത ഒരു ഗ്രാമീണകന്യക. ജീവിതം ഭാരമുള്ള കുരിശായി വിചാരിച്ച് ക്ഷമയോടും സഹനത്തോടും അച്ചടക്കത്തോടുംകൂടി ജീവിക്കുന്ന ഒരു "പഴയകുറ്റ"കാരി പെൺകുട്ടി.

ആ ഗ്രാമീണ അന്തരീക്ഷത്തിലെ വായു ശ്വസിച്ച് ഒരു കൊച്ചുകുടുംബത്തിൽ ആ അനർഘകുസുമം മുളയെടുത്തു ജീവിക്കുകയാണ്. ആ കർഷകരുടെ വേദനകൾക്ക് ആശ്വാസം അരുളുന്നതിനു സാജിയുടെ വാക്കുകൾക്കു കരുത്തുണ്ടായിരുന്നു. ആ വാക്കുകളിൽ ദിവ്യമായ എന്തോ ഒളിഞ്ഞിരിപ്പുണ്ടെന്നാണ് ആ കർഷകരുടെ വിശ്വാസം.

ചെറുപ്രായത്തിൽതന്നെ മാതാപിതാക്കന്മാരുടെ ശിക്ഷണത്തിൽ വളർന്നുവന്നിരുന്നു. പുരോഗമനസാഹിത്യത്തിന്റെ പുറംചട്ടയിൽ മയങ്ങിപ്പോകാതിരുന്നതുകൊണ്ടായിരിക്കണം ഒരു മനുഷ്യസ്നേഹിയായി ആർഭാടരഹിതമായി ജീവിതം നയിക്കുവാൻ അവൾ തീരുമാനിച്ചത്. ആ ലില്ലിപ്പുഷ്പത്തിന്റെ നറുമണം മന്ദമാരുതനേററു ദിഗന്തങ്ങളിൽ പരന്നു. "കരിവണ്ടുകൾ" മധു ആസ്വദിക്കുവാൻ പറന്നടുത്തു. പക്ഷെ അവയുടെ ആശകളും പ്രതീക്ഷകളും മൊട്ടിടുകമാത്രം.

സാഹോദര്യത്തിന്റെ മഹത്തായ സന്ദേശം ആ ഗ്രാമത്തിൽ കെട്ടിപ്പടുത്ത്, അങ്ങനെ ലോകം മുഴുവൻ അതിന്റെ കുഞ്ഞലകൾ സൃഷ്ടിക്കുവാൻ തക്ക അറിവും കരുത്തും ആ വെള്ളപ്രാവിന്റെ മുഖത്തു പതഞ്ഞൊഴുകുന്നുണ്ടായിരുന്നു. ആ ഒഴുക്കിനെ തടഞ്ഞുനിർത്തുവാൻ ഒരു കരിങ്കൽച്ചിറയ്ക്കുപോലും സാദ്ധ്യമല്ലായിരുന്നു. അത്ര ഉറച്ച ക്രിസ്തീയവിശ്വാസത്തിലാണ് അവൾ വളരുന്നത്.

പട്ടണത്തിലുള്ള ഒരു കോൺവെന്റിൽ അവൾ വിദ്യ അഭ്യസിച്ചുപോന്നു. പണത്തിന്റെ വില ശരിക്കു മനസ്സിലാക്കിയിരുന്ന ചുററുപാടിൽ വളർന്നുവന്നതിനാൽ ഹിസ്സും വയസ്സും നഷ്ടപ്പെടുത്തിയിട്ടില്ല.

അച്ചടക്കത്തിൽ വളർന്നുവന്ന സാജിയിൽ ചില പരിഷ്കാരിമഹിളകൾക്കു അസൂയകൾ തോന്നിത്തുടങ്ങി. സൗകര്യം കിട്ടുമ്പോഴൊക്കെ അവർ സാജിയെ പരിഹസിച്ചുതുടങ്ങി.

പക്ഷേ അവരുടെ ഇടുങ്ങിയ മനഃസ്ഥിതിയിൽ സാജി സഹതപിച്ചു. ശത്രുക്കളെ സ്നേഹിക്കുക എന്ന ദിവ്യസന്ദേശം അവൾ അവളുടെ ജീവിതത്തിൽ കൂട്ടികാണിച്ചുകൊടുത്തു. മരണാസന്നനായി കുരിശിൽ തൂങ്ങിക്കിടക്കുന്ന അവസരത്തിൽ ക്രിസ്തു മനുഷ്യരാശിയോടാകമാനം വിളിച്ചറിയിച്ച മഹനീയ ഉപദേശം സാജിക്കു സമാധാനം അരുളി.

നൂറുകണക്കിനു മനുഷ്യസ്നേഹികൾ ചക്രവാളത്തിനപ്പുറമുള്ള ലോകത്തിൽ പാറിയെത്തിയ ചരിത്രം അവളെ കോൾമയിർ കൊള്ളിച്ചു. വിശുദ്ധന്മാരുടെ രക്തം വീണു കുതിർന്ന മണൽത്തരികൾ രചിച്ച ചരിത്രത്തിന്റെ ഏടുകൾ സാജി തപ്പിത്തടഞ്ഞു. അവരുടെ കാൽച്ചുവടുകളെ അനുഗമിക്കുവാൻ അവൾ ദൃഢപ്രതിജ്ഞ ചെയ്തു.

ഓരോ ദിവസം ചെല്ലുന്തോറും സാജിയുടെ വിശ്വാസത്തിനു സ്ഥിരതയും ദാർഢ്യവും ഉണ്ടായിത്തുടങ്ങി. പുണ്യവിഥിയുടെ കേന്ദ്രസ്ഥാനത്ത് എത്തുന്നതിനുള്ള ജീവിതം പരിശുദ്ധമായിത്തന്നെ തുടർന്നുകൊണ്ടേയിരുന്നു.

* * *

തികഞ്ഞ അദ്ധ്വാനശീലനായ കറിയാച്ചേട്ടൻ മകളുടെ വിവാഹകാര്യത്തിൽ അല്പം ശ്രദ്ധ ചെലുത്തിത്തുടങ്ങി. തന്റെ പുന്നാരമോൾക്കു അനുരൂപനായ ഒരുവനെ കിട്ടുന്നതിലേക്കു കറിയാച്ചേട്ടൻ പ്രാർത്ഥിച്ചു.


സൗന്ദര്യറാണിയായ സാജിയെ വിവാഹം ചെയ്യുന്നതിനു പലരും ആഗ്രഹിച്ചു. സൗന്ദര്യം മുററിനിൽക്കുന്നിടത്ത് ആഗ്രഹം മുളയെടുക്കുക സാധാരണയാണല്ലോ. പല കുബേരകുമാരന്മാരും ആ ലില്ലിപ്പുഷ്പത്തെ സ്വായത്തമാക്കുവാൻ വെമ്പൽ കൊണ്ടു. നിലവിലിരിക്കുന്ന സ്ത്രീധനസമ്പ്രദായം—വ്യവസ്ഥിതി—സാജിയെ വിവാഹം കഴിക്കണമെന്നു ആഗ്രഹിച്ച പ്രഭുകുമാരന്മാർ മാററിവച്ചു.

കറിയാച്ചേട്ടൻ അവതാളത്തിലായി. പല ഇടപ്രമാണികൾ ആ കൊച്ചുവീട്ടിൽ ദിവസവും വന്നുകൊണ്ടിരുന്നു. പരിചയമുള്ള പണക്കാരുടെ മുഖത്തു നോക്കിക്കുകയില്ല എന്നു തീർത്തുപറയുന്നതിനുള്ള തന്റേടം ആ മുപ്പത്തൊഴുകാരനില്ലായിരുന്നു. ദിവസങ്ങൾ മറിയുന്തോറും കറിയാച്ചേ

ആഗ്രഹിക്കയും ചെയ്യുന്നുണ്ട്.

ആവശ്യക്കാരായി ഒരു പത്തു പന്ത്രണ്ടുപേരെയെങ്കിലും ലഭിക്കുന്നപക്ഷം അടുത്ത കൊല്ലവും ധ്യാനം നടത്താൻ അവർക്ക് ഒരുക്കമാണെന്നാണ് അറിവ്. ആവശ്യക്കാരും സൗകര്യവുമുണ്ടെങ്കിൽ തെക്കെങ്ങാനും സ്കൂളിനും കോളെജിനും ഒഴിവുള്ള ഏപ്രിൽ-മേയിൽ ധ്യാനം നടത്തുമെന്നു പ്രതീക്ഷിക്കാം. സിററഡാറിലെ പോലുള്ള സൗകര്യം വേറെ എവിടെയെങ്കിലും ഉണ്ടാകുമോ എന്നു സംശയമാണ്. അഞ്ചുദിവസത്തെ യാത്ര—നാലു രാത്രിയും രണ്ടു പകലും—തീവണ്ടിയിൽതന്നെ കഴിച്ചുകൊണ്ട് അവിടെ എത്താം. മൂന്നാംക്ലാസിൽ യാത്ര ചെയ്യുന്നപക്ഷം 150-നും 200-നും രൂപായ്ക്കു മദ്ധ്യേയുള്ള ചെലവേ ഉണ്ടാകയുള്ളു. മുൻകൂട്ടി റിസർവ്വു ചെയ്യുന്നപക്ഷം ഇപ്പോൾ തേഡ്ക്ലാസ്സ് യാത്ര സുഖപ്രദമാണ്. ധ്യാനംകൊണ്ടുണ്ടാകുന്ന ഫലം നോക്കിയാൽ ആ ചെലവും ബുദ്ധിമുട്ടും ഒട്ടും അധികമല്ലെന്നു ഖണ്ഡിതമായി പറയാം. എല്ലാ വൈദികരും പ്രസ്തുത ധ്യാനം കഴിച്ചുകാണാൻ ആഗ്രഹിക്കുന്നു.


# ജൂബിലേറിയന്മാർക്കു ഭാവുകാശംസകൾ



റവ. ഫാദർ പോൾ എ. ജോർജ്ജ് (എളങ്കുന്നപ്പുഴ)



റൈററ് റവ. മോൺ. തോമസ് നെടുങ്കല്ലേൽ



റവ. ഫാദർ ജോസഫ് പയ്യപ്പിള്ളിൽ (കൊളുവൻ)

പറവൂർ കോട്ടയ്ക്കാവുപള്ളി ഇടവക എളങ്കുന്നപ്പുഴ റവ. ഫാദർ പോൾ എ ജോർജ് അവർകൾ പൗരോഹിത്യം സ്വീകരിച്ചതിന്റെ സുവർണ്ണജൂബിലി ഡിസംബർ 28, 29 തീയതികളിൽ മേലൂർവച്ചു ഭംഗിയായി കൊണ്ടാടിയിരിക്കുന്നു. ആഘോഷമായ തിരുക്കർമ്മങ്ങളും അതോടനുബന്ധിച്ചു പരിമിതമായ തോതിൽ മററു ആഘോഷപരിപാടികളും നടന്നു. ജൂബിലേറിയൻ തന്റെ പ്രശസ്തമായ പൗരോഹിത്യജീവിതത്തിൽ സഭയ്ക്കും സമുദായത്തിനും വേണ്ടി നിർവ്വഹിച്ചിട്ടുള്ള മഹത്തായ സേവനങ്ങൾ വർണ്ണനാതീതങ്ങളാണ്. മാർത്തോമ്മാശ്ലീഹായുടെ പരിപൂതമായ പാദസ്പർശംകൊണ്ടു പാവനവും ചരിത്രപ്രസിദ്ധവുമായ പറവൂർകോട്ടയ്ക്കാവിൽ തൽസ്ഥാനത്തിനനുയോജ്യമായ തലയെടുപ്പോടുകൂടി ഉയർന്നുനില്ക്കുന്ന മനോഹരവും ബ്രഹ്മാണ്ഡവുമായ ദേവാലയം അദ്ദേഹത്തിന്റെ ഭാവനയുടേയും നിസ്തന്ദ്രപരിശ്രമങ്ങളുടേയും പ്രകടോദാഹരണമാണ്. തന്റെ സ്വന്ത ഇടവകയായ പറവൂർ കോട്ടയ്ക്കാവുപള്ളിയിൽ പല പ്രാവശ്യം നീണ്ട വർഷങ്ങൾ അദ്ദേഹം വികാരിയായി ഭരിച്ചിട്ടുണ്ട്. കൂടാതെ ആലുവാ സ്കൂൾമാനേജർ, പറവൂർ മുനിസിപ്പൽ പ്രസിഡന്റു മുതലായ സ്ഥാനങ്ങൾ സ്തുത്യർഹമായ അദ്ദേഹത്തിന്റെ സേവനരംഗങ്ങളാണ്. അനാരോഗ്യംമൂലം വിശ്രമിക്കുന്ന അദ്ദേഹം ഇപ്പോഴും അനൗദ്യോഗികമായ പല കാര്യങ്ങളും ഊർജ്ജസ്വലമായി നിർവ്വഹിച്ചുകൊണ്ടാണിരിക്കുന്നത്. അദ്ദേഹത്തിന്റെ ഈ ജൂബിലിമഹം തുടർന്നു ആയുരാരോഗ്യവാനായി തന്റെ പ്രശസ്ത സേവനങ്ങളെ തുടരുന്നതിനുവേണ്ട അനുഗ്രഹങ്ങൾ സിദ്ധിക്കുന്നതിനുള്ള അവസരമായിത്തീരട്ടെ!

അങ്കമാലി വിൻസൻഷ്യൻ ആശ്രമത്തിൽ ചേർന്നു സന്യാസജീവിതം നയിച്ചുപോരുന്ന റൈററ് റവ. മോൺ. തോമസ് നെടുങ്കല്ലേൽ അവർകൾ പൗരോഹിത്യം പ്രാപിച്ചിട്ടു 50 കൊല്ലം തികയുന്ന സുവർണ്ണജൂബിലിമഹം മഹം പ്രമാണിച്ച് 1955 ഡിസംബർ 27-ാംനു ചൊവ്വാഴ്ച ആശ്രമക്കപ്പേളയിൽ രാവിലെ ആഘോഷമായ തിരുക്കർമ്മങ്ങൾ ജൂബിലേറിയന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. ജൂബിലേറിയന്റെ സുഹൃത്തുക്കളായി ഒട്ടുവളരെ വ. അച്ചന്മാരും പല മാന്യന്മാരും ആശ്രമവാസികളും പ്രസ്തുത ആഘോഷങ്ങളിൽ പങ്കെടുത്തു. ജൂബിലേറിയനെ അനുമോദിക്കുന്നതിനായി ഒരു പൊതുയോഗം ചേരുകയും ആശ്രമത്തിലെ സെമ്മിനാരിവിദ്യാർത്ഥികൾ മംഗളപത്രം ജ്ഞാനപുഷ്പമഞ്ജരി മുതലായ ഉപഹാരങ്ങൾ സമർപ്പിക്കുകയും ചെയ്തു. ജൂബിലേറിയൻ അവയെല്ലാം കൃതജ്ഞത രേഖപ്പെടുത്തി മറുപടിപ്രസംഗം നിർവ്വഹിച്ചു. ജൂബിലേറിയന്റെ സുഹൃത്തുക്കളായ വളരെപ്പേർ ആശ്രമത്തിലെത്തി അദ്ദേഹത്തോടുള്ള കടപ്പാടുകളും ഭക്ത്യാദരങ്ങളും രേഖപ്പെടുത്തുകയുമുണ്ടായി. ജൂബിലേറിയൻ കല്ലൂക്കാട്ട ഇടവകയിൽ ജനിച്ചു. ബാല്യകാലവിദ്യാഭ്യാസം പ്രശസ്തമായി പൂർത്തിയാക്കി വൈദികസെമ്മിനാരിയിൽചേർന്നു 1905-ൽ പുരോഹിതപട്ടം സ്വീകരിച്ചു. ഇടവകഭരണത്തിലും വൈദികവിദ്യാർത്ഥികളുടെ അദ്ധ്യാപനത്തിലും എറണാകുളം അതിരൂപതയുടെ വികാരിജനറാൾ, ഏതാനും കാലത്തെ അഡ്മിനിസ്ത്രേറർ എന്നീ നിലകളിലുള്ള രൂപതാഭരണത്തിലും അതുല്യമായ പാടവം അദ്ദേഹം പ്രകടമാക്കിയിട്ടുണ്ട്. സന്യാസജീവിതത്തോടുള്ള സഹജമായ ആസക്തിയുടെ പ്രചോദനംകൊണ്ടുമാത്രം അദ്ദേഹം ആയുശ്ശേഷം സന്യാസിയായി കഴിച്ചുകൂട്ടുന്നതിനു അനുമതിയും അനുഗ്രഹവും വാങ്ങി വിൻസൻഷ്യൻ ആശ്രമത്തിൽ ചേർന്നിരിക്കുകയാണ്. ബാലദശയിൽ കഴിഞ്ഞുപോരുന്ന അതിരൂപതയിലെ വിൻസൻഷ്യൻ സ്ഥാപനത്തിനു അദ്ദേഹത്തിന്റെ സേവനം അതുല്യമായ ഒരു നേട്ടമായിരിക്കുമെന്നതിൽ സംശയമില്ല. ജൂബിലേറിയൻ നീണാൾ വിരാജിക്കട്ടെ!

1955 ഡിസമ്പർ 26-ാംതീയതി പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ്ണജൂബിലി ഘോഷിച്ച അനുഗൃഹീതനായ ഒരു വന്ദ്യവൈദികനാണ് അകപ്പറമ്പു ഇടവക പയ്യപ്പിള്ളിൽ (കൊളുവൻ) ബ. യൗസേപ്പച്ചൻ അവർകൾ. അതിരൂപതയിൽ പ്രശസ്തമായ പല ഇടവകകളിലും ദീർഘമായ സേവനം അനുഷ്ഠിച്ചശേഷം ഇപ്പോൾ അദ്ദേഹം സ്വന്തം ഇടവകയിൽ താമസിച്ചുകൊണ്ടു അടുത്തുള്ള ഒരു നവീന ഇടവകയുടെ ജോലികൾ നിർവ്വഹിക്കുകയാണ്. ജൂബിലിസംബന്ധിച്ച ആഘോഷങ്ങൾ ഡിസംബർ 26-ാംനു തിങ്കളാഴ്ച അകപ്പറമ്പുപള്ളിയിൽ നിർവ്വഹിക്കപ്പെട്ടു. രാവിലെ ജൂബിലേറിയന്റെ ആഘോഷമായ സുപ്പസ്സകുർബാനയും തുടർന്നു വാഴ്വും "ലാക് ആലാഹാ" എന്ന സ്തോത്രഗീതവും നടന്നു. പൗരോഹിത്യത്തെ പ്രകീർത്തിച്ചും ജൂബിലേറിയനെ അനുസ്മരിച്ചും റവ. ഫാദർ ജോസഫ് വിതയത്തിൽ പ്രസംഗിച്ചു. ജൂബിലേറിയന്റെ അപേക്ഷയനുസരിച്ചു പരിശുദ്ധസിംഹാസനത്തിൽനിന്നും കല്പിച്ചനുവദിച്ച പൂർണ്ണദണ്ഡവിമോചനത്തോടുകൂടിയ ആശീർവ്വാദം ജൂബിലേറിയൻ എല്ലാവർക്കും നൽകി. അനന്തരം നടന്ന അനുമോദനയോഗത്തിൽ മംഗളപത്രങ്ങൾ, ജ്ഞാനപൂക്കെട്ടുകൾ, മററുപഹാരങ്ങൾ ഇവ അകപ്പറമ്പിടവകക്കാരും ഭക്തസംഘടനകളും കൊരട്ടി മുതലായി അദ്ദേഹം ഭരണം നടത്തിയിട്ടുള്ള മററിടവകക്കാരും അദ്ദേഹത്തിനർപ്പിച്ചു. ജൂബിലിസ്മാരകമായി ഒരു കാസായും ഒരു അരുളിക്കായും അദ്ദേഹം പള്ളിക്കു സമ്മാനിച്ചു. ജൂബിലേറിയൻ രണ്ടു പ്രാവശ്യം സ്വന്തഇടവകയിൽതന്നെ ദീർഘകാലം വികാരിയായിരുന്നു പല മഹത്തായ സേവനങ്ങളും അനുഷ്ഠിച്ചിട്ടുണ്ട്. ജൂബിലേറിയൻ നീണാൾ വിരാജിക്കട്ടെ.

ട്ടനിലും ചില്ലറ വ്യാഗ്രഹം അങ്കുരിച്ചുതുടങ്ങി. ആ ഗ്രാമത്തിന്റെ നല്ല ഒരു പങ്കു കൈയടക്കിവച്ചിരിക്കുന്ന ഒരു പണക്കാരന്റെ പൊടിയിട്ടുവിളക്കിൽ കറിയാച്ചേട്ടൻ അകപ്പെട്ടുപോയി.

അവരുമായുള്ള ബന്ധത്തിൽ പലതും പലതും ആ സാധു കർഷകന്റെ ശുഷ്കിച്ച ഹൃദയത്തിൽ രൂപംകൊണ്ടു. ഒരു പുലരിയിൽ തന്റെ ഓമനമകളും തന്റെ മരുമകന്റെ സ്വത്തിനു ഉടമാവകാശി ആയിത്തീരും.

പ്രതീക്ഷയുടെ കൊടുമുടിയിൽ നിന്നുകൊണ്ടു കറിയാച്ചേട്ടൻ ഭാര്യ സാറായെ വിളിച്ചു:-

"സാറാ, നമ്മുടെ സാജിക്ക് ഒരു ഭാഗ്യം തെളിഞ്ഞിരിക്കുന്നു... ഒന്നും കൊടുക്കാതെ അവർ കെട്ടിക്കൊണ്ടുപൊയ്ക്കൊള്ളാമെന്നാണ് പറയുന്നത്......"

"അവരൊക്കെ വല്യ ആളുകളല്ല്യോ? പാവപ്പെട്ട നമ്മളുമായുള്ള ബന്ധം അവർക്കു കുറച്ചിലല്ല്യോ? അതും വി. എ. ക്കാരൻ ചെറുക്കൻ!"

"എടീ... പണത്തേമാത്രം നോക്കിഒന്നുമല്ല...... സ്വഭാവത്തിനാണ് അവർ വില നൽകുന്നത്"...

ഏതായാലും അതു നടന്നാൽ ഒരു ഭാഗ്യം തന്നെയാ... അവൾ ദുഃഖിക്കേണ്ട ഇടവരികയുമില്ല."

"അവൾ സമ്മതിക്കുമോ എന്നെനിക്കറിയാൻവയ്യ ......മഠത്തിൽ പോകുന്നതിനാണ് അവൾക്കു ആഗ്രഹം. ആ കൊച്ചുന്നാളുമുതൽക്കുള്ള ആഗ്രഹമെന്തെങ്ങിനെയാ......"

കറിയാച്ചേട്ടന്റെ ഹൃദയസാമ്രാജ്യത്തിൽ ഒരു ഹൈഡ്രജൻ ബോംബു പൊട്ടിയതുപോലെ അയാൾക്കു തോന്നി.

"എന്തു"... മഠത്തിൽ പോകുമെന്നോ... ?"

കുറച്ചുസമയത്തേക്കു ഒരു നേരിയ നിശ്ശബ്ദത അവരിൽ കളിയാടി.

വീണ്ടും അയാൾ തുടർന്നു: "ആ

ഭാഗ്യം തട്ടിത്തെറിഞ്ഞിട്ട് മഠത്തിൽ പോകുന്നോ......?"

കറിയാച്ചേട്ടൻ മകളെ വിളിച്ചു: "കുഞ്ഞേ, നിന്റെ ആഗ്രഹം തുറന്നുപറയൂ... ഒരു പിതാവിന്റെ അഭിപ്രായത്തിനു എതിരു നില്ക്കുവാൻ പാടില്ല എന്ന സംഗതിമാത്രം ഓർമ്മിച്ചുകൊള്ളൂ..."

സാജിയുടെ കണ്ണുകൾ നിറഞ്ഞു. ഓമനപ്പിതാവിന്റെ മുന്നിൽ അവളുടെ ആഗ്രഹം തുറന്നുപറയുവാനോ....? അവൾ ഹൃദയം നൊന്തു പറഞ്ഞു: "അപ്പാ അറിവായതുമുതൽ എനിക്കുണ്ടായ ഒരാഗ്രഹമാണ്, എനിക്കു മഠത്തിൽ പോകണം......"

"മകളേ, നിന്റെ ആഗ്രഹം നല്ലതുതന്നെ. പക്ഷേ ആ വീട്ടുകാരുമായുള്ള ബന്ധം നീ ഒന്നാലോചിക്കൂ. കൊച്ചുന്നാളിൽ അങ്ങനെയൊക്കെ തോന്നിയെന്നു വരാം... പക്ഷേ ഭാവി...."

ഒഴുകുന്ന കണ്ണുനീരോടുകൂടി വീണ്ടും സാജി പറഞ്ഞു: "പരിശുദ്ധമായ ജീവിതം നയിക്കുവാൻ ഏകാന്തതയാണ് എനിക്കാവശ്യം. ഞാൻ എന്റെ ജീവിതം ആ ക്രൂശിതനിൽ അർപ്പിച്ചുകഴിഞ്ഞു. എന്നെ അങ്ങുന്നാണു ആകർഷിക്കുന്നതു്. എന്റെ ആഗ്രഹത്തിനു കൂട്ടുനിന്നാലും അപ്പാ..."

ഇരുളിന്റെ നീണ്ട കൺകോണുകളിൽ ആ ഗ്രാമവും അടയുവാൻ പോവുകയാണ്. ആ അവസരത്തിൽ തന്റെ ഓമനപ്പുത്രിക്കു ചിന്തിക്കുന്നതിനുള്ള സമയം കൊടുത്തിട്ട് അയാൾ ചിന്താഭാരത്തോടുകൂടി എഴുന്നേറ്റുപോയി.

ആ രാത്രിയിൽ സാജി കൂടുതൽസമയവും പ്രാർത്ഥനയിൽതന്നെ ചിലവഴിച്ചു. പ്രാർത്ഥനയുടെ വില അവൾക്കു നല്ലവണ്ണമറിയാം. ആ കണ്ണുകൾക്കു സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുന്നിൽ ചെല്ലുന്നതിനുള്ള ദീപ്തി ഉണ്ടായിരുന്നു. ഏതു പരീക്ഷണഘട്ടത്തേയും തരണംചെയ്യുവാനുള്ള ശക്തിയോടുകൂടിയായിരുന്നു സാജി ഉണന്നതു്.

ഓരോ ദിനം കഴിയുന്തോറും സ്വർഗ്ഗത്തിന്റെ ഓരോ തട്ടും പറന്നുകയറുന്നതിനു് ആ വെള്ളപ്രാവു പരിശ്രമിക്കുകയാണ്. ചിറകുകൾക്കു കരുത്തും ശക്തിയുമില്ലാതെ ആ കൊച്ചുജീവൻ ചിലപ്പോൾ കുഴയും. പരാജയങ്ങളിൽക്കൂടി വിജയസോപാനത്തിലെത്താം എന്നുള്ള വിശ്വാസം അവൾക്കു കൂടുതൽ പ്രചോദനം നൽകി.

ആ ഗ്രാമനിവാസികളുടെ വേദനയുടെ പകപ്പാണ് ആ കന്യക. അവരുടെ ഓരോ വേദനവും ആ ബാലികയുടെ പാദസ്പർശനമേററു പരിശുദ്ധമായതാണ്. അവരുടെ കണ്ണിലുണ്ണിയാണ് സാജി.

കാലത്തിന്റെ താളുകൾ ഓരോന്നോരോന്നായി മറിഞ്ഞു പൊയ്ക്കൊണ്ടിരുന്നു. കറിയാച്ചേട്ടന്റെ യാഥാസ്ഥിതികത്വം അതിനനുസരിച്ചു വളർന്നുകൊണ്ടേയിരുന്നു. പണത്തിന്റെ ആർത്തിയിൽ മകളെ വില്ക്കുവാൻതന്നെ അയാൾ ഉറച്ചു.

വീണ്ടും അയാൾ മകളെ വിളിച്ചു: "മോളേ സാജി, നീ നിന്റെ അഭിപ്രായത്തിൽനിന്നും മാറുകയില്ല... അല്ലേ. ഞാൻ വാക്കുകൊടുത്തുകഴിഞ്ഞു."

"എന്തു്! അപ്പൻ വാക്കുകൊടുത്തുകഴിഞ്ഞെന്നോ.......?" സാജിയുടെ കണ്ഠമിടറി. "അപ്പാ, അപ്പന്റെ ഓമനപ്പുത്രിയുടെ വിശ്വാസത്തിനെതിരായി ഒരു വിവാഹമോ......? എന്റേയുംകൂടിയായ സ്വാതന്ത്ര്യം ബലികഴിക്കരുതേ......ഈ മകളെ കടലിൽ താഴ്ത്തിക്കൊള്ളുക......എന്നാലും ഒരു വിവാഹം എനിക്കാവശ്യമില്ല."

സാജി തീർത്തുപറഞ്ഞു.

"നീയല്ല അതൊന്നും നിശ്ചയിക്കുന്നതു്" കറിയാച്ചേട്ടന്റെ കണ്ണുകൾ തീക്കട്ടപോലെ ചുവന്നു. ഒന്നുരണ്ടു തീപ്പൊരികൾ പറന്നുകന്നു.

സാജി സ്വപിതാവിന്റെ കാല്ക്കൽ കെട്ടിപ്പിടിച്ചു കരഞ്ഞുകൊണ്ടു പറഞ്ഞു: "എന്റെ ആഗ്രഹത്തിനനുസരണമായി ചെയ്യുന്നില്ലെങ്കിൽ വേണ്ട.......എന്നാലും ഒരു വിവാഹത്തെ ഞാൻ വെറുക്കുന്നു. അഭിമാനത്തോടുകൂടിത്തന്നെ ശേഷിച്ച എന്റെ ജീവിതവും ഈ ഗ്രാമത്തിൽതന്നെ ചിലവഴിച്ചുകൊള്ളാം......"

"അപ്പന്റെ അഭിപ്രായത്തിനൊത്തു നില്ക്കാത്തവൾ മകളോ... ...?"

"അപ്പാ, അങ്ങനൊന്നും പറയരുതേ. എനിക്കവ കേൾക്കുന്നതിനു ശക്തിയില്ല"

"എന്നാൽ അതുതന്നെ ഞാൻ നടത്തും" കറിയാച്ചേട്ടന്റെ അഭിമാനം തിളച്ചുപൊങ്ങി.

"അപ്പാ, ദൈവേഷ്ടം ആർക്കു തിരുമാനിക്കാൻ സാധിക്കും...."

അന്നത്തെ രംഗവും അങ്ങനെ അവസാനിച്ചു.

സാജിയുടെ ഹൃദയം നീറുകയാണ്. അപ്പനേയും അമ്മയേയും വേദനിപ്പിച്ചതിൽ അവൾക്കു വിഷമമുണ്ട്.... എന്തുചെയ്യാം.... അപ്പന്റെ ഹൃദയത്തിനു് അയവുണ്ടാകുന്നതിലേക്കു മുട്ടിപ്പായി പ്രാർത്ഥിച്ചു. അവൾ കെട്ടിപ്പടുത്ത ആ വിശ്വാസസൗധം ഇടിഞ്ഞുവീഴുമോ എന്നവൾ ഭയപ്പെട്ടു.

x x x

ഓരോ ദിവസം കഴിയുന്തോറും സാജി കൂടുതൽ ക്ഷീണിതയായി കാണപ്പെട്ടു. ആ മാതൃഹൃദയം ആവുന്നതു ശ്രമിച്ചു....പക്ഷേ സാജിയുടെ ഉറച്ച വിശ്വാസത്തിന്റെ മുന്നിൽ ആ മാതാവു തല കുനിച്ചു.

ആ ലില്ലിപ്പുഷ്പത്തിന്റെ ഇതളുകൾ വാടിത്തളർന്നു: പകലും രാത്രിയും ചിന്താഭാരത്താലും കണ്ണുനീരിനാലും ചിലവഴിച്ചു.

അവളുടെ സൗന്ദര്യം ക്രമേണ അവളോടു യാത്രപറഞ്ഞു. എഴുന്നേറ്റുനടക്കുന്നതിനുപോലും ശക്തിയില്ലാതെ കിടക്കയിൽതന്നെ സമയം ചിലവഴിച്ചു.

ദിനകരൻ അതിവകാഠിന്യത്തോടുകൂടി ജോലികൾ തീർത്തു. മഴ പെയ്യാതെ കൃഷിക്കാർ വിഷമിച്ചു. കൃഷികൾ കരിഞ്ഞുണങ്ങി. അവരുടെ ആശാവല്ലരിയിൽ പുഷ്പിച്ചതെല്ലാം കൊഴിഞ്ഞു. അവരുടെ വേദനകൾക്കു് ആശ്വാസസങ്കേതമായ സാജിയെ അന്വേഷിച്ചു് പലരും വീട്ടിലെത്തി.

അവരുടെ കണ്ണുകൾക്കു ശോഷിച്ച സാജിയെ വിശ്വാസമായില്ല. അവർ കണ്ണുനീർവാർത്തു.

ജീവിതമാകുന്ന നാടകത്തിന്റെ നല്ലൊരുഭാഗം കാണികളുടെ ഹൃദയം കവരത്തക്കരൂപത്തിൽ സാജി അഭിനയിച്ചുകഴിഞ്ഞു.

മരുന്നും മന്ത്രവുമെല്ലാം സൃഷ്ടിയുടെമുൻപിൽ പരാജയപ്പെട്ടു. ആ വെള്ളപ്രാവിനെ ഇനി വേദനിപ്പിക്കാൻ സൃഷ്ടിച്ച തമ്പുരാനു താല്പര്യമില്ല.

കൂടിനില്ക്കുന്ന എല്ലാവരുടേയും മുഖത്തു് വേദനയുടെ നീർച്ചാലുകൾ ഒഴുകുന്നുണ്ടു്. മരണത്തോടു മല്ലിടുന്ന സാജി അവളുടെ മാതാവിനെ വിളിച്ചു. ആ പൊറമ്മയും നില്ക്കുന്നവരോടൊപ്പം പൊട്ടിക്കരയുകയാണ്.

"അപ്പാ ....വാക്കുകൊടുത്തുകഴിഞ്ഞോ......? എന്നോടു ക്ഷമിക്കുമോ......? അപ്പന്റെ സ്നേഹം നിറഞ്ഞ ആ മുഖം ഞാനൊന്നു കാണട്ടെ......"

കൺപോളകളാൽ ചിറകെട്ടി നിർത്തപ്പെട്ട കണ്ണുനീർ തന്റെ ഓമനപ്പുത്രിയുടെ മാറിടത്തിൽക്കൂടി ഒഴുകി. കറിയാച്ചേട്ടനു് ഒന്നുംതന്നെ ശബ്ദിക്കുന്നതിനു കരുത്തില്ലാതെ ഒരു പ്രതിമയെപ്പോലെ മകളെ നോക്കിനിന്നുപോയി. ഓമനമകളെ വേദനിപ്പിച്ചു കഴിഞ്ഞകാലസംഭവങ്ങൾ അയാളോർത്തു. അവളുടെ ജീവനുവേണ്ടി അയാൾ പ്രാർത്ഥിച്ചു

സാജിയുടെ കണ്ണുകൾ തെളിഞ്ഞു. അവൾ ചുറ്റും കണ്ണോടിച്ചു "അമ്മേ......എന്റെ പൊന്നമ്മേ......അപ്പൻ വാക്കുകൊടുത്തോ.......?"

"ഇല്ല മോളെ" മാതാവു സാന്ത്വനപ്പെടുത്തി.

"ഇല്ലന്നോ...!" അവൾ ഹൃദയം പൊട്ടിച്ചിരിച്ചു. ആ കണ്ണുകൾ വീണ്ടും മങ്ങിക്കൊണ്ടിരുന്നു.

"അമ്മേ...എന്റെ ചങ്കു പൊട്ടുന്നതുപോലെ തോന്നുന്നു." കൂടെക്കൂടെ അവൾ ചെറിയ ക്രൂശിതരൂപമെടുത്തു് ആശ്ലേഷിക്കുന്നുണ്ടു്.

ഈ ലോകത്തിൽ അവൾക്കു അഭിനയിച്ചുതീർക്കേണ്ട അവസാനരംഗത്തിന്റെ തിരശീലയും പൊങ്ങിക്കഴിഞ്ഞു.

എല്ലാവരും പൊട്ടിക്കരയുകയാണ്. എങ്ങനെ കരയാതിരിക്കും? പൊടിപടലം നിറഞ്ഞിടത്തുനിന്നും അശുദ്ധത പുരളാതെ വളർന്നുവന്ന ഒരു കന്യകയുടെ വേർപാടിൽ ആ ഗ്രാമം എങ്ങനെ സഹതപിക്കാതിരിക്കും? ആ വെള്ളപ്രാവിന്റെ ജീവൻ അതിന്റെ ഉടയവന്റെ കൈകളിൽ എത്തിച്ചേരുന്നതിലേക്കു പിടയുന്ന രംഗം എങ്ങനെ ഒരു മനുഷ്യഹൃദയം കാണും. കുരുക്കുകൾകൊണ്ടു് കെട്ടുവീണ ഈ ലോകജീവിതവലയത്തിൽനിന്നും എന്നന്നേക്കുമായി പറന്നകലാൻ ശ്രമിക്കുന്ന കാഴ്ച...ഭയങ്കരം...!!

"മോളേ, അപ്പനോടു ക്ഷമിക്കൂ നിന്റെ ജീവനെ പിടിച്ചു ഞെരുക്കിയ ഈ പിതാവിനോടു ക്ഷമിക്കു മോളേ......"

വീണ്ടും സാജിയുടെ കണ്ണുകൾ പ്രകാശിതമായി. "അപ്പാ...എനിക്കുവേണ്ടി പ്രാർത്ഥിക്കണേ... അമ്മേ... ...എന്നോടു പൊറുക്കുമോ.......?"

പരിചയമുള്ള മുഖം തിരിച്ചറിയുന്നതിനുള്ള കണ്ണിന്റെ ശക്തി നിശ്ശേഷം ഇല്ലാതായി. ആ കണ്ണുകളിൽ ഇരുട്ടു താവളമടിച്ചു ...!....നിശ്ശബ്ദത... ...അവസാനമായുള്ള ദീർഘനിശ്വാസം......സാജിയുടെ സംസാരം അവ്യക്തമായിത്തുടങ്ങി.

"അപ്പാ...എ...ന്റെ....ജീവി...അവ...സാ...നി...ച്ചു....നി ങ്ങ...ളെ...വേ... ദനി...പ്പി.... ച്ചു...മ...ക...ളോ....ടു...ക്ഷ...മി ...അപ്പാ... എ...നി...ക്കു ...വേ ണ്ടി...... പ്രാ ...ർത്ഥി............"

സുസ്മേരവദനയായി അവൾ —സാജി—ആ ഗ്രാമത്തോടു യാത്രപറഞ്ഞു പിരിഞ്ഞു. ആ ലില്ലിപ്പുഷ്പം ഇങ്ങിനി വീണ്ടും പുഷ്പിക്കാത്തവണ്ണം യഥാസ്ഥിതികത്വം അതിനെ അറുത്തു താഴെയിട്ടു. ആ വെള്ളപ്രാവു് അതിന്റെ ഉദ്ദിഷ്ടസ്ഥാനത്തേക്കു പാറന്നെത്തി. അതേ, ചക്രവാളത്തിനപ്പുറമുള്ള നിത്യലോകത്തിലേക്കു്. ആ ലോകത്തിൽ സർവ്വസ്വതന്ത്രമായി അതു പാടിപ്പാറന്നു നടക്കട്ടെ.


കമലവിലാസ് വാസനസാമാനങ്ങൾ

ചാന്തു്, കൺമഷി, കളഭം, ദശാംഗം, ചുണ്ണാമ്പു്, നഖപോളിഷ്, ഫെയ്സ് പൗഡർ, ആനന്ദകുസുമം എന്ന വാസനപുകയില ഉണ്ടാക്കുവാനുള്ള തൈലം മുതലായവ.

എല്ലാ സ്ഥലങ്ങളിലും സ്റ്റോക്കിസ്റ്റ്മാരെ ആവശ്യമുണ്ടു്. ക്യാററ്ലോഗിനു് എഴുതുക.

പി. എ. അയ്യർ, കമലവിലാസ്
പരിമള തൊഴിൽശാല, തൃശ്ശൂർ (S. I.)


# അന്ന്—എന്നാൽ ഇന്നോ?

[ററി. എം. കുര്യാക്കോസ് ബി. എ.]

അന്നു് ബേബിച്ചൻ സത്ഗുണസമ്പൂർണ്ണനായിരുന്നു; എന്നാൽ ഇന്നോ?...അറുവഷളൻ. ഇത്ര പെട്ടെന്നുണ്ടായ ഈ പരിവർത്തനത്തിന്റെ കാരണമെന്താണ്? ഹേതുഭൂതരാരാണ് നമുക്ക് ഒന്നാരായുകതന്നെ. ചിലർ അവന്റെ ദുഷിച്ച സ്നേഹിതരിലും അപരർ അവൻ ചെന്നുപെട്ട സാഹചര്യങ്ങളിലും കുററമാരോപിച്ചേക്കാം. അസന്മാർഗ്ഗികളായ സ്നേഹിതന്മാരും വഷളായ സാഹചര്യങ്ങളും ബേബിച്ചന്റെ നാശത്തെ ത്വരിതപ്പെടുത്തി എന്നതിൽ സന്ദേഹമില്ല. എന്നാൽ ബേബിച്ചന്റെ പരിവർത്തനത്തിന്റെ മൂലകാരണം (root cause) ഇതൊന്നുമല്ല. തങ്ങളുടെ കുഞ്ഞോമനയുടെ വാക്കിനു് എതിർവാക്കില്ലാതിരുന്ന ആ പ്രിയപ്പെട്ട അപ്പച്ചനും അമ്മച്ചിയുമാണ് അവരറിയാതെയാണെങ്കിലും ഇന്നു പ്രതിക്കൂട്ടിൽ. "എന്റെ മോനങ്ങനെയൊന്നും ചെയ്യില്ല. അവൻ മറേറവീട്ടിലെ ആ കുരുകുരുത്തംകെട്ടവനെപ്പോലെയൊന്നുമല്ല" എന്ന മാതാപിതാക്കന്മാരുടെ മനസ്ഥിതിയും, സ്വന്തം ചുറുപാടുകൾക്കപ്പുറമുള്ള വിശാലമായ ലോകത്തെപ്പററിയുള്ള തികഞ്ഞ അജ്ഞതയും തിന്മകളെപ്പററി താത്വികമായിപ്പോലുമുള്ള അറിവില്ലായ്മയും, നമ്മുടെ ശുദ്ധാത്മാവിന്റെ പതനത്തിനു കാരണങ്ങളായി. ലോകത്തെപ്പററിയുള്ള ഒരു സാമാന്യജ്ഞാനംപോലും യുവത്വത്തിലേക്കു കാലൂന്നിയ ബേബിച്ചനില്ലായിരുന്നു. തിന്മയെപ്പററി അവൻ അറിഞ്ഞിരുന്നില്ല. യുവത്വം അവനിലങ്കുരിപ്പിച്ച ചില അനുഭവവിശേഷങ്ങളുടെ അർത്ഥം അവനു മനസ്സിലായില്ല. അക്കാലഘട്ടത്തിലുളവായ ജിജ്ഞാസയ്ക്കും സംതൃപ്തി സംജാതമാകേണ്ടിയിരുന്നു. അവന്റെ സർവ്വസ്വവുമായ മാതാപിതാക്കളിലേക്കു് അവൻ ഉപദേശത്തിനായി ഉററുനോക്കി. എന്നാൽ അവർ മൗനം—കുററകരമായ മൗനം എന്നുതന്നെ പറയട്ടെ—ഭജിച്ചതേയുള്ളൂ. ആ ജിജ്ഞാസു മാതാപിതാക്കന്മാരിൽനിന്നും കണ്ണെടുത്തുകളഞ്ഞു. ആ കാലഘട്ടത്തിലാണു "സർവ്വജ്ഞരെന്ന" നിലയിൽ സ്നേഹിതർ അവനെ വലയം ചെയ്തതു്. ബേബിച്ചനു് അവർ ബുദ്ധിയുപദേശിച്ചു. അതായിരിക്കാം ശരിയായ ജീവിതവ്യാഖ്യാനം എന്നു തോന്നിത്തുടങ്ങിയ യുവാവു് അപഥത്തിലായി. അധികകാലതാമസമെന്യേ ദൈവമായ ഈശോയുടെ അൾത്താരയിങ്കൽ ശുശ്രൂഷചെയ്യുവാൻ വെമ്പൽ പൂണ്ടിരുന്ന ആ പാവനപാണികൾ കാമത്തിന്റെ കോവിലിൽ നാശത്തിന്റെ ദേവതയെ പൂവിട്ടു പൂജിക്കുവാൻ തുടങ്ങി.

അല്ലയോ മാതാപിതാക്കന്മാരേ തോമസ്സിന്റേയും മേരിയുടേയും അനുഭവം നമ്മളുടേതാകാതിരിപ്പാൻ, ബേബിച്ചന്റെ പരിവർത്തനം നമ്മുടെ ഓമൽസന്താനങ്ങൾക്കുമുണ്ടാകാതിരിപ്പാൻ കാലേക്കൂട്ടി കരുതിക്കൊള്ളുക. പ്രിയപ്പെട്ട കുഞ്ഞുങ്ങൾക്കു് കാലാകാലങ്ങളിൽ ജീവിതത്തേയും ജീവൽപ്രശ്നങ്ങളേയും പററിയുള്ള സന്ദർഭാനുസരണവും, വിവേചനാപൂർവ്വകവുമായ ഉപദേശങ്ങൾ നൽകുവാൻ മാതാപിതാക്കന്മാർ വിമുഖത പ്രദർശിപ്പിക്കുന്നതു് അക്ഷന്തവ്യമായ ഒരു അപരാധമായിരിക്കും. മാതാപിതാക്കന്മാർ തങ്ങളുടെ അജ്ഞതയുടെ മറവിൽ കർത്തവ്യനിർവ്വഹണത്തിൽനിന്നും രക്ഷനേടാമെന്നു കരുതുന്നുവെങ്കിൽ അതും വെറും മൗഢ്യമാണ് ഈ ഇരുപതാംനൂററാണ്ടിൽ. ശിശുക്കൾക്കും, യുവാക്കൾക്കും, യുവതികൾക്കും, അമ്മമാർക്കും, പിതാക്കന്മാർക്കും കാലത്തിന്റെ ഗതിവിഗതികൾക്കനുസൃതം സാദരോപദേശം നടത്തുന്ന കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ ഇന്നു സുലഭമായ വിലയ്ക്കു സുലഭമാണ് ഇപ്പോൾ. അമൂല്യമായ ഈ കടമയെ നിസ്സാരമാക്കി തള്ളിക്കളയുകയോ, ഉപേക്ഷമൂലം നിവർത്തിക്കാതെയിരിക്കുകയോ ചെയ്യുന്ന മാതാപിതാക്കന്മാർ കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കാതെ കാലം കഴിച്ചുകൂട്ടുകയാണ്. സർവ്വശക്തനായ ദൈവം അങ്ങേ അനന്തമായ അനുഗ്രഹത്താൽ നമുക്കു നൽകിയിരിക്കുന്ന, വേണ്ടവിധം പരിരക്ഷിച്ചു് തിരിച്ചേല്പിക്കുവാനായി ഭരമേല്പിച്ചിരിക്കുന്ന അനർഘനിക്ഷേപങ്ങളാണ് നമ്മളുടെ കുഞ്ഞോമനകൾ എന്ന കാര്യം ലോകവ്യാപാരങ്ങളുടെ തിരക്കിൽപെട്ടു് വിസ്മൃതിയിലാണ്ടുപോകുവാനിടയാകാതിരിക്കട്ടെ. ലൗകികബന്ധങ്ങളിൽനിന്നെല്ലാം വിമുക്തരായി നമ്മുടെ കണക്കുപുസ്തകങ്ങളുമായി നീതിതന്നെയായ വിധികർത്താവിന്റെ മുമ്പാകെ നിറുത്തപ്പെടുമ്പോൾ "ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽനിന്നകന്നുപോകുവിൻ" എന്ന ശാപവാക്യം നമുക്കായി ഉച്ചരിക്കപ്പെടുവാൻ നമ്മുടെ ആനന്ദമായ ഓമനസന്താനങ്ങൾ കാരണമാകാതിരിക്കുന്നതിനായി അനുഗ്രഹത്തിന്റെ ഈ നാളുകളിൽ നമുക്കു് ശ്രദ്ധിക്കാം. നമ്മുടെ ഹൃദയപൂർവ്വകമായ അഭിലാഷത്തെ പരമകാരുണികനായ ദൈവം ഫലപ്രാപ്തിയിലെത്തിക്കുമാറാകട്ടെ

ചക്കാലയ്ക്കലെ ബേബിച്ചൻ ഒരു ഓമനത്വംതന്നെയായിരുന്നു. മേരിയുടേയും തോമസ്സിന്റേയും പ്രഥമസന്താനമായിരുന്നു അവൻ. ആ മാതാപിതാക്കന്മാരുടെ അഭിമാനമായിരുന്നു ആ കോമളാകാരൻ. ബേബിച്ചന്റെ വാക്കിനു് എതിർവാക്കുണ്ടായിരുന്നില്ല ആ പ്രിയപ്പെട്ട അപ്പച്ചനും അമ്മച്ചിക്കും. അവൻ ഇടവകവക സ്കൂളിലെ ഭക്തസഖ്യങ്ങളുടെയെല്ലാം നെടുംതൂണായിരുന്നു. സഹപാഠികൾക്കും അദ്ധ്യാപകർക്കും അവൻ സർവ്വദാ ആദരണീയനും, അവരുടെയെല്ലാം സ്നേഹഭാജനവുമായിരുന്നു. ബേബിച്ചൻ സുഹൃത്തുക്കളിൽ പലരുടേയും കണ്ണിൽ ഒരു കൊച്ചുമാലാഖാതന്നെയായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ബേബിച്ചൻ തിരുവനന്തപുരത്തു് സർവ്വകലാശാലാവിദ്യാഭ്യാസമാരംഭിച്ചു. കാലം കടന്നുപൊയ്ക്കൊണ്ടിരുന്നു ആരുടേയും ഗണ്യമാക്കാതെ.

നാലുവർഷങ്ങൾക്കുശേഷം ബി. എ. പരീക്ഷയ്ക്കു സെലക്ഷൻപോലും കിട്ടാതെ മടങ്ങുന്ന ബേബിച്ചനെയാണ് നാം കാണുന്നതു്. ബേബിച്ചൻ ഇപ്പോൾ യുവത്വത്തിന്റെ പലേ പടികളും കയറിക്കഴിഞ്ഞു. അതോടൊപ്പം ആദ്ധ്യാത്മികനാശത്തിലേക്കുള്ള അനേകം പടവുകൾ ഇറങ്ങിയും കഴിഞ്ഞിരുന്നു. ...

സ്കൂൾവിദ്യാഭ്യാസം കഴിഞ്ഞു് സകലരുടേയും അനുഗ്രഹാശിസ്സുകളോടുകൂടി കോളേജുവിദ്യാഭ്യാസത്തിനു ഇറങ്ങിത്തിരിച്ച ആ കോമളകുമാരൻ കോളേജിൽനിന്നും തിരിയെ വരുന്നതോ, വീട്ടിനും നാട്ടിനും ശാപമായിട്ടു്. അശുദ്ധത എന്തെന്നറിഞ്ഞിട്ടില്ലാതിരുന്ന ബേബിച്ചൻ മടങ്ങിയെത്തിയതു് അശുദ്ധതതന്നെയായിട്ടാണു്. വെള്ളത്തിലേക്കെറിയപ്പെട്ടഎരിഞ്ഞുകൊണ്ടിരുന്ന സിഗററുകുററിയുടെ അനുഭവമാണു് മതവിരോധമാകുന്ന വിശാലജലപ്പരപ്പിനെ സ്പർശിച്ച ബേബിച്ചന്റെ ജാജ്വല്യമാനമായിരുന്ന ദൈവസ്നേഹാഗ്നിക്കുമുണ്ടായതു്. നാലുവർഷങ്ങൾക്കപ്പുറം വീട്ടിൽനിന്നും ഇറങ്ങിത്തിരിച്ച ആ മാലാഖാക്കുഞ്ഞു് ഇന്നു ലൂസിഫറിന്റെ "അളിയ"നായിട്ടാണു് തിരിച്ചെത്തിയിരിക്കുന്നതു്. ഇന്നു് ആ മുഖത്തെ അലങ്കരിക്കുന്നതു് സ്റ്റാലിൻമീശയാണു്. അന്നു് ആ മുഖത്തുണ്ടായിരുന്ന നറുംപുഞ്ചിരി ഇന്നവിടില്ല. സിഗററിന്റെ കറപിടിച്ചു് ആ ചെമന്ന ചുണ്ടുകൾ കരിഞ്ഞുപോയിരുന്നു.

ഈ നാലുവർഷക്കാലത്തിനിടയ്ക്കു എന്താണു് സംഭവിച്ചതു് എന്നറിയുവാൻ പലർക്കും ജിജ്ഞാസയുണ്ടായി. തിരുവനന്തപുരത്തു ചെന്ന ശുദ്ധാത്മാവായ ബേബിച്ചനെ—സുന്ദരനും ധനവാനുമായ ബേബിച്ചനെ—സഹർഷം സ്വാഗതംചെയ്യുതും സ്വീകരിച്ചതും ഒരുസംഘം നലംതികഞ്ഞ "തെമ്മാടി"കളായിരുന്നു. അവർക്കു അധികനാൾ വേണ്ടിവന്നില്ല ആ നിഷ്കളങ്കഹൃദയനെ "മാമ്മോദീസാ"മുക്കി അവരുടെ സംഘത്തിൽ ചേർക്കുവാൻ. കണ്ടിട്ടും, കേട്ടിട്ടും, വിചാരിച്ചിട്ടുപോലുമില്ലാതിരുന്ന പല നവീനലോകങ്ങളിലും അവർ അവനെ കൊണ്ടുചെന്നു പരിചയപ്പെടുത്തി. "ഈവനിംഗ് വാക്കി"നിറക്കമായി. നാലുംകൂടിയ കവലയിൽ സ്ഥിരം കാവൽക്കാരനായി. പലേ ചെരിപ്പുകളും "റിസോള്"ചെയ്യിക്കേണ്ടിവന്നു ഈവനിംഗ് വാക്കിന്റെ കടുപ്പംമൂലം. പാളയത്തും, പാലയിലും, വിമൻസ് കോളേജ് ജംക്ഷനിലും, പേട്ടയിലും, വേളിയിലും ബേബിച്ചൻ നടത്തിയിട്ടുള്ള നാലുവർഷക്കാലത്തെ "കറക്കങ്ങൾ" വൃത്താകൃതിയിലല്ലായിരുന്നുവെങ്കിൽ കാൽനടയായി ഡൽഹിയിലെത്തി നെഹ്റുവിനെ കണ്ടു് നിവേദനം നടത്തി മടങ്ങുവാൻപോരുന്നവയായിരുന്നു. രാത്രി "സെക്കൻറു് ഷോ"യ്ക്കു പോകുക പതിവായി. പള്ളിയിൽപോകുക് അനാവശ്യമായി കരുതിത്തുടങ്ങി. പക്ഷെ പെരുന്നാൾദിവസം സ്നേഹിതരുമൊന്നിച്ചുള്ള പള്ളിപ്പരിസരങ്ങളിലെ "റൗണ്ട്ഡിനു" മുടക്കമില്ല. അതു ഉത്സവസ്ഥലത്തുമായി.

## ചരമവാർത്തകൾ

**പൊൻകുന്നം:** സ്ഥലത്തു മണ്ണാംകുഴിയിലായ തോട്ടുങ്കൽ ശ്രീ റ്റി വി ആൻറണി അവർകളുടെ വന്ദ്യമാതാവു് ശ്രീമതി അന്നമ്മ 101-ാമത്തെ വയസ്സിൽ ഡിസംബർ 23-ാംനു നിര്യാതയായി. 24-ാംനു സ്ഥലം തിരുക്കുടുംബദേവാലയസിമിത്തേരിയിൽ പ്രത്യേകം തയ്യാർ ചെയ്തിരുന്ന കല്ലറയിൽ ശവസംസ്കാരം യഥാവിധി നിർവ്വഹിക്കപ്പെട്ടു. അനന്തരം പള്ളിമൈതാനത്തുവച്ചു് 1300-ഓളം സാധുക്കൾക്കു് വിഭവസമൃദ്ധമായ സദ്യയും നൽകുകയുണ്ടായി.

**കല്ലൂർക്കാട്:** ഈ ഇടവക വട്ടക്കുഴിയിൽ ചാക്കോ ഭാര്യ മറിയം വാർദ്ധക്യസഹജമായ സുഖക്കേടുമൂലം ഡിസംബർ 16-ാം തിയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. മൃതദേഹം പിറേറദിവസം പല ബ.



സി. അൽഫോൻസായുടെ സഹായത്താൽ ലഭിച്ച അനുഗ്രഹങ്ങൾക്കു് ഉപകാരസ്മരണ.

ഒരു അൽഫോൻസാ ഭക്ത
കാഞ്ഞിരപ്പള്ളി

വൈദികരുടെ സഹകരണത്തിലും ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിലും സംസ്കരിക്കപ്പെട്ടു.

**ഉഴവ:** ചേർത്തല ഉഴവചാത്തപ്പറമ്പിൽ ശ്രീ ഔസേപ്പു് കൊച്ചൗസേപ്പു് 73-ാമത്തെ വയസ്സിൽ ഡിസംബർ 27-ാംനു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പരേതന്റെ പുത്രീപുത്രന്മാരിൽ റവ ഫാദർ വറുഗീസ് ആൻറണി എന്നി വൈദികനും മദർ സ്റ്റെല്ലാ മേരി ബി എ ബി റ്റി എന്ന സഹോദരിയും ഉൾപ്പെടുന്നു. 28-ാം തിയതിയായിരുന്നു ശവസംസ്കാരം. റവ ഫാദർ ജയിക്കബ് പാറയിൽ ചരമപ്രസംഗം ചെയ്തു. പ്രധാന കാർമ്മികനായിരുന്നതു് റവ ഫാദർ വറുഗീസ് ചാത്തപ്പറമ്പനായിരുന്നു. 20 ഓളം വൈദികരുടെയും പല വൈദികവിദ്യാർത്ഥികളുടെയും വിവിധ ഇടവകക്കാരുടെ സമൂഹങ്ങളുടെയും മററും സാന്നിദ്ധ്യത്തിൽ ശവസംസ്കാരം കുന്നുംപുറത്തു പള്ളിസിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു. ഒട്ടനവധി സാധുക്കൾക്കു് അന്നദാനവും ഉണ്ടായിരുന്നു.

**വരാപ്പുഴ:** പരേതനായ തോപ്പിൽ ലാസർ പെരേയിര അവർകളുടെ അണ്ടടിയന്തിരം പ്രമാണിച്ചു് വരാപ്പുഴ സെൻറു് ജോസഫ്സ് ദേവാലയത്തിലെ കർമ്മാദികൾക്കുശേഷം, പരേതന്റെ വസതിയായ സെൻറു് ആൻറണീസ് ബംഗളാവിൽവച്ചു നടന്ന അടിയന്തിരസദ്യയിൽ രണ്ടായിരത്തിൽപ്പരം പേർ സംബന്ധിച്ചിരുന്നു. തത്സംബന്ധമായി അനേകം സാധുക്കൾക്കു മൃഷ്ടാന്നഭോജനവും നൽകുകയുണ്ടായി.

**പരിയാരം:** ഈ പള്ളിഇടവക പോട്ടക്കാരൻ ഉതുപ്പു ഭാര്യ കുഞ്ഞേല്യ 85-ാമത്തെ വയസ്സിൽ ഡിസമ്പർ 17-ാംനു ചരമഗതി പ്രാപിച്ചു. പിറേറദിവസം പല ബ: വൈദികരുടെ സാന്നിദ്ധ്യത്തിലും വമ്പിച്ച ഒരു ജനാവലിയുടെ സഹകരണത്തിലും മൃതദേഹം സംസ്കരിക്കപ്പെട്ടു.

R. I. P.

## പൗരോഹിത്യ രജതജൂബിലികൾ

**ആലപ്പുഴ:** തത്തമ്പള്ളിപള്ളി വികാരി റവ. ഫാദർ ഗ്രിഗരി കാട്ടാമ്പള്ളി അവർകളുടെ പൗരോഹിത്യജൂബിലി ഡിസമ്പർ 20-ാംനു സാഘോഷം കൊണ്ടാടിയിരിക്കുന്നു. ഇടവകക്കാരുടെവക അനുമോദനയോഗത്തിൽ വെരി റവ. മോൺ: റെയിനാൾഡ്സ് ആദ്ധ്യക്ഷംവഹിച്ചു. ശ്രീ വി. ജെ. ചാണ്ടി അനുമോദനപ്രസംഗംചെയ്തു. വിലപിടിച്ച പാരിതോഷികങ്ങളും ജ്ഞാനപുഷ്പമഞ്ജരികളും സമർപ്പിക്കപ്പെട്ടു. ഡിന്നർസല്ക്കാരത്തിൽ ആലപ്പുഴ, കൊല്ലം മെത്രാൻ തിരുമേനിമാരും രണ്ടു മോൺസിഞ്ഞോറന്മാരും 40 ഓളം വൈദികരും സംബന്ധിച്ചു. കൊല്ലംമെത്രാൻ തിരുമനസ്സുകൊണ്ടു് ടോസ്റ്റു പ്രസംഗം നിർവ്വഹിച്ചു. വൈകിട്ടു് സൊഡാലിററിയുടെ ആഭിമുഖ്യത്തിലും അനുമോദനയോഗം നടന്നു. ആഴ്ചട്ടു് സെൻറു് മേരീസ് കാത്തലിക്കു് യൂണിയൻവക പാരിതോഷികസമർപ്പണവും ഉണ്ടായിരുന്നു

**മുഴിക്കുളം:** മുഴിക്കുളം പള്ളി വികാരി റവ ഫാദർ ജോസഫ് അന്നാശ്ശേരി അവർകളുടെ പൗരോഹിത്യരജതജൂബിലി പള്ളിയിൽ ജൂബിലേറിയന്റെ വകയായി നടത്തപ്പെട്ട 12 മണിയാരാധനയോടുകൂടി സമംഗളം കൊണ്ടാടിയിരിക്കുന്നു. ഡിന്നറിൽ മൊററു് റവ. മോൺ: ജോർജ് വല്യാറമ്പത്തു മുതലായ പല പ്രശസ്തവൈദികരും പങ്കെടുത്തു.

**ആലുവാ:** മംഗലപ്പുഴ സെമ്മിനാരിയിലെ സുറിയാനിമല്പാൻ റവ. ഫാദർ ജി. എം. പുത്തൻപുര അവർകളുടെ പൗരോഹിത്യരജതജൂബിലി സെമ്മിനാരിയിൽവച്ചു ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു. ജൂബിലേറിയന്റെ നിസ്തുലസേവനങ്ങളെ കീർത്തിച്ചു് ബ: പ്രൊഫസർമാരുടേയും വൈദികവിദ്യാർത്ഥികളുടേയും പ്രതിനിധികൾ പ്രസംഗിക്കുകയും ജൂബിലേറിയനു ഭാവുകങ്ങൾ നേരുകയുംചെയ്തു.

## വാർഷികയോഗം

മംഗലപ്പുഴ സെമ്മിനാരിയിലെ സാഹിത്യസമാജത്തിന്റെ 41-ാമതുവാർഷികയോഗം കഴിഞ്ഞ 18-ാംനു ഞായറാഴ്ച 10 മണിക്കു റവ ഫാദർ തോമസ് നെടുങ്കല്ലേൽ എം എ ബി ടി യുടെ അദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടി

# വിവിധവൃത്താന്തങ്ങൾ

## മാർപ്പാപ്പാ തിരുമേനി ഡോക്ടർമാരോടു് പ്രസംഗിക്കുന്നു

"ഇൻറർനാഷനൽ അസോസ്സിയേഷൻ ഓഫ് കാത്തലിക്ക് ഡോക്ടേഴ്സ്" എന്ന സംഘടനയുടെ നാമത്തിൽ "ഇററാലിയൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് ജെനിററിക്സ്" ലോകത്തിലെവിടെയുമുള്ള ഡോക്ടറന്മാരേയും "ജൈനക്കോളജിസ്റ്റു" (സ്ത്രീരോഗവിജ്ഞാനികൾ) മാരേയും ജനുവരി 8-ാംനു റോമിൽ വന്നുചേരുന്നതിനു ക്ഷണിച്ചിരിക്കുന്നു. ഇററാലിയൻ കത്തോലിക്കാ പ്രവർത്തനസംഘത്തിന്റെ പ്രസിഡൻറും സർവ്വരാജ്യപ്രശസ്തിയാർജ്ജിച്ചിട്ടുള്ള ഒരു സ്ത്രീരോഗവിദഗ്ദ്ധനുമായ പ്രൊഫസർ ലൂയിജി ടെഡായാണു് ഇൻസ്റ്റിററ്യൂട്ടിനുവേണ്ടി ക്ഷണക്കത്തിൽ ഒപ്പുവച്ചിരിക്കുന്നതു്. അതനുസരിച്ച റോമിലെത്തുന്ന എല്ലാ ഡോക്ടർമാർക്കും അന്നു പരിശുദ്ധപിതാവു ഒരു പരസ്യകൂടിക്കാഴ്ച പ്രത്യേകം അനുവദിക്കുന്നതും പ്രസ്തുത സന്ദർശനവേളയിൽ അവിടുന്നു "വേദനാരഹിതപ്രസൂതി" പ്രശ്നത്തെപ്പററി വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പ്രസംഗം ചെയ്യുന്നതുമാണു്.

## ഇന്ത്യൻ കർദ്ദിനാൾ പേപ്പൽപ്രതിനിധി

ഫെബ്രുവരിമാസത്തിൽ റങ്കൂണിൽവച്ചു നടക്കുന്ന ദിവ്യകാരുണ്യകോൺഗ്രസിൽ പരിശുദ്ധമാർപ്പാപ്പാ തിരുമനസ്സിലെ പ്രതിനിധിയായി ബോംബെ മെത്രാപ്പോലീത്താ അത്യുന്നത കർദ്ദിനാൾ വലേര്യൻ ഗ്രേഷ്യസ് തിരുമേനിയെ നിയോഗിച്ചിരിക്കുന്നു.

## മാർപ്പാപ്പായുടെ ജന്മദിനാഘോഷ പരിപാടികൾ

പരിശുദ്ധപിതാവിന്റെ 80-ാം ജന്മദിനം സമുചിതമായി ആഘോഷിക്കുന്നതിനു കർദ്ദിനാൾസംഘത്തിന്റെ ഡീനായ അത്യുന്നത കർദ്ദിനാൾ ടിസ്സരാങ്ങ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഒരു ആഘോഷക്കമ്മററി അടുത്തുതന്നെ രൂപവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നതായി അറിയുന്നു. 1942-ൽ പരിശുദ്ധപിതാവിന്റെ മെത്രാഭിഷേകരജതജൂബിലി ആഘോഷിക്കുന്നതിനു അന്നു കർദ്ദിനാൾസംഘത്തിന്റെ ഡീനായിരുന്ന കർദ്ദിനാൾ പിഞ്ഞെരത്തെല്ലി ഡി. ബെൽമോണ്ടു തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഇപ്രകാരം ഒരു കമ്മററി രൂപവൽക്കരിക്കപ്പെടുകയുണ്ടായി. പരിശുദ്ധപിതാവു അവിടുത്തെ ജന്മദിനാചരണം ആദ്ധ്യാത്മികപരിപാടികളിലും പാവപ്പെട്ടവരേയും രോഗികളേയും പരിചരിക്കുന്ന കൃത്യങ്ങളിലും കേന്ദ്രീകൃതമായി കാണുവാൻ ആഗ്രഹിക്കുന്നതായി വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു.

## മാർപ്പാപ്പായുടെ "പിറവികുർബാന" പ്രക്ഷേപണം ചെയ്യപ്പെട്ടു

പരിശുദ്ധ മാർപ്പാപ്പാ ക്രിസ്തുമസ് രാത്രിയിൽ അർപ്പിച്ച ദിവ്യബലി വത്തിക്കാൻ റേഡിയോ പ്രക്ഷേപണം ചെയ്തു. ഈ റിയൻറേഡിയോയും അതു റിലേ ചെയ്തു. ബി. ബി. സി. ബൽജിയത്തിലെ ടൌൺവെർലു ആബിയിൽനിന്നു അതു ടെലെവിഷനിലൂടെ പ്രക്ഷേപണം ചെയ്യുകയുണ്ടായി. റവ. ഫാദർ ആഞ്ചലൂസ് ആൻഡ്രൂസ് ഒ. എഫ്. എം. അവർകളാണു് അതിൽ കമൻററിപ്രസംഗം നടത്തിയതു്.

യിരിക്കുന്നു. റവ ചാറത്സ് അഗസ്റ്റിൻ സാമൂഹികസേവനത്തിൽ വൈദികർക്കുള്ള പങ്കിനെക്കുറിച്ചും റവ ജോസഫ് കോയിമ്മാപ്പറമ്പിൽ "ആരാണു കലാകാരൻ?" എന്ന വിഷയത്തെക്കുറിച്ചും സമൃക്കായി ഉപന്യസിച്ചു. അദ്ധ്യക്ഷന്റെ പ്രസംഗത്തിൽ പൂർവ്വികരും അർവ്വാചീനരുമായ കവികളേയും കലാകാരന്മാരേയും എടുത്തു കാണിച്ചു് അവരുടെ കൃതികളെ ഗുണദോഷനിരൂപണംചെയ്തു. 11.30 നു യോഗം സമംഗളം പര്യവസാനിച്ചു.

ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താൽ വിചാരിച്ചകാര്യം സാധിച്ചതിനും, മേലിൽ സാധിപ്പിച്ചുതരുന്നതിനും ഉപകാരസ്മരണ.


ജെ. എൻ. റാവു
എൻ. സി. ജോൺ & സൺസ്
ലിമിററഡ്, ആലപ്പുഴ

## കഥാപ്രസംഗകനു കീർത്തിമുദ്ര

ചെറുതുരുത്തിയിൽവച്ചു നടന്ന കേരളകലാമണ്ഡലത്തിൽ മഹാകവി വള്ളത്തോളിന്റെ മംഗലനമറിയത്തെ അധികരിച്ചു് കഥാപ്രസംഗം നടത്തിയ മി. ജോസഫ് കൈമാപറമ്പനു് ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ ജവഹരിലാൽ നെഹ്റു ഒരു കനകകീർത്തിമുദ്ര സമ്മാനിച്ചിരിക്കുന്നു. കേരളത്തിലെ അദ്വിതീയ കഥാപ്രാസംഗികനാണു കൈമാപറമ്പനെന്ന പ്രസ്താവനയോടെ സർദാർ കെ. എം. പണിക്കർ അദ്ദേഹത്തെ പണ്ഡിററ്ജിക്കു പരിചയപ്പെടുത്തി. തിരുകൊച്ചി പ്രധാനമന്ത്രി ശ്രീ പനമ്പിള്ളിയും ആസ്ഥാനമഹാകവി വള്ളത്തോളും കൈമാപറമ്പനെ മുക്തകണ്ഠം അഭിനന്ദിക്കയുണ്ടായി.

**സൗജന്യവിതരണഫണ്ടു്**

A Benefactor Rs 36—0—0



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസീഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || ERNAKULAM, JANUARY 4 || No. 21


## ലോകസമാധാനവും ജീവിതസൗഭാഗ്യവും

പരിശുദ്ധ മാർപ്പാപ്പാ 12-ാം പീയൂസ് തിരുമേനി ഡിസമ്പർ 24-ാംനു വത്തിക്കാൻറേഡിയോ വഴി അവിടുത്തെ ക്രിസ്തുമസ്സന്ദേശം ലോകത്തിനു മുഴുവനും പ്രക്ഷേപണം ചെയ്യുകയുണ്ടായല്ലോ. 12-ാം പീയൂസ് തിരുമനസ്സുകൊണ്ട് പാപ്പാസ്ഥാനം കൈയേറിട്ട് അനുവർഷം ഈ അവസരത്തെ ലോകത്തിനു മാർഗ്ഗദർശകമായ അനർഘനിർദ്ദേശങ്ങൾ പ്രദാനം ചെയ്യുന്നതിനുപയോഗപ്പെടുത്തിപ്പോന്നിട്ടുണ്ട്. കഴിഞ്ഞകൊല്ലം അവിടുന്നു രോഗശയ്യയിൽ കിടന്നുകൊണ്ടാണ് സന്ദേശം പ്രക്ഷേപണം ചെയ്തതു്. ഓരോ കൊല്ലവും അവിടുന്നു ലോകസംഭവങ്ങളിൽ ഉണ്ടായിട്ടുള്ള വ്യതിയാനങ്ങളെ സസൂക്ഷ്മം ചർച്ചചെയ്ത് സമാധാനത്തിന്റെയും ശാന്തിയുടേയും മാർഗ്ഗങ്ങളെ ബത്‌ലേഹമിന്റെ ആദർശത്തിൽ ലോകത്തിനു കാണിച്ചുകൊടുക്കുകയാണ് ചെയ്യുക. അസ്വസ്ഥമായ ലോകത്തിനു സമാധാനത്തിന്റെ സ്വർഗ്ഗീയസന്ദേശം പകരുക; അതാണല്ലോ ക്രിസ്തുവിന്റെ പ്രതിപുരുഷനായ അവിടുത്തെ ദൗത്യം.

ആധുനികലോകത്തിൽ അടിക്കടി വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന അസ്വസ്ഥതകളുടെ കാരണങ്ങൾ വിവിധങ്ങളാണെങ്കിലും അവയിൽ അഗ്രിമസ്ഥാനത്തു നില്ക്കുന്ന ഒരു പ്രശ്നമാണ് പ്രാചിയും പ്രതീചിയും തമ്മിലുള്ള കിടമത്സരമെന്നു സ്പഷ്ടമാണ്. ലോകത്തിലാകെ ആധിപത്യം കൈയടക്കിയിരുന്ന പാശ്ചാത്യശക്തികൾ ഒരു ചേരിയിലും, നവോത്ഥാനം പ്രാപിച്ച് സ്വാതന്ത്ര്യത്തിൽ കുതിച്ചുയരുന്ന പൂർവ്വരാജ്യങ്ങൾ വേറൊരുചേരിയിലും തിരിഞ്ഞുനിന്നു മത്സരിക്കുകയും അതിനിടയ്ക്കു മൂന്നാമതൊരുകക്ഷി മുതലെടുക്കുകയും ചെയ്യുന്ന ദയനീയസ്ഥിതിവിശേഷമാണ് ഇന്നു നടമാടുന്നതു്. ലോകരാഷ്ട്രങ്ങളുടെ നിർഭാഗ്യകരമായ ഈ നിലപാടിനെ വളരെ വ്യക്തമായ ഭാഷയിൽ പരിശുദ്ധ പിതാവ് ചിത്രീകരിച്ചിട്ടുണ്ട്. അവിടുന്നു പറയുന്നു:- "യൂറോപ്യന്മാരും പരിപൂർണ്ണമായ രാഷ്ട്രീയസ്വാതന്ത്ര്യം അഭിലഷിക്കുന്ന യൂറോപ്യന്മാരല്ലാത്തവരും തമ്മിൽ നിലവിലുള്ള തർക്കവിഷയങ്ങൾ കഴിഞ്ഞ ക്രിസ്തുമസ്സന്ദേശത്തിൽ നാം സൂചിപ്പിച്ചിരുന്നു. ആ തർക്കങ്ങൾ തുടർന്നു വളർന്നുകൊണ്ടിരിക്കുന്നതിനു അനുവദിക്കപ്പെടുകയാണെങ്കിൽ വളരെ എളുപ്പത്തിൽ അതു ഗുരുതരമായിത്തീരുന്നതും, മനുഷ്യഹൃദയങ്ങളിൽ പരസ്പരവിദ്വേഷബീജങ്ങൾ വിതയ്ക്കുന്നതും, അവരിൽ ശത്രുത സംജാതമാക്കുന്നതുമാണ്. ഈ ശത്രുതയിൽനിന്നു ഒരു മൂന്നാംകക്ഷി—മററു കക്ഷികൾ യഥാർത്ഥത്തിൽ അംഗീകരിക്കാത്തതും അംഗീകരിക്കുക സാദ്ധ്യമല്ലാത്തതുമായ ഒരു മൂന്നാംകക്ഷി—മുതലെടുക്കുവാൻ നാം അനുവദിക്കണമോ?"

ഇന്നത്തെ അന്തരീക്ഷത്തിൽ വലിയ ചേരിപ്പാടുണ്ടാക്കിക്കൊണ്ടിരിക്കുന്നതും രാജ്യങ്ങൾതമ്മിൽ ശത്രുതയുണ്ടാകുന്നതിനു വല്ലക്കക്ഷികൾ സ്ഥാനത്തും അസ്ഥാനത്തും കുത്തിപ്പൊക്കിക്കൊണ്ടിരിക്കുന്നതുമായ രാഷ്ട്രീയസ്വാതന്ത്ര്യത്തേയും കൊളോണിയൽവാഴ്ചാപ്രശ്നത്തേയുമാണ് അനന്തരം പരിശുദ്ധ പിതാവ് ന്യായയുക്തമായി വിശകലനം ചെയ്യുന്നതു്. പക്ഷപ്രതിപക്ഷം നോക്കാതെ, സമാധാനമാർഗ്ഗം തുറക്കുന്നതിനു പ്രശ്നത്തെ നേരിടേണ്ട നിർദ്ദേശങ്ങളാണ് ആ ധാർമ്മികസമ്രാട്ട് ഉദീരണംചെയ്യുന്നതു്: "സംഗതികൾ എങ്ങനെയെല്ലാമായിരുന്നാലും, ന്യായയുക്തവും പുരോഗമനപരവുമായ സ്വാതന്ത്ര്യം യാതൊരു ജനതയ്ക്കും നിഷേധിക്കപ്പെടരുതു്. സ്വാതന്ത്ര്യസമ്പാദനശ്രമങ്ങളിൽ അവർ പ്രതിബന്ധിതരാകാതെയുമിരിക്കട്ടെ. അങ്ങനെ ചെയ്താൽ, അവരുടെ പുരോഗതിക്കു നിദാനമായതിന്റെ ബഹുമതി അവർ യൂറോപ്പിനു നൽകുന്നതായിരിക്കും. സർവ്വോൽകൃഷ്ടമായ യൂറോപ്യൻസ്വാധീനശക്തിയില്ലാതിരുന്നാൽ, ഒരുപക്ഷെ, അന്ധമായ ദേശീയവികാരങ്ങളാൽ ആകൃഷ്ടരായി അസമാധാനത്തിലോ അടിമത്തത്തിലോ അവർ നിപതിച്ചേനുവരാം. അതുകൊണ്ടു് പശ്ചിമരാഷ്ട്രങ്ങൾ, പ്രത്യേകിച്ച് യൂറോപ്യൻരാജ്യങ്ങൾ, കഴിഞ്ഞ സംഭവങ്ങളെപ്പററി ഫലശൂന്യമായി ഖേദംപൂണ്ടോ, കൊളോണിയലിസത്തെ സംബന്ധിച്ച് പരസ്പരം കുററാരോപണംചെയ്തോ ഇത്തരം പ്രശ്നങ്ങളുടെമുമ്പിൽ നിശ്ചേഷ്ടരായി നിലകൊള്ളരുതു്. വിവിധഭൂഖണ്ഡങ്ങളിൽ വളരെയേറെ സൽഫലങ്ങൾ പുറപ്പെടുവിക്കുവാൻ കഴിഞ്ഞിട്ടുള്ള യൂറോപ്പിലേയും പാശ്ചാത്യരാജ്യങ്ങളിലേയും വിശിഷ്ടമൂല്യങ്ങൾ അവ പ്രചരിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ പ്രചരിപ്പിക്കുന്നതിനു സൃഷ്ടിപരമായ യത്നങ്ങൾ ചെയ്യണം. യൂറോപ്യന്മാർ എത്ര കൂടുതലായി ഇതിനുവേണ്ടി യത്നിക്കുന്നുവോ, അത്രയധികം പ്രസ്തുത യുവരാഷ്ട്രങ്ങളുടെ സാക്ഷാത്തായ സ്വാതന്ത്ര്യസമ്പാദനത്തിനു അവർ സഹായികളാകുന്നതായിരിക്കും. അവബോധജഡിലമായ ദേശീയബോധത്തിന്റെ വിപൽഗർത്തങ്ങളിൽനിന്നു അവ രക്ഷിക്കപ്പെടും. യഥാർത്ഥത്തിൽ അവയുടെ ശത്രു ഈ വഴിപിഴച്ച ദേശീയാന്ധതയാണ്. അവരെ മററുള്ളവരുമായി ശണ്ഠ പിടിപ്പിക്കുന്നതിനും, തന്മൂലം മൂന്നാംകക്ഷിക്കു മുതലെടുക്കുന്നതിനവസരമാകുന്നതിനും കാരണം അതൊന്നുമാത്രമാണ്."

ആത്മാർത്ഥമായ കൂടിയാലോചനകൾവഴി ഐക്യത്തിനുള്ള ശ്രമങ്ങൾ തുടരണമെന്നും, ആറ്റംബോംബുപരീക്ഷണം മുതലായ ഭയജനകമായ പ്രവർത്തനങ്ങളിൽനിന്നു വിരമിക്കണമെന്നും, ആയുധസംഭരണത്തെ വ്യോമവീക്ഷണംമൂലം പരിശോധിക്കുന്നതിനുള്ള പദ്ധതി ഏർപ്പെടുത്തപ്പെടേണ്ടതാണെന്നും തിരുമേനി അഭിപ്രായപ്പെട്ടു. "ഈവക സംഗതികളിൽ പാശ്ചാത്യരും പൗരസ്ത്യരും തമ്മിൽ ഒരു യോജിപ്പുണ്ടാകുന്നതു് ഭരണകർത്താക്കളുടെ മനസ്സാക്ഷിപരമായ ഒരു ചുമതലയാണ്" എന്നാണ് തിരുമേനി പ്രസ്താവിച്ചതു്.

സമാധാനസ്ഥാപനത്തിനുള്ള ശ്രമത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളെ അനന്തരം തിരുമേനി വിശദീകരിച്ചു:- "സമാധാനം സംസ്ഥാപിക്കുന്നതിനു ഉന്നയിക്കപ്പെടുന്ന നിർദ്ദേശങ്ങളിലെ അപര്യാപ്തതയുടെ കാരണം മിക്കവാറും പരസ്പരമുള്ള അവിശ്വാസമാകുന്നതുകൊണ്ട് നാം കാര്യങ്ങൾ തുറന്നുപറയുകയാണ്. ഈ അവിശ്വാസം തല്പരശക്തികൾതമ്മിലുള്ള ബന്ധത്തെ പലപ്പോഴും അപകടത്തിലാക്കുന്നു. അവർ തമ്മിൽ ഓരോ തരത്തിൽ പരസ്പരം കുററാരോപണംചെയ്തു കഴിയുകയാണ്. മനുഷ്യവർഗ്ഗത്തിന്റെ മുഴുവനും ഭാവിയെ സ്പർശിക്കുന്ന മൗലികമായ ഒരു കാര്യത്തിൽ ആത്മാർത്ഥതയില്ല എന്നുള്ളതാണ് ആരോപണം. സമാധാനത്തിനുവേണ്ടിയുള്ള യത്നങ്ങൾ യുദ്ധസാദ്ധ്യതയെ നിയന്ത്രിക്കുന്നതിനുമാത്രം ലക്ഷ്യമാക്കിയുള്ളതായാൽ പോരാ, പ്രത്യുത കൂടുതലായി അതു യുദ്ധത്തിനു കാരണമായിത്തീരാവുന്ന ജനതകൾതമ്മിലുള്ള സംഘട്ടനങ്ങളെ മുൻകൂട്ടി കാണുന്നതിനും, അവയെ ഇല്ലാതാക്കുന്നതിനും, സമാധാനം സ്ഥാപിക്കുന്നതിനും ലക്ഷ്യംവച്ചുള്ളതായിരിക്കണം."

ലോകസമാധാനത്തിനു ഏററം വലിയ വിപത്തായി നിലകൊള്ളുന്ന കമ്മ്യൂണിസത്തെപ്പററി തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു:- "ക്രിസ്തീയസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ, ഒരു സാമൂഹികപദ്ധതിയെന്ന നിലയിൽ കമ്മ്യൂണിസത്തെ നാം എതിർക്കുന്നു. സ്വാഭാവികനിയമത്തിന്റെ മൗലികതത്വങ്ങളെ പ്രത്യേകം ഊന്നിപ്പറയേണ്ടതു ആവശ്യകമായി നാം കരുതുന്നു. അതുകൊണ്ടു് കമ്മ്യൂണിസത്തെ ഇന്നത്തെ ഒരു പ്രതിഭാസമായോ, ചരിത്രത്തിന്റെ പുരോഗമനമാർഗ്ഗത്തിലുള്ള ഒരു ഘട്ടമായോ, ചരിത്രത്തിലെ വിപ്ലവപരമായ ഒരു പരിതസ്ഥിതിയായോ ക്രിസ്ത്യാനികൾ പരിഗണിക്കണമെന്നും, ദൈവികാനുശാസനമെന്നപോലെ അതിനെ കണക്കാക്കണമെന്നുമുള്ള അഭിപ്രായഗതിയെ നാം നിഷേധിക്കുന്നു. മുദ്രാവാക്യങ്ങളിൽ അധിഷ്ഠിതമായ ഒരു കമ്മ്യൂണിസ്റ്റുവിരുദ്ധതകൊണ്ടോ, സത്തയില്ലാത്ത ഒരു സ്വാതന്ത്ര്യാദർശത്തെ സംരക്ഷിക്കുന്നതുകൊണ്ടോ ക്രിസ്ത്യാനികൾ തൃപ്തരാകരുതു്. യഥാർത്ഥ മനുഷ്യസ്വഭാവത്തെ പ്രതിഫലിപ്പിക്കുന്ന ധാർമ്മികക്രമത്തിൽ മനുഷ്യന്റെ സുരക്ഷിതത്വം അധിഷ്ഠിതമായിരിക്കുന്ന ഒരു സാമൂഹികക്രമത്തെയാണ് അവർ കെട്ടിപ്പടുക്കേണ്ടതെന്നു നാം ഉൽബോധിപ്പിക്കുന്നു."

ഇന്നത്തെ വ്യാവസായികലോകത്തിൽ "ഉല്പാദനസമൂഹം"മാത്രമാണ് ജനസമുദായത്തിന്റെ ഏകസജീവയാഥാർത്ഥ്യമെന്നും, അതു മതത്തിനുപകരമുള്ള ഒരു സബ്സ്റ്റിററ്യൂട്ടാകണമെന്നുമുള്ള ആശയത്തിലടങ്ങിയിരിക്കുന്ന ആപത്തിനെപ്പററി മാർപ്പാപ്പാ മുന്നറിയിപ്പു നൽകുകയുണ്ടായി. വേലയുടെ പരിഗണനയെപ്പററിയുള്ള അതിവർണ്ണനത്തെയും അവിടുന്നു പരാമർശിച്ചു:- "തൊഴിലിന്റെ സൃഷ്ടിപരമായ ശക്തി, കേവലം സാങ്കേതികമല്ലാത്ത മററു മൂല്യങ്ങളിൽനിന്നു വ്യതിരിക്തമായി പരിഗണിച്ചാൽ മനുഷ്യന്റെ അചഞ്ചലമായ ഒരു താങ്ങായിരിക്കുമോ, തന്മൂലം ആധുനികമനുഷ്യനാൽ അതു ആരാധിക്കപ്പെടണമോ എന്നതാണ് പ്രശ്നം. തീർച്ചയായും അല്ല എന്തുകൊണ്ടെന്നാൽ യാതൊരു ശക്തിയേയോ, സാങ്കേതികമാത്രസ്വഭാവത്തോടുകൂടിയ യാതൊരു പ്രവർത്തനത്തെയോ അപ്രകാരം പരിഗണിച്ചുകൂടാത്തതാണ്. ഇന്നത്തെ മാനവസമുദായം സംസ്കൃതവും, സുശക്തവും, ബലവത്തും, സുരക്ഷിതത്വത്തിലും സമാധാനത്തിലും അധിഷ്ഠിതമായ ഭൗതികസൗഭാഗ്യത്തിനു കൂടുതൽ അർഹവുമായിരിക്കുന്നുണ്ട്. എന്നാൽ "ദൈവത്തിനും അവിടുത്തെ ക്രിസ്തുവിനുംവേണ്ടി" എന്ന അത്യുന്നതവും, അതിസ്വാഭാവികശക്തിയുള്ളതുമായ ആദർശത്തിനു് അവരുടെ പദ്ധതികളിലും സംവിധാനങ്ങളിലും സ്ഥാനമനുവദിക്കാത്ത പക്ഷം, ആ സൗഭാഗ്യം യഥാർത്ഥമായി ആസ്വദിക്കുന്നതിനു സാദ്ധ്യമല്ല."

ലൗകായതികത്വത്തിന്റെ ആഞ്ഞൊഴുക്കിൽപ്പെട്ട് ആദ്ധ്യാത്മികമൂല്യങ്ങളെ അവഗണിച്ച് ഭൗതികമാത്രമായ സൗഭാഗ്യാനന്ദങ്ങൾക്കുവേണ്ടി നിരർത്ഥകമായി കേഴുന്ന മാനവവംശത്തിനു അതിന്റെ പരമലക്ഷ്യത്തെ വിശദമാക്കിക്കൊടുക്കുന്നതിനും, അതു സ്വായത്തമാക്കുന്നതിനുള്ള സമ്യക്കായ മാർഗ്ഗങ്ങളെ നിർദ്ദേശിക്കുന്നതിനുമാണ് ഈ ക്രിസ്തുമസ്സന്ദേശത്തിൽ പരിശുദ്ധ മാർപ്പാപ്പാ ശ്രമിച്ചിരിക്കുന്നതു്. വ്യക്തികളും സമുദായങ്ങളും രാഷ്ട്രങ്ങളും ഏകമതിഭാവത്തോടുകൂടി അതിനുവേണ്ടി പരിശ്രമിക്കുകയാണെങ്കിൽ "ലോകത്തിൽ സന്മനസ്സുള്ളവർക്കു സമാധാന"മെന്നു ക്രിസ്തുവിന്റെ ജനനത്തിൽ വാനാരൂപികൾ ആശംസിച്ച ശാന്തിപ്രദമായ സൗഭാഗ്യം മാനവവംശം ആശ്ലേഷിച്ചാസ്വദിക്കാതിരിക്കയില്ല എന്നുള്ളതാണ് പരമാർത്ഥം. പരിശുദ്ധ മാർപ്പാപ്പായുടെ സന്ദേശവും ആശംസയും ജനലക്ഷങ്ങളുടെ ഹൃദയങ്ങളിൽ പ്രതിഫലിക്കുകയും ലോകസമാധാനത്തിനും ആത്മശാന്തിക്കും അതു നിദാനമായിത്തീരുകയും ചെയ്യട്ടെ.

## വിജ്ഞാപനം

1956—ലെ കലണ്ടർ ഈ ലക്കത്തോടുകൂടി സത്യദീപത്തിന്റെ എല്ലാ വരിക്കാർക്കും അയക്കുന്നുണ്ട്. ശോഭനമായ ഒരു നവവത്സരം ഓരോരുത്തർക്കും ആശംസിക്കുന്നു.

ഫെബ്രുവരിമാസം കത്തോലിക്കാമുദ്രാലയപ്രേഷിതത്വത്തിന്റെ മാസമാണ്. സത്യദീപത്തിനു കേരളത്തിലെ ഓരോ കുടുംബത്തിലും സ്വാഗതം ലഭിക്കുന്നതിനും, അതിന്റെ പ്രേഷിതത്വം ഓരോ വ്യക്തിയിലും സഫലമാക്കുന്നതിനും ഓരോരുത്തരും ഉള്ളഴിഞ്ഞു പ്രവർത്തിക്കണമെന്നു സവിനയം അഭ്യർത്ഥിച്ചുകൊള്ളട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### നാഗപ്പൂർ സമ്മേളനനിശ്ചയങ്ങൾ

ഡിസംബർമാസം 14 മുതൽ 18 വരെ തീയതികളിൽ നാഗപ്പൂരിൽവച്ചു നടത്തപ്പെട്ട അഖിലേന്ത്യാ കത്തോലിക്കാ അൽമായനേതാക്കന്മാരുടെ സമ്മേളനം പലേ കാരണങ്ങൾകൊണ്ടും പ്രാധാന്യമർഹിക്കുന്ന ഒന്നാമണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അഖിലേന്ത്യാടിസ്ഥാനത്തിലും ദേശീയാടിസ്ഥാനത്തിലും പലേ സാമൂഹിക കോൺഫറൻസുകളും ഇതിനകം നടന്നുകഴിഞ്ഞിട്ടുണ്ടെങ്കിലും നാഗപ്പൂർ സമ്മേളനം ഒരു പുതിയ സംരംഭവും ഭാവിയിൽ ഇന്ത്യൻകത്തോലിക്കാസമുദായത്തിനു ഒന്നാകെ നേതൃത്വം നൽകുന്ന ഒരു പദ്ധതിയുമായിരിക്കുമെന്നുള്ളതാണു അതിന്റെ ഒരു പ്രത്യേകത. ഇന്ത്യയുടെ നാനാഭാഗത്തുനിന്നുമായി ധാരാളം പ്രതിനിധികൾ അതിൽ പങ്കെടുക്കുകയും ഭാരതത്തിൽ കത്തോലിക്കർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളേയും അവരെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളേയും സമ്യക്കായി ചർച്ചചെയ്യുകയുമുണ്ടായി. സമ്മേളനത്തിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങളിൽ ചിലവയാണു് താഴെ ചേർക്കുന്നതു്:- മാർപ്പാപ്പാതിരുമേനിയോടുള്ള ഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കുന്നതും കോൺഫറൻസിനെ അനുഗ്രഹിച്ചു സന്ദേശം അയച്ചുകൊടുത്തതിനു കൃതജ്ഞത രേഖപ്പെടുത്തുന്നതും; കത്തോലിക്കാസമുദായത്തിന്റെ അവകാശങ്ങൾ പരിരക്ഷിക്കുന്നതിനും പ്രത്യേകിച്ചു മതപരിവർത്തനനിയന്ത്രണബില്ലിൽ തള്ളപ്പെടുവാൻ മുൻകൈയെടുത്തു പ്രവർത്തിച്ചതിനും ഇന്ത്യൻപ്രധാനമന്ത്രി നെഹ്റുവിനോടുള്ള കൃതജ്ഞതയെ പ്രകാശിപ്പിക്കുന്നതും; വെള്ളപ്പൊക്കം കൊടുങ്കാററു മുതലായ പ്രകൃതിക്ഷോഭങ്ങൾമൂലം ക്ലേശിക്കുന്ന തമിഴ്‌നാട്ടുജനതയോടു സഹതാപം രേഖപ്പെടുത്തുന്നതുമായ 3 പ്രമേയങ്ങളാണ് ആദ്യമായി അവതരിപ്പിച്ചു പാസാക്കപ്പെട്ടതു്. തുടർന്നു്, "4. ട്രൈബൽജനത, പട്ടികജാതി, പിന്നോക്കവിഭാഗങ്ങൾ ഇവർക്കു വിദ്യാഭ്യാസസൗജന്യങ്ങളും മററവകാശങ്ങളും നൽകുന്നതിൽ മതത്തിന്റെ അടിസ്ഥാനത്തിൽ വിവേചനം കാണിക്കരുതെന്നു സംസ്ഥാനഗവർമ്മെണ്ടുകളോടും യൂണിയൻഗവർമ്മെണ്ടിനോടും ആവശ്യപ്പെടുന്നു. 5 എ. ഈ രാജ്യത്തിന്റെ ക്ഷേമത്തിനു കത്തോലിക്കാവിദേശമിഷ്യനറിമാർ നടത്തിട്ടുള്ള സേവനത്തിനു കൃതജ്ഞതയും അഭിനന്ദനവും രേഖപ്പെടുത്തുവാൻ ഈ കോൺഫറൻസ് ആഗ്രഹിക്കുന്നു. അവരുടെ പ്രവേശനത്തെ നിയന്ത്രിച്ചുകൊണ്ടു അടുത്തകാലത്തുഇന്ത്യാഗവർമ്മെണ്ട് ചട്ടങ്ങളുണ്ടാക്കിയതിലുള്ള അഗാധമായ ഖേദം പ്രകടിപ്പിക്കുകയും ആ ചട്ടങ്ങൾക്കയവു വരുത്തുവാൻ ഇന്ത്യാഗവർമ്മെണ്ടിനോടു ഹൃദയപൂർവ്വം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ബി. മതപരിവർത്തനം, മിഷ്യനറിപ്രവർത്തനം ഇവയെപ്പററി അന്വേഷണം നടത്തുവാൻ മദ്ധ്യപ്രദേശഗവർമ്മെണ്ടു ഒരു കമ്മററിയെ നിയമിച്ചതു് ഈ കോൺഫറൻസിനു അതിയായ ഉൽക്കണ്ഠക്കിടയായിരിക്കുന്നു. മദ്ധ്യപ്രദേശമുഖ്യമന്ത്രിയെ ഡപ്യൂട്ടേഷനായി സന്ദർശിച്ചു ഈ വിവരം ധരിപ്പിക്കുവാൻ കോൺഫറൻസംഗങ്ങളടങ്ങിയ ഒരു കമ്മററിയെ അധികാരപ്പെടുത്തുന്നു. 6. നവഭാരതം കെട്ടിപ്പടുക്കുന്നതിൽ കത്തോലിക്കാതത്വങ്ങളും ഫലപ്രദമാക്കേണ്ടതു ആവശ്യമാണെന്നു ബോദ്ധ്യമുള്ളതിനാൽ രാജ്യത്തെ പൊതുജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും—ഗ്രാമം, ഡിസ്ട്രിക്ട്, സിററി, സ്റ്റേററ് മുതലായ ദേശീയരംഗങ്ങളിൽ—വർദ്ധമാനമായതോതിൽ പങ്കാളിത്തം വഹിക്കാനും ധാരാളം പേർ അംഗങ്ങളായിച്ചേർന്നു ഇന്ത്യൻ കത്തോലിക്കായൂണിയനെ ബലപ്പെടുത്തുകയും അതിന്റെ പ്രവർത്തനങ്ങളെ സഹായിച്ചു ഫലപ്രദമാക്കുകയും ചെയ്യാനും ഇന്ത്യയിലെ കത്തോലിക്കാ അൽമായജനതയെ ആഹ്വാനം ചെയ്യുന്നു. കത്തോലിക്കാ താല്പര്യങ്ങളെ സ്പർശിക്കുന്ന പൊതുതീരുമാനങ്ങളിൽ പ്രേരണചെലുത്തുന്ന വ്യക്തി, സമൂഹം ഇവയുടെ ആശയങ്ങൾ, മനോഭാവം ഇവ ഇന്ത്യൻ കത്തോലിക്കായൂണിയൻ പഠിക്കുന്നതു അൽമായജനതയ്ക്കു

സഹായകമായി ഭവിക്കുമെന്നു ഈ കോൺഫറൻസ് വിശ്വസിക്കുന്നു, 7. ഇന്ത്യൻ സാഹിത്യം തത്വശാസ്ത്രം ഇവയെ ഉദാരമായി സഹായിക്കുവാനും; 8. 2-ാം പഞ്ചവത്സരപദ്ധതിയിലെ സാമ്പത്തികവികസനപരിപാടികളിൽ സഹകരിക്കുവാനുള്ള ഓരോ അവസരവും ഉപയോഗപ്പെടുത്തുവാനും, വ്യവസായാദിസംരംഭങ്ങൾ സംഘടിപ്പിക്കാനും; 9. കുടുംബങ്ങളുടെ മാതൃക അതിൽതന്നെ ഒരു നല്ല ആദർശമാകയാലും, അതു അത്മായപ്രേഷിതത്വത്തിനുള്ള ഒരു കേന്ദ്രമാകയാലും തങ്ങളുടെ കുടുംബങ്ങൾ മാതൃകായോഗ്യമാക്കാനും കത്തോലിക്കരെ ആഹ്വാനം ചെയ്യുന്നു. അത്മായപ്രേഷിതത്വത്തിനു ആദ്ധ്യാത്മികവും ബുദ്ധിപരവുമായ രൂപവൽക്കരണം അപരിത്യാജ്യമാണെന്നും അതിനുള്ള പരിശീലനം വിദ്യാലയങ്ങളിൽ നേരത്തെ ആരംഭിക്കണമെന്നും ഈ കോൺഫറൻസ് ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു. ആദ്ധ്യാത്മികരൂപവൽക്കരണം സുശക്തമായ തത്വങ്ങളിലും കൂദാശകളുടെ സ്വീകരണത്താൽ ബലിഷ്ഠമാക്കപ്പെട്ട ജീവിതത്തിലും അതോടൊപ്പം മാനസികപ്രാർത്ഥന, ജ്ഞാനധ്യാനം ഇവയിലും അധിഷ്ഠിതമായിരിക്കണം; 10. അൽമായ പ്രേഷിതവൃത്തിക്കുള്ള പരിശീലനം വിദ്യാലയങ്ങളിലും കോളേജുകളിലും ഗ്രീഷ്മകാല വിദ്യാലയങ്ങളിലും ഇടവക, രൂപത, രാജ്യവിഭാഗലവല്പകളിലും വിവിധ വിഭാഗങ്ങളിൽ പെട്ട അൽമായനേതാക്കന്മാരെ ലക്ഷ്യമാക്കി സംഘടിപ്പിക്കേണ്ടതാണെന്നു കോൺഫറൻസ് കരുതുന്നു; 11 അൽമായപ്രേഷിതർക്കു നൽകാവുന്ന ഏററവും നല്ല പ്രായോഗികപരിശീലനം വൈദികനേതൃത്വത്തിൽ സ്വാശ്രയബോധം, സ്വയം ഉത്തരവാദിത്വബോധം ഇവയിൽ നൽകുന്ന പരിശീലനമാണെന്നും കത്തോലിക്കായുവജനതയ്ക്കു പ്രത്യേകസംഘടനയോ ഗ്രൂപ്പുകളോ ആവശ്യമാണെന്നും കോൺഫറൻസു വിചാരിക്കുന്നു. 12 എ മതിയായ കരുതലോടെ, പ്രേഷിതവൃത്തിലക്ഷ്യമാക്കി അകത്തോലിക്കരുമായി സാമൂഹികബന്ധം പുലർത്തണം. ഈ വക ബന്ധങ്ങൾ അവരുടെ ചിന്താഗതികളും ജീവിതരീതികളും മനസ്സിലാക്കാൻ ഉപയോഗിക്കേണ്ടതാണ്. ബി. കത്തോലിക്കാവനിതകൾ അവരുടെ പ്രത്യേക സേവനങ്ങൾ നൽകേണ്ട ഒന്നാണ് ഈ അൽമായപ്രേഷിതരംഗം എന്നു ഈ കോൺഫറൻസ് അഭിപ്രായപ്പെടുന്നു. സി. വംശം, ജാതിവ്യത്യാസം ഇവയെ ഇല്ലായ്മചെയ്യുവാൻ ഈ കോൺഫറൻസ് കത്തോലിക്കരെ ആഹ്വാനം ചെയ്യുന്നു." ഏവംവിധം കത്തോലിക്കാസമുദായാംഗങ്ങളുടെ ബഹുമുഖമായ സാമൂഹികപ്രവർത്തനരംഗങ്ങളേയും അൽമായ പ്രേഷിതത്വത്തേയും നിയന്ത്രിക്കുന്നതിനു പററിയ നിർദ്ദേശങ്ങളാണ് കോൺഫറൻസ് പാസ്സാക്കിയിട്ടുള്ളതു്. കോൺഫറൻസിന്റെ പ്രവർത്തനപരിപാടികൾ യഥാവിധി പുരോഗമിപ്പിക്കുന്നതിനു സമുദായത്തിന്റെ ഉത്സാഹപൂർവ്വകമായ സഹകരണം അത്യന്താപേക്ഷിതമാണ്. ത്യാഗമനഃസ്ഥിതിയോടും സേവനസന്നദ്ധതയോടും ക്രിസ്തീയ പാരമ്പര്യത്തിന്നനുയോജ്യമായ വിധത്തിൽ സമുദായം ഈ നേതൃത്വത്തെ അനുഗമിക്കുമെന്നു വിശ്വസിക്കുന്നു.

## കാതലിക്ക യൂണിയൻ ഓഫ് ഇന്ത്യയുടെ പ്രമേയങ്ങൾ

നാഗ്പൂർ സെൻറു ജോൺസ് ഇംഗ്ലീഷ് ഹൈസ്കൂളിൽവച്ചു യൂണിയന്റെ വാർഷികം സ്ഥിരം പ്രസിഡൻറു ഷെവലിയർ എം. രത്നസ്വാമി അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നുമുള്ള പ്രതിനിധികൾ സംബന്ധിച്ചിരുന്നു. പ്രസ്തുതസമ്മേളനത്തിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ ഏവരുടേയും ശ്രദ്ധയെ സമാകർഷിക്കേണ്ടവയാണ് എന്നു പറയേണ്ടല്ലോ. അവയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- "പട്ടികജാതികളിലും പട്ടികവർഗ്ഗങ്ങളിലുംനിന്നു ക്രിസ്തുമതത്തിലേക്കു മാനസാന്തരപ്പെട്ടിട്ടുള്ളവർക്ക്, ഇവരുടെ സാമ്പത്തികമായ സ്ഥിതിഗതികൾ മാനസാന്തരംമൂലം ഉടനടി അഭിവൃദ്ധിപ്പെടുന്നില്ലാത്തതിനാൽ, ആ സമുദായങ്ങളിലെ ക്രൈസ്തവേതരരായ അംഗങ്ങൾക്കു നൽകുന്ന വിദ്യാഭ്യാസപരവും മററുമായ എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നു സെൻട്രൽഗവർമ്മെണ്ടിനോടും സ്റ്റേററുഗവർമ്മെണ്ടുകളോടും കത്തോലിക്കായൂണിയൻ ഓഫ് ഇന്ത്യ ആവശ്യപ്പെടുന്നു. ഇന്ത്യയിലെ ക്രിസ്ത്യാനികൾക്കു അവകാശപ്പെട്ട ആദ്ധ്യാത്മികശുശ്രൂഷയുടെ പരിധിയെ ലഘൂകരിക്കുന്നതും, ഭരണഘടനാവ്യവസ്ഥയുടെ അക്ഷരത്തിനും ആശയത്തിനും ഇന്ത്യയിലെ ഗവർമ്മെണ്ടുകളുടേയും ജനങ്ങളുടേയും പാരമ്പര്യഗതമായ നയത്തിനും എതിരായിട്ടുള്ളതുമാകയാലും, വൈദികർക്കും സന്യാസിനികൾക്കും വിസാകൊടുക്കുന്നതിനെ നിയന്ത്രിച്ചുകൊണ്ടുള്ള ഇന്ത്യാഗവർമ്മെണ്ടിന്റെ പുതിയ നയത്തിൽ യൂണിയൻ ഖേദിക്കുന്നു. കൃത്രിമമാർഗ്ഗത്തിലൂടെയുള്ള ജനനനിയന്ത്രണത്തിനുള്ള സൗകര്യങ്ങൾ, ഗവർമ്മെണ്ടുസ്ഥാപനങ്ങളിൽ, നികുതിദായകന്റെ ചിലവിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള ഇന്ത്യാഗവർമ്മെണ്ടിന്റെ നയത്തേയും കാതലിക്ക യൂണിയൻ ഓഫ് ഇന്ത്യാ ശക്തിയായി പ്രതിഷേധിക്കുന്നു." ഈ പ്രമേയങ്ങൾ ഇന്ത്യയിൽ അടുത്തൊളമിങ്ങോളം ശക്തിയായ കോളിളക്കങ്ങൾക്കു കാരണമായിട്ടുള്ള അതിഗൗരവമായ പ്രശ്നങ്ങളെ ആസ്പദിച്ചുള്ളതാണല്ലോ. കത്തോലിക്കാസമുദായത്തിനു ഈ ജീവൽപ്രശ്നങ്ങളെ നേരിടാതെ തരമില്ല. ഒത്തൊരുമിച്ചു അവയുടെ പരിഹാരത്തിനുവേണ്ടി സർവ്വ കഴിവുകളും പ്രയോഗിക്കുന്നതിനു യൂണിയന്റെ നേതൃത്വത്തിൽ സമുദായം അണിനിരക്കേണ്ടതാണ്. കാതലിക്ക യൂണിയൻ ഓഫ് ഇന്ത്യാ വളരെ മഹത്തായ പ്രതീക്ഷകളോടുകൂടി സമാരംഭിക്കപ്പെട്ട ഒരു സംഘടനയാണെങ്കിലും ഇന്ത്യൻ കത്തോലിക്കരെ ശക്തിമത്തായ ഒരു നേതൃത്വത്തിൽ അണിനിരത്തുന്നതിൻ അതിനു ഇനിയും കഴിഞ്ഞിട്ടില്ല എന്നതു വാസ്തവമാണ്. അതിനുള്ള കാരണങ്ങളെ പഠിക്കുന്നതിനും ഭരണഘടനയിൽ വേണ്ട ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും ഒരു കമ്മററിയെ അധികാരപ്പെടുത്തുന്ന ഒരു പ്രധാനപ്രമേയവും പൊതുയോഗം അംഗീകരിച്ചിട്ടുണ്ട്.

—o—

വാരാന്ത്യവീക്ഷണം

# ഇസ്വെസ്റ്റ്യയുടെ പ്രഖ്യാപനം

[സി. ഐ. ജോൺ, തലയോലപ്പറമ്പ്]

ഈ ഡിസംബർ 12-ാംനു സോവിയററുയൂണിയനിലെ ഗവർമ്മെണ്ടുപത്രമായ ഇസ്വെസ്റ്റിയ വളരെയധികം സംഭ്രമജനകമായ ഒരു വാർത്ത പ്രസിദ്ധപ്പെടുത്തുകയുണ്ടായി പ്രസ്തുതവാർത്തയിൽ പറയുന്നതു ഗോവയിൽ ഒരമേരിക്കൻ പട്ടാളത്താവളം നിർമ്മിക്കുവാൻ ആലോചിക്കുന്നു എന്നാണ്. സോവിയററുപ്രധാനമന്ത്രി ബുൾഗാനിനും കമ്മ്യൂണിസ്റ്റു പാർട്ടി സെക്രട്ടറി ക്രൂഷ്ചേവും ഇൻഡ്യയിൽ പര്യടനം നടത്തിക്കൊണ്ടിരുന്നപ്പോൾ ഇൻഡ്യയുടെ പലസ്ഥലത്തുവച്ചും അവർ ചെയ്ത പ്രസംഗങ്ങളിൽ രാഷ്ട്രങ്ങൾ തമ്മിലുള്ള പരസ്പരധാരണയെ ചോദ്യംചെയ്യത്തക്കതരത്തിലുള്ള വാക്കുകൾ സുലഭമായി ഉപയോഗിക്കയുണ്ടായെന്നു പ്രസ്തുതപ്രസംഗങ്ങളെ ശരിയായ തരത്തിൽ പഠിച്ചിട്ടുള്ളവർക്കറിയാം. ഇൻഡ്യയും ഇതരരാജ്യങ്ങളുമായി പുലർത്തിക്കൊണ്ടുപോരുന്ന ബന്ധത്തെ അതു സാരമായിബാധിച്ചിട്ടുണ്ട്. ഇതരരാജ്യങ്ങൾ എന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നതു് അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് എന്നിവയേയും, പോർട്ടുഗീസു തുടങ്ങിയ ചെറുരാജ്യങ്ങളേയുമാണ്. "ഇൻഡ്യയെ നോട്ടമിട്ടിരിക്കുന്ന സാമ്രാജ്യശക്തികൾ, അമേരിക്കൻ ഇംപീരിയലിസം, ഇൻഡ്യയെ ധ്വംസിക്കുവാൻ ഇന്നു ഉദ്യമിക്കുകയാണ്. നിശ്ചയമായും കാഷ്മീർ ഇൻഡ്യയുടേതാണ്." എന്നിങ്ങനെ ഇൻഡ്യയുടെ ആഭ്യന്തരകാര്യങ്ങളിലുള്ള കൈകടത്തലുകളായി തീർച്ചയായും തോന്നാവുന്ന നിരവധി കാര്യങ്ങൾ മി. ക്രൂഷ്ചേവിന്റെ പ്രസംഗത്തിൽനിന്നു കാണാവുന്നതാണ്. ഇൻഡ്യൻ മണ്ണിൽനിന്നുകൊണ്ടു് ഈ ഗവർമ്മെണ്ടിന്റെ ആഭ്യന്തരകാര്യങ്ങളിലുള്ള കൈകടത്തലുകളായ പ്രസ്താവനകൾ വിശിഷ്ടാതിഥികൾ പുറപ്പെടുവിച്ചിട്ടും ഇൻഡ്യാഗവർമ്മെണ്ടു മൗനം ദീക്ഷിച്ചപ്പോൾ ഡള്ളസിനെപ്പോലെയുള്ള ചില വിദേശരാജ്യത്തിന്റെ തലവന്മാർ അതിന്റെ അടിയിലുള്ള ആത്മാർത്ഥതയെ ചോദ്യം ചെയ്തെങ്കിൽ ഒരു തരത്തിൽ പറഞ്ഞാൽ അതു വെറും സ്വാഭാവികം മാത്രമാണ്.

എന്നാൽ മിസ്റ്റർ ഡള്ളസിന്റെ ഗോവയെസംബന്ധിച്ചുള്ള പ്രസ്താവനകൾ ശരിയാണെന്നല്ല പറയുന്നതു്. അതു തികച്ചും തെററും ഇൻഡോ-അമേരിക്കൻ ബന്ധത്തെ ശിഥിലമാക്കുന്നതുമാണെന്നു് അറിയാമെങ്കിലും ഫോസ്റ്റർ ഡള്ളസും പോർട്ടുഗൽ ഫോറിൻമിനിസ്റ്റർ കുഞ്ഞയുംകൂടി പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനയിൽ 400 കൊല്ലക്കാലം ഗോവയിൽ പോർട്ടുഗീസ് ആധിപത്യം അടിയുറച്ചിരുന്നതിനാൽ അതു് പോർട്ടുഗീസുകാരുടേതാണെന്നു് ഡള്ളസ് അഭിപ്രായപ്പെടുവാൻ കാരണം ഇൻഡ്യയിലുണ്ടായിരുന്ന വിശിഷ്ടാതിഥികളുടെ കടിഞ്ഞാണില്ലാത്ത പ്രസ്താവനയാണ്. ഡള്ളസിന്റെ പ്രഖ്യാപനം അമേരിക്കയുടെ അഭിപ്രായമാണെന്നു താത്വികമായി പറയാമെങ്കിലും ഡള്ളസ്സിന്റെ നിലപാടിനെ അമേരിക്കയിലെ മിക്കപത്രങ്ങളും ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ ചോദ്യംചെയ്തിട്ടുണ്ട്. കമ്മ്യൂണിസ്റ്റിതരരാജ്യങ്ങളിലെ പല പത്രങ്ങളും ആ പ്രസ്താവനയിൽ പ്രതിഷേധശബ്ദം ഉയർത്തിയിട്ടുണ്ടെന്നതു് വെറും പരമാർത്ഥമാണ്. മാത്രമല്ല അമേരിക്കൻ സെനററിലെ പല മെമ്പർമാരും ഡള്ളസിന്റെ പ്രസ്താവനയെ ചോദ്യംചെയ്തിട്ടുമുണ്ട്. അങ്ങനെ സോവിയററു നേതാക്കന്മാരുടെ ഇൻഡ്യാസന്ദർശനത്തെപ്പററി നല്ലവണ്ണം പഠിക്കുകയാണെങ്കിൽ നമുക്കു ചിലതെല്ലാം മനസ്സിലാക്കുവാൻ കഴിയും. ഇൻഡോസോവിയററുബന്ധം ഉറപ്പിക്കുക എന്നതിനുപരിയായി ഇൻഡോഅമേരിക്കൻറിലേഷനു് സാരമായ തകരാറുകൾ സംഭവിക്കണമെന്നു് സോവിയററുനേതാക്കൾ ആഗ്രഹിച്ചിരുന്നു. പരമാർത്ഥം പറഞ്ഞാൽ അതു് ഇൻഡ്യയോടുള്ള വെറുപ്പുകൊണ്ടല്ല. പിന്നെയോ അന്തർദ്ദേശീയകമ്പോളത്തിൽ സോവിയററുയൂണിയനു് ഡിമാൻറു വർദ്ധിക്കുന്നതിനുവേണ്ടിയായിരുന്നു. അതിനു് അവർ കൗശലപൂർവ്വം ആസൂത്രണം ചെയ്ത ഒരു പദ്ധതിയായിരുന്നു വ്യംഗ്യാർത്ഥത്തിൽ പ്രസംഗിക്കുക എന്നതു. അതു് ഇൻഡ്യൻമണ്ണിൽ നിന്നുകൊണ്ടാകുമ്പോൾ അതിനു് ചില പ്രത്യേകതകളുണ്ടല്ലോ? സോവിയററുനേതാക്കളുടെ ഇൻഡ്യാപര്യടനത്തിന്റെ ഒന്നാംഭാഗം അവസാനിച്ചതോടുകൂടിയാണ് ഗ്രോമിക്കോവും സൗദി അറേബ്യൻരാജാവുമായി ന്യൂഡൽഹിയിൽവച്ചു് കൂടിക്കാഴ്ച നടത്തിയതും, എണ്ണ[illegible] വടംവലിയിൽ ഒരു പുതിയഘട്ടം ആരംഭിക്കുവാനുള്ള എല്ലാ കരുക്കളും വളരെ വിദഗ്ധമായരീതിയിൽ ഗ്രോമിക്കോവ് മുന്നോട്ടു നീക്കിവച്ചതും. സൗദി അറേബ്യയിലെ എണ്ണഖനികളെ സംബന്ധിച്ചു് രാജാവും ഗ്രോമിക്കോവുമായുള്ള കൂടിക്കാഴ്ച നടക്കുന്നതിനു് മൂന്നു മാസങ്ങൾക്കുമുൻപു് ഇസ്വെസ്റ്റിയ എന്ന റഷ്യൻപത്രത്തിൽ എഴുതിയ ഒരു ലേഖനത്തിന്റെ ആശയം പ്രസ്തുതകൂടിക്കാഴ്ചകൊണ്ടു് ഏതാണ്ടു നിറവേറി എന്നു പറയാം.

അങ്ങനെ തങ്ങളുടെ ഇൻഡ്യാസന്ദർശനം പലവിധത്തിലും സോവിയററുപ്ലാനനുസരിച്ചു തന്നെ നടന്നു. ഈ അവസരത്തിലാണ് ഡിസംബർ 12-ാംതിയതിയിലെ ന്യൂസ് വെണ്ടയ്ക്കാ അക്ഷരത്തിൽ റഷ്യൻ പത്രത്തിൽ പുറത്തുവന്നതു: "ഇൻഡ്യൻ ജനങ്ങളുടെയും അവരുടെ ഗവർമ്മെണ്ടിന്റെയും ഇഛയ്ക്കു വിപരീതമായി ഒരു അമേരിക്കൻ പട്ടാളത്താവളം ഇൻഡ്യൻമണ്ണിൽ, ഗോവയിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു വെന്നു്. സോവിയററുയൂണിയനെസംബന്ധിച്ചിടത്തോളം ഈ വാർത്ത സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ അങ്ങനെയൊന്നു ഈ അടുത്തകാലത്തെങ്ങും ചിന്തിച്ചിട്ടുപോലുമില്ലെന്നതാണ് പരമാർത്ഥം. ഡള്ളസ്-കുഞ്ഞ കൂടിക്കാഴ്ചയിൽ ഗോവയിൽ ഒരു പട്ടാളത്താവളം അമേരിക്ക ഉൽഘാടനം ചെയ്യുന്നതിന്റെ ലാഞ്ഛനപോലും നിഴലിച്ചിരുന്നില്ല. പിന്നെ എങ്ങനെ ഈ ഞെട്ടിപ്പിക്കുന്ന വാർത്ത പുറത്തുവന്നു എന്നു നോക്കുമ്പോഴാണ് ഒരു മഹത്തായ രാജ്യത്തിന്റെ ആത്മാർത്ഥതയെ നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതു്.

## തിരുനാൾമംഗളം



കോഴിക്കോട്ടു മെത്രാൻ മൊറാറു് റവ. ഡോക്ടർ അൽഡൂസ് പത്രോണി എസ്. ജെ. (തിരുനാൾ ജനുവരി 10)

## യു. എൻ. ഒ. യിലെ 16 പുതിയ അംഗങ്ങൾ

അന്തർദ്ദേശീയ നിരീക്ഷകന്മാരുടെ ഇടയിൽ വളരെയേറെ ചിന്താക്കുഴപ്പം സൃഷ്ടിച്ചുകൊണ്ടിരുന്ന ഒരു പ്രശ്നമായിരുന്നു 18 രാജ്യങ്ങളെ ഐ. രാ. സഭയിൽ പ്രവേശിപ്പിക്കുക എന്നതു്. ഔട്ടർ മംഗോളിയയെ പ്രവേശിപ്പിച്ചാൽ തങ്ങൾ വീറേറാ ചെയ്യുമെന്നു് നാഷനലിസ്റ്റ് ചീനയുടെ പ്രതിനിധി അവസാനമായി ഉറപ്പിച്ചുപറഞ്ഞപ്പോൾ പ്രശ്നം കൂടുതൽ സങ്കീർണ്ണമായി. ഒന്നെങ്കിൽ എല്ലാ രാജ്യങ്ങളേയും പ്രവേശിപ്പിക്കുക അല്ലെങ്കിൽ ഒന്നിനേയും പ്രവേശിപ്പിക്കേണ്ടതില്ല എന്നായിരുന്നു റഷ്യയുടെ നയം. അമേരിക്ക ഇക്കാര്യത്തിൽ ഉറച്ച നയമൊന്നും സ്വീകരിച്ചിരുന്നുമില്ല. എങ്കിലും നാഷനലിസ്റ്റ് ചീനയുടെ ഉറച്ച നിലപാടിനെ പരസ്യമായി രണ്ടു പ്രാവശ്യം ചോദ്യം ചെയ്യുകയുണ്ടായിയെന്നതു് പ്രസ്താവയോഗ്യമാണ്. റഷ്യയും നാഷനലിസ്റ്റ് ചീനയും തങ്ങളുടെ അഭിപ്രായത്തിൽ ഉറച്ചുനിന്നതോടുകൂടി ഐ. രാ. സമിതി ഒരു വിപൽസന്ധിയിലേക്കു് പോകയാണുണ്ടായതു്. എന്നാൽ ഈ ഡിസംബർ 14-ാംനു അതിനു് ആ ദുർഘടഘട്ടം ഏതാണ്ടു് തരണംചെയ്യുവാൻ സാധിച്ചു. ഔട്ടർ മംഗോളിയായേയും ജപ്പാനേയും പട്ടികയിൽനിന്നു് എടുത്തുനീക്കുവാൻ സോവിയററുയൂണിയനു് അവസാനം സമ്മതിക്കേണ്ടതായിവന്നുകൂടി. ഒരു കണക്കിൽ പറഞ്ഞാൽ ഫോർമ്മോസായുടെ വിജയവും സോവിയററുയൂണിയന്റെ ചേരിസൃഷ്ടിക്കൽനയത്തിന്റെ പ്രാഭവവുമായിരുന്നു അതു്. അൽബേനിയാ, ജോർഡാൻ, അയർലൻറു്, പോർത്തുഗൽ, ഹംഗറി, ഇററലി, ആസ്ത്രിയാ, റുമേനിയാ, ബൾഗേറിയാ, ഫിൻലൻറു്, സിലോൺ, നേപ്പാൾ, ലിബിയാ, ലാവോസ്, സ്പെയിൻ, എന്നിവയാണ് പുതിയ അംഗങ്ങൾ.

സ്പെയിനിനെ യു. എൻ. ഒ. യിൽ ഉൾപ്പെടുത്തണം എന്നുള്ള അഭിപ്രായം അമേരിക്കൻഭാഗത്തുനിന്നും പൊന്തിവരുകയും അതിന്റെ സൂചന എന്നോണം ഡള്ളസ് ജനീവായിൽനിന്നു് മാഡ്റിഡിലേക്കു് പോകുകയുംചെയ്തതോടുകൂടിയാണു ഈ യു. എൻ. ഒ. അംഗത്വപ്രശ്നം കൊടുമ്പിരിക്കൊണ്ടതു്. സ്പെയിനിന്റെ യു. എൻ. പ്രവേശനത്തെ ബ്രിട്ടൻ എതിർക്കുവാനിടയുണ്ടെന്നു് പീക്കിംഗു് പീപ്പിൾസ് ഡയിലി ഒരു മുഖപ്രസംഗത്തിലൂടെ വ്യക്തമാക്കുകയുണ്ടായെങ്കിലും നിഗമനങ്ങൾക്കു് വിപരീതമായിട്ടാണ് സംഭവിച്ചതു്. ഇതോടുകൂടി ബാൾട്ടിക്കു് പ്രദേശത്തുള്ള കുറച്ചു രാജ്യങ്ങളെ യു. എൻ. അംഗങ്ങളാക്കണമെന്നു് സോവിയററുയൂണിയനു് തോന്നുകയും നാഷനലിസ്റ്റ് ചീനയേ യു. എൻ. ഒ. യിൽനിന്നു് എടുത്തുകളയുവാനുള്ള വഴികൾ ആലോചിക്കുകയും ചെയ്തതോടുകൂടിയാണ് ഈ പ്രശ്നം ഉയർന്നുവരുകയും ഒരു "കിറാമട്ടി" സ്റ്റേജിലേക്കു മാറാൻ തുടങ്ങുകയും ചെയ്തതു്. ഏതായാലും ആ പ്രശ്നം ഒരുവിധം പരിഹരിച്ചെന്നു പറയാം. എന്നാൽ മുൻപിലത്തേക്കാളേറെ പ്രയാസകരമായ മററു പല സംഭവവികാസങ്ങൾക്കും ഇനി ഐ. രാ. സഭ സാക്ഷ്യം വഹിക്കേണ്ടതായി വന്നുകൂടും. അതിൽ പ്രധാനപ്പെട്ടതു് ദേശീയചൈനയെ പുറംതള്ളുവാൻ ഏതാനും മാസങ്ങൾക്കകം അവിടെ നടക്കുന്ന നാടകീയമായ സംഭവങ്ങളായിരിക്കും.

അതിന് വിദഗ്ദ്ധന്മാരായ ചില നടന്മാർ അണിയറയിൽ റിഹേഴ്സൽ നടത്തിക്കൊണ്ടിരിക്കുകയാണിപ്പോൾ.

നാറ്റോ

ഉത്തര അററ്ലാൻറിക്ക് ഉടമ്പടിസംഘടന (15 രാജ്യങ്ങളുടെ) ഈയിടെ പാരിസിൽവച്ചു ചേർന്ന് ഒരു കമ്മ്യൂണിക്കെ പുറപ്പെടുവിച്ചിരിക്കുന്നു. സോവ്യററ് നേതാക്കന്മാർ ഇന്ത്യയിൽവച്ചു ചെയ്ത പ്രസ്താവനകളാണ് കമ്മ്യൂണിക്കെയിൽ മുഖ്യമായും പ്രതിപാദിച്ചിരിക്കുന്നത്. ഒരു സ്വതന്ത്രമായ തിരഞ്ഞെടുപ്പിലൂടെ ജർമ്മനിയെ ഏകീകരിച്ചുകൊണ്ട് യൂറോപ്പിലെ ഏററവും വലിയ പ്രശ്നമായ ജർമ്മൻപ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കണമെന്നും അങ്ങനെ ശീതസമരത്തിൻെറ സ്റ്റേജിൽനിന്ന് ഒരു മഹായുദ്ധത്തിനു വഴിതെളിക്കുവാനുള്ള എല്ലാ സാഹചര്യവും ഒത്തിണങ്ങിക്കിടക്കുന്ന ജർമ്മൻപ്രശ്നത്തിനു പരിഹാരം കാണണമെന്നും കഴിഞ്ഞ ജൂലൈമാസത്തിൽ ചതുശ്ശക്തിതലവന്മാർ ചെയ്ത തീരുമാനത്തിൽനിന്നു സോവ്യററുയൂണിയൻ തെററിപ്പിരിഞ്ഞ് പഴയ പോളൻറുകരാർപോലെ ആയിത്തീർന്നിരിക്കുന്നതിനെ അതർഹിക്കുന്ന ഗൗരവത്തോടുകൂടി നാറ്റോകമ്മ്യൂണിക്കെയിൽ പ്രതിപാദിച്ചിട്ടുണ്ട്. അതുപോലെതന്നെ എല്ലാ സൈനികസഖ്യങ്ങളേയും എതിർക്കുന്ന സോവ്യററുയൂണിയൻ കോമിൻഫോമിലൂടെ നടത്തുന്ന രാഷ്ട്രീയചൂഷണത്തെ അവ്യക്തമായ ഭാഷയിലെങ്കിലും അപലപിച്ചിട്ടുണ്ട്. പ്രസിഡൻറ് ഐസനോവറുടെ വിമാനനിരീക്ഷണപദ്ധതി ഉൾപ്പെടെയുള്ള നിരായുധീകരണനിർദ്ദേശങ്ങളുടെനേരെ സോവ്യററുയൂണിയൻ കൈക്കൊണ്ട ചിററമ്മനയത്തെ നാറ്റോകൗൺസിൽ ഗൗരവപൂർവ്വം വിക്ഷിക്കയുണ്ടായി. ഒരു പുതിയ ശീതസമരത്തിന് വഴിതെളിക്കുന്ന ഇന്നത്തെ ലോകസംഭവഗതികളെപ്പററി പ്രസ്തുത കൗൺസിൽ ഉത്കണ്ഠ പ്രകടിപ്പിച്ചു.

സോവ്യററുയൂണിയൻെറ ഇന്നത്തെ നയത്തെ സാരമായി സ്പർശിക്കുന്നതും അതിനകം തുറന്നുകാണിക്കുന്നതുമായ ഒരു പ്രസ്താവനയാണ് ഈ ഡിസമ്പർ 18-ാംനു- ബ്രിട്ടീഷ് വിദേശകാര്യസെക്രട്ടറി മി. ഹരോൾഡ് മാക്മില്ലൻ പുറപ്പെടുവിച്ചിട്ടുള്ളത്. അതിലദ്ദേഹം ഇങ്ങനെ പറയുന്നു: യൂറോപ്യൻമാരായി നടിക്കണമെന്നുള്ളപ്പോൾ യൂറോപ്പിലെ പുരോഗമനശക്തികളോട് കമ്മ്യൂണിസ്റ്റുകാരായി മാറാൻപറയുകയും, ഏഷ്യാക്കാരായി നടിക്കണമെന്നുള്ളപ്പോൾ കോളനിവിരുദ്ധന്മാരും സാമ്രാജ്യവിരുദ്ധന്മാരുമാണെന്നു മേനികാട്ടുകയുമാണ് റഷ്യ ചെയ്യുന്നതെന്ന് ഇന്ത്യയിലും ബർമ്മയിലുംവച്ച് മി. ക്രൂഷ്ചേവ് ചെയ്ത പ്രസംഗങ്ങളിൽനിന്നു മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

റഷ്യ തൻെറ കോളനികളെ സ്വയം ഉപേക്ഷിച്ചിട്ട് കൊളോണിയൽ വിരുദ്ധനയം സ്വീകരിക്കാത്തിടത്തോളംകാലം സോവ്യററുയൂണിയൻെറ കോളനിവിരുദ്ധപ്രസ്താവനങ്ങൾക്ക് കഴമ്പുകാണുന്നില്ല.

## അമേരിക്കൻ സഹായവർദ്ധനവ്

അമേരിക്കയുടെ വിദേശസഹായപരിപാടി 1957-ൽ 270 കോടി ഡോളറിൽനിന്ന് 514½ കോടി ഡോളറായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. മാത്രമല്ല ഈ സഹായം അവികസിതപ്രദേശങ്ങൾക്കായി നീക്കിവച്ചിരിക്കുകയുമാണ്. അതിൽ 190½ കോടി ഡോളർ യാതൊരു സൈനികകാര്യങ്ങൾക്കും ഉപയോഗിക്കാതെ മററു പ്രവർത്തനങ്ങൾക്കവേണ്ടി നീക്കിവച്ചിരിക്കുകയാണ്. ബാക്കിവരുന്ന 324 കോടി ഡോളറും സൈനികാവശ്യങ്ങൾക്കോ അതിനോടു ബന്ധപ്പെടുന്ന മററു കാര്യങ്ങൾക്കോ ആയി നീക്കിവയ്ക്കുവാനുള്ള ഒരു പരിതസ്ഥിതിയിലേക്കാണോ 1957 നീങ്ങുന്നത് എന്നു ചോദിക്കേണ്ടിയിരിക്കുന്നു. ഇത്രയ്ക്കു ഭീമമായ ഒരു സംഖ്യ സൈനികാവശ്യങ്ങൾക്കുവേണ്ടി വിദേശങ്ങൾ ചെലവഴിക്കുന്നതിൻെറ സാംഗത്യം മനസ്സിലാക്കുവാൻ പ്രയാസമാണ്. ഏതായാലും ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാകുന്നുണ്ട്. പരസ്പരധാരണയില്ലാത്ത രണ്ടു വൻശക്തികൾ ലോകത്തിലുണ്ടായാൽ എന്താണു സംഭവിക്കുന്നതെന്നു മുൻകൂട്ടി പറയുവാൻ പ്രയാസമായിരിക്കും.

അവികസിതരാജ്യങ്ങൾക്ക് അമേരിക്കകൊടുക്കുന്ന സഹായം കഴിയുന്നതും നാണ്യങ്ങളായിമാത്രം കൊടുക്കുവാനുള്ള ഒരു വാസന ഇപ്രാവശ്യം പ്രകടിപ്പിച്ചുകാണുന്നത് വളരെയേറെ ആശ്വാസപ്രദമാണ്. കാരണം മുൻകാലങ്ങളിൽ അവിടെ നിർമ്മിക്കുന്ന സാധനങ്ങളായിട്ടാണ് അധികവും ഈ സഹായം ചെയ്തുകൊണ്ടിരുന്നത്. അതിൽനിന്നു ഭിന്നമായ ഒരു നില സ്വീകരിക്കുന്നത് അഭിനന്ദനാർഹംതന്നെ. ഒന്നാം പഞ്ചവത്സരപദ്ധതിക്കായി ഇന്ത്യക്കു കൊടുത്തിട്ടുള്ള സഹായത്തിൽ വന്നുപോയ പാകപ്പിഴകൾ അധികവും സാധനങ്ങളാകയാലായിരുന്നുവെന്നു കാണാവുന്നതാണ്.

ആദ്ധ്യാത്മികവീഥി

# പശ്ചാത്താപം

## ശിക്ഷയെക്കുറിച്ചുള്ള ബോധം

ദൈവത്തിൻെറ വത്സലമക്കളേ,

കഴിഞ്ഞ നവംബർ 16-ാംനു-യിലെ 15-ാംലക്കം സത്യദീപത്തിൽ ശിക്ഷയെക്കുറിച്ചുള്ള ഭയത്താലുണ്ടാകുന്ന പശ്ചാത്താപത്തെക്കുറിച്ച പറയുകയുണ്ടായി. അവിടെ പറഞ്ഞ ഉദാഹരണത്തിൽ, അപ്പൻെറ മുഖഭാവവും കൈയിലിരിക്കുന്ന വടിയുമെല്ലാം നേരിട്ടുകാണാവുന്നതുകൊണ്ട് ഉടൻ ശിക്ഷയുണ്ടാകുമെന്നതിനെപ്പററി കുട്ടിക്കു നിശ്ചയമുണ്ട്; അതിനാൽ പശ്ചാത്താപത്തിനും എളുപ്പമുണ്ട്.

എന്നാൽ ഒരു പാപിയെ സംബന്ധിച്ചിടത്തോളം കുപിതനായ ദൈവത്തെയോ ദൈവം ആസ്ഥമാക്കിയിരിക്കുന്ന നരകത്തെയോ അവൻ നേരിട്ടു കാണുന്നില്ല. തന്മൂലം പശ്ചാത്താപം ഉളവാക്കുന്നതിനും കുറെ പ്രയാസമുണ്ട്. എന്നാൽ ബാഹ്യദൃഷ്ടികൊണ്ടു കാണാൻ സാധിക്കാത്തതു ഗാഢമായി ചിന്തിക്കുന്നപക്ഷം വിശ്വാസദൃഷ്ടിയാൽ വളരെ തെളിവായി കാണാൻ സാധിക്കും. പക്ഷേ പലപ്പോഴും അക്കാര്യത്തെക്കുറിച്ചു അത്ര കാര്യമായി ചിന്തിക്കാറില്ല. അക്കാരണത്താൽ നിത്യനരകത്തിൻെറ അസ്തിക്യത്തെക്കുറിച്ചുപോലും വേണ്ടത്ര സജീവമായ വിശ്വാസം ഇല്ലാതാകുന്നുണ്ട്. കത്തോലിക്കേതരരുമായുള്ള നിരന്തരസമ്പർക്കവും അങ്ങനെയൊരു വിശ്വാസമാന്ദ്യത്തിനു കാരണമാകുന്നുണ്ടെന്നു പറയാം.

ഒരിക്കൽ ഒരു അകത്തോലിക്കൻ തൻെറ ഒരു കത്തോലിക്കാസ്നേഹിതനോടു ഇപ്രകാരം പറയുകയുണ്ടായി: "നിങ്ങളുടെ സഭയുടെ മിക്ക പഠനങ്ങളും വളരെ യുക്തിയുക്തവും ഹൃദ്യവുമായിട്ടാണ് എനിക്ക തോന്നിയിട്ടുള്ളത്. എന്നാൽ നിങ്ങളുടെ ഒരു വിശ്വാസത്തോടു ഞാൻ അശേഷം യോജിക്കുന്നില്ല. നരകത്തെക്കുറിച്ചുള്ള നിങ്ങളുടെ വിശ്വാസം. പരമകാരുണികനായ ദൈവം തൻെറ സ്നേഹഭാജനമായ മനുഷ്യനെ അവൻെറ ജഡത്വത്തിനുവേണ്ടി നിത്യം നിഷ്ഠുരമായി നരകാഗ്നിയിൽ ഇട്ടു ശിക്ഷിക്കുമെന്നു എനിക്കു ഒരിക്കലും വിശ്വസിക്കാൻ സാദ്ധ്യമല്ല. അതു അത്ര ക്രൂരമായി എനിക്കു തോന്നുന്നു"

അതിനു സ്നേഹിതൻ പറഞ്ഞ മറുപടി ഇതാണ്: "കത്തോലിക്കരായ ഞങ്ങൾക്കും നരകത്തെപ്പററിയുള്ള വിശ്വാസം വിഷമമായി തോന്നുന്നുണ്ട്, അതായതു നരകമെന്നു് ഒന്നില്ലായിരുന്നെങ്കിൽ നന്നായിരുന്നു എന്നു ഞങ്ങളും ചിലപ്പോൾ ചിന്തിക്കാറുണ്ട്. പക്ഷേ നരകമുണ്ടെന്നു വിശ്വസിക്കാതിരിക്കാൻ ഒരു നിവൃത്തിയുമില്ല. സാക്ഷാൽ സത്യസ്വരൂപനായിരിക്കുന്ന ദൈവപുത്രൻതന്നെ പത്തുപതിനേഴു പ്രാവശ്യം നിത്യനരകത്തെക്കുറിച്ചു അസന്ദിഗ്ദ്ധമായ ഭാഷയിൽ നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്. അവിടുന്നു നിഷ്ഠുരമായ കുരിശുമരണം കൈവരിച്ചുതന്നെ നമ്മെ ഭയങ്കരമായ നരകശിക്ഷയിൽനിന്നു രക്ഷിക്കുന്നതിനല്ലെങ്കിൽ പിന്നെയെന്തിനാണ്? ദൈവത്തിൻെറ ഔന്നത്യവും നമ്മുടെ നിചത്വവും വേണ്ടവണ്ണം ഗ്രഹിക്കുന്നതിനു നമുക്കു കഴിവില്ലാത്തതുകൊണ്ടു മാത്രമാണ് നമ്മുടെ ദൈവദ്രോഹത്തിനു ശിക്ഷയായി വച്ചിരിക്കുന്ന നിത്യനരകശിക്ഷ അന്യായമാണെന്നു തോന്നിപ്പോകുന്നതും, അതിനാൽ അങ്ങനെയൊന്നില്ലെന്നു അനുമാനിക്കാൻ നാം പ്രേരിപ്പിക്കപ്പെടുന്നതും."

സുപ്രസിദ്ധ മതവിദ്വേഷിയായിരുന്ന വോൾട്ടയറിനോടു അയാളുടെ ഒരു സ്നേഹിതൻ തനിക്കു നരകമില്ലെന്നു ബോദ്ധ്യമായിട്ടുണ്ടെന്നു പറഞ്ഞപ്പോൾ അയാൾ പറഞ്ഞതിപ്രകാരമാണ്: "ഞാൻ സ്നേഹിതനെ അനുമോദിക്കുന്നു. നിങ്ങൾ ഭാഗ്യവാൻതന്നെ. ഞാൻ ഇത്രയുംനാൾ ശ്രമിച്ചിട്ടും നരകമില്ലെന്നു സമാധാനിക്കുവാൻ എനിക്കു കഴിഞ്ഞിട്ടില്ല." അതുകൊണ്ടായിരിക്കണം മരണമടുത്തപ്പോൾ ഒരു വൈദികനെ വിളിക്കുവാൻ അയാൾ കേണപേക്ഷിച്ചത്.

നരകത്തിൻെറ അസ്തിക്യത്തെക്കുറിച്ചു പലപ്പോഴും വിശ്വാസപ്രകരണം ചെയ്യുകയും നമ്മുടെ വലിയ പാപങ്ങൾ കുമ്പസരിക്കാൻ സാധിക്കാതെ മരിക്കുന്നപക്ഷം നാം അവിടെ നിശ്ചയമായും എത്തിച്ചേരുമെന്നു ചിന്തിക്കയും അങ്ങനെ വരുന്നപക്ഷം എന്തെല്ലാം ദുരിതങ്ങളാണ് സഹിക്കേണ്ടിവരുന്നതെന്നു ഊഹിക്കയും ചെയ്യുന്നതു ഗുണപ്രദമായിരിക്കും. നരകത്തെപ്പററിയുള്ള സജീവമായ വിശ്വാസം പശ്ചാത്താപത്തെ ഉളവാക്കാതിരിക്കയില്ല.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവ്.

## കൃതജ്ഞത

വിശുദ്ധ കൊച്ചുത്രേസ്യാപുണ്യവതിയുടെ സഹായത്താൽ ഉദ്ദേശിച്ച കാര്യം സാധിച്ചതിനു കൃതജ്ഞത.

പി. എ. കുഞ്ഞുവറീതു്,
നായരമ്പലം

## ഇടവകവാർത്തകൾ

**അങ്കമാലി:** ബ. ആരോഗ്യമന്ത്രി മി. റഹിം, എം. എൽ. എ. ശ്രീ ആൻറണി മംഗലിയും ഒന്നിച്ച് 25-12-55-ൽ സ്ഥലം ചെറുപുഷ്പആസ്പത്രി സന്ദർശിച്ച് വാർഡുകളിൽ നടന്ന് രോഗികളെ കാണുകയും, മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയുമുണ്ടായി. ഇത്ര നന്നായി നടത്തപ്പെടുന്ന ഒരാസ്പത്രിയെ ഗവമ്മെൻറ് വേണ്ടവിധം പ്രോത്സാഹിപ്പിക്കാത്തതും ഈ മാസംവരെ ആസ്പത്രിക്ക് നൽകിപ്പോന്ന ഗ്രാൻറ് ഗവമ്മെൻറു നിറുത്തൽചെയ്തു ഉത്തരവയച്ചതും പഞ്ചായത്തു പ്രസിഡൻറ് ശ്രീ എം. എൽ. പോൾ ബ. മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തി. തിരുക്കൊച്ചിയിൽ ഏററം നല്ലനിലയിൽ നടത്തപ്പെടുന്ന ആസ്പത്രികളിൽ ഒന്നാണ് ഈ ചെറുപുഷ്പആസ്പത്രി എന്ന് അദ്ദേഹം സന്ദർശകഡയറിയിൽ രേഖപ്പെടുത്തുകയുണ്ടായി.

**അറക്കുളം പഴയ:** ചക്കിക്കാവ് വിമലഹൃദയകുരിശുപള്ളിയിൽ പതിവുപോലെ മാതാവിൻെറ അമലോത്ഭവത്തിരുന്നാൾ ഇക്കൊല്ലം ഡിസംബർ 12, 13 തിയതികളിൽ നടത്തിയിരിക്കുന്നു. തിരുനാളോടനുബന്ധിച്ച് 12-ാംനു- അവിടത്തെ യുവാക്കൾ "ധർമ്മസമരം" എന്ന സംഗീതനാടകം അഭിനയിച്ചു. റവ. ഫാദർ ജോസഫ് തുംകുഴി തിരുനാൾപ്രസംഗം നടത്തി.

**നീറിക്കോട്:** ആറുമാനൂർ മുളന്താനത്തുകുന്ന് സെൻറ് മേരീസ് പള്ളി മൈതാനത്തുവച്ച് 1955 ഡിസംബർ 18-ാംനു- ഞായറാഴ്ച പകൽ 4 മണിക്ക് റവ. ഫാദർ കാച്ചപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ അവശക്രൈസ്തവരുടെ ഒരു സമ്മേളനം നടത്തി. തദവസരത്തിൽ പി. എം. മർക്കോസ് എം. എൽ. എ., എം. ഒ. ജോസഫ് ബി. എ. മാമന്തടത്തിൽ എന്നിവർ പ്രസംഗിച്ചു. 18, 19, 20 എന്നി തിയതികളിൽ രാത്രി 8 മണി മുതൽ സുപ്രസിദ്ധവാഗ്മികളായ റവ. ഫാദേഴ്സ് തോമസ് ഇഞ്ചെയ്ക്കലോടി, തോമസ് വടശ്ശേരി എന്നിവരുടെ മതപ്രസംഗപരമ്പരയും ഉണ്ടായിരുന്നു.

**മൂഴൂർ:** സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന ചെറുപുഷ്പമിഷൻലീഗിൻെറയും, സൊഡാലിററിയുടെയും ഒരു അസാധാരണയോഗം ഈ മാസം 25-ാംതിയതി ബ്രദർ സക്കറിയാസ് തണ്ണിപ്പാറ ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുകയും തദവസരത്തിൽ ശ്രീ എം. ജെ. ജോസഫ് ബി. എ., സൈമൺ ബി. എസ്സ്സി എന്നിവർ പ്രസംഗിക്കുകയും ചെയ്തു. ഇടയ്ക്ക് സൊഡാലിററി അംഗങ്ങളുടെ വിവിധകലാപ്രകടനങ്ങളും ഉണ്ടായിരുന്നു.

**പാറപ്പള്ളി:** സ്ഥലത്തു പുതുതായി പണിതീർത്തിരിക്കുന്ന സൺഡെസ്കൂളിൻെറ ഉൽഘാടനം റവ. ഫാദർ മാത്യു വെള്ളാപ്പാട്ട് നിർവ്വഹിച്ചിരിക്കുന്നു. തുടർന്നു ഫാദർ മാത്യു അവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന പൊതുയോഗത്തിൽ മതപഠനത്തിൻെറ അത്യാവശ്യകതയെ പുരസ്കരിച്ച് ശ്രീ എം. ജോസഫ് വെള്ളാപ്പാട്ട് പ്രസംഗിച്ചു. ശ്രീ എൻ. ജെ. ജോസഫ് കൃതജ്ഞതാപ്രകടനം നടത്തി.

**ഇടപ്പോൺ:** ഈ ഇടവകയിൽ സ്തുത്യർഹമായി സേവനമനുഷ്ഠിച്ചുവരുന്ന മൂന്നു പ്രീസിദിയങ്ങളുടേയും, ഇടവകസൺഡേസ്കൂളിൻെറയും ഏകോപിച്ചുള്ള വാർഷികം വികാരി റവ ഫാദർ കോശി ഒ ഐ സി അവർകളുടെ നേതൃത്വത്തിൽ ഡിസമ്പർ 18-ാംനു- ഞായറാഴ്ച ഏററം വിജയകരമായി കൊണ്ടാടിയിരിക്കുന്നു. വി. കുർബാനസ്സുശേഷം റവ ഫാദർ ജോസഫ് താഴത്തുവീട്ടിൽ ബി എ ബി ടി അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ ക്യൂരിയാ പ്രസിഡൻറ് ബ്രദർ എം കെ മാത്തുണ്ണി, ശ്രീ പി ജി എം ദാസ്, ബ്രദേഴ്സ് സി കെ ഡാനിയേൽ, സി കെ ഡാനിയേൽകുട്ടി, എം കയ്യാക്കോസ് എന്നിവർ പ്രസംഗിച്ചു. മാതൃമാഹാത്മ്യത്തെ പ്രകീർത്തിച്ചുകൊണ്ടുള്ള അദ്ധ്യക്ഷൻെറ പ്രൗഢഗംഭീരമായ ഉപസംഹാരപ്രസംഗത്തിനുശേഷം യോഗം മംഗളകരമായി പര്യവസാനിച്ചു. ഇടയ്ക്കിടയ്ക്കു കുട്ടികളുടെ കലാപ്രകടനങ്ങളും ഉണ്ടായിരുന്നു.

**പരിയാരം:** കുററിക്കാട് സെൻറ് സെബാസ്ത്യൻസ് പള്ളിയിൽ ഡിസമ്പർ ആദ്യവാരത്തിൽ കപ്പൂച്ചിൻവൈദികരുടെ മിഷൻഏകാന്തധ്യാനവും ധ്യാനത്തിൻെറ ഒടുവിലത്തെദിവസം ഭക്തജനങ്ങളുടെ ഒരു പരിഹാരപ്രദക്ഷിണവും നടക്കുകയുണ്ടായി.

**വായ്പൂര്:** വായ്പൂര് പഴയപള്ളിയിലെ തിരുനാൾ ഇക്കൊല്ലം ഡിസമ്പർ 25 മുതൽ 28 വരെ തിയതികളിൽ പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു. ശ്രീ കെ ടി വർക്കിയുടെ കഥാപ്രസംഗവും ദി നമ്പരക്കുററി ബ്രദേഴ്സിൻെറ "ബെസ്പർക്കാനം" എന്ന നാടകവും അതോടനുബന്ധിച്ചു നടത്തുകയുണ്ടായി.

—o—

## ജപാപ്പസ്തോലസഖ്യത്തിൻെറ 1956 ജനുവരി മാസത്തിലെ പൊതുനിയോഗം

"സത്യസഭയെ അന്വേഷിക്കുന്നവർ, സഭാഐക്യത്തിൻെറ അടിസ്ഥാനമായി റോമാമാർപ്പാപ്പായുടെ പരമാധിപത്യത്തെ അംഗീകരിക്കുന്നതിനുവേണ്ടി."

## വേദപ്രചാരനിയോഗം

"ചൈനയിലെ കത്തോലിക്കർ ഐക്യബോധത്തോടുകൂടി തിരുസഭാബന്ധത്തിൽ ഉറച്ചുനില്ക്കുന്നതിനു്."

## അടുത്തയാഴ്ചയിൽ

ജാനുവരി

5 വ്യാ: വി. തെലസ്ഫോറൂസ്
6 വെ: ദെനഹാ
7 ശ: വി. ക്ലേരൂസ്-ക്രിസ്പിൻ
8 ഞാ: ദെനഹാ 1-ാംഞായർ
9 തി: വി. ചേൽസൂസ്
10 ചൊ: വി. വില്യം
11 ബു: വി. തെയോദോസിസ്

## കൈപ്പററി

ദി സേക്രഡ് ഹാർട്ട്സ് ആയുർവ്വേദിക്ക് ഹാൾ, ഞാറയ്ക്കൽ;

സി. കെ. പോൾ ആൻറ് കമ്പനി, സ്വർണ്ണവ്യാപാരം, ബ്രോഡുവെ, എറണാകുളം.

എന്നിവരുടെ 1956ലെ മനോഹരമായ കലണ്ടറുകൾ കൈപ്പററി നന്ദിപ്രകടിപ്പിച്ചുകൊള്ളുന്നു.

## വിവാഹവാർത്ത

**പൂവത്തോട്:** ഈ ഇടവകയിൽ ഔസേപ്പ് വർക്കി തെങ്ങുപള്ളിക്കുന്നേൽ അവർകളുടെ പുത്രൻ തോമ്മസ് ററി വിയും ഭരണങ്ങാനം പള്ളി ഇടവക പരേതനായ മററത്തിൽ ദേവസ്യ അവർകളുടെ ഏകപുത്രി കുമാരി സലോമിയും തമ്മിലുള്ള വിവാഹം ഡിസംബർ 26-ാംനു- നടന്നു. റവ ഫാദർ ഈററയ്ക്കാകുന്നേൽ വിവാഹശുശ്രൂഷകർമ്മം നിർവ്വഹിച്ചു.

ആത്മകഥാകഥനം

# ഞാൻ എന്തുകൊണ്ടു കത്തോലിക്കനായി?

[കുട്ടപ്പൻ ഒറാമത്തെക്കൽ, ചിങ്ങവനം]


(1939ൽ കത്തോലിക്കാസഭയിൽ ചേർന്ന ക്നാനായ യാക്കോബായ മെത്രാപ്പോലീത്താ തോമ്മസ് മാർ ദീയസ്ക്കോറോസ് തിരുമനസ്സിലെ ഇളയ സഹോദരനാണ് ശ്രീ കുട്ടപ്പൻ. ഒരു നലം തികഞ്ഞ പ്രഭാഷകനും യാക്കോബായ ഗ്രന്ഥങ്ങളിൽ അസാമാന്യപാണ്ഡിത്യം നേടിയിട്ടുള്ളവനും മററിയ സമുദായഭക്തനുമാണ് അദ്ദേഹം. യാക്കോബായസഹോദരങ്ങൾ ക. തിരുസഭയിൽ ചേരുന്നതിനെ തികഞ്ഞ മതഭക്തിയോടെ തടയുവാൻ ശ്രമിക്കവേ അദ്ദേഹം തിരുസഭയുടെ മടിത്തട്ടിൽ എത്തിച്ചേർന്നു. മെത്രാപ്പോലീത്താസ്ഥാനവും എല്ലാമുപേക്ഷിച്ച് ക. സഭയിൽ ചേരുവാൻ തിരുമേനിയെ പ്രേരിപ്പിച്ചതും മററാരുമായിരുന്നില്ല. ഹൃദയംഗമമായ രീതിയിൽ അദ്ദേഹം ആ പുരാവൃത്തം നമ്മോടു പറയുന്നു.)

ഉദ്ദേശം 26 വർഷങ്ങൾക്കുമുമ്പ് ചിങ്ങവനം യാക്കോബായ പള്ളിയിലെ "മാറാ കൈസ്ഥാനക്കാര"നായിരുന്നു ഞാൻ. എൻെറ ജ്യേഷ്ഠസഹോദരനായ മാർ ദീയസ്ക്കോറോസ് തിരുമനസ്സിലെ ഭരണത്തെ സുശക്തമാക്കുന്നതിനും ക്നാനായ യാക്കോബായ സമുദായത്തെ കഴിയുംപ്രകാരം അഭിവൃദ്ധിപ്പെടുത്തുന്നതിനും ഞാൻ കിണഞ്ഞു പരിശ്രമിച്ചുപോന്നു. നമ്മുടെ കർത്താവീശോമിശിഹാ സ്ഥാപിച്ച ഏക സത്യസഭ "യാക്കോബായ" ആണെന്നു ലോകരെ ഗ്രഹിപ്പിക്കുന്നതിനും അതിൽനിന്നു പിരിഞ്ഞുപോയവരേയും പിരിയുവാൻ ഉദ്ദേശിക്കുന്നവരേയും തടഞ്ഞ് യാക്കോബായസഭയിൽ സ്ഥിരമാക്കി നിറുത്തുന്നതിനും ചിങ്ങവനം ദയറാപ്പള്ളിയങ്കണത്തിൽവച്ച് ഒരു പ്രസംഗമഹായോഗം നടത്തുവാൻ ഞങ്ങൾ തീരുമാനിച്ചു. കേരളത്തിലെ യാക്കോബായസഭയിൽപ്പെട്ട പണ്ഡിതരും വാഗ്മികളുമായ മെത്രാപ്പോലീത്താമാരും മല്പാന്മാരും മററും സന്നിഹിതരായിരുന്ന ആ ആദ്യയോഗം വലിയ നോമ്പാരംഭത്തോടെ തുടങ്ങി. അഞ്ചു മെത്രാപ്പോലീത്താമാരും മുപ്പതിൽപ്പരം വൈദികരും ഒരു വലിയ ജനക്കൂട്ടവും സംബന്ധിച്ചിരുന്നു ആ യോഗത്തിൽ. സത്യസഭ സാക്ഷാൽ "യാക്കോബായ" ആണെന്നു സകാരണം തെളിയിക്കുക മാത്രമായിരുന്നു പ്രധാന ലക്ഷ്യം. മാനസ്സാന്തരവിഷയങ്ങൾ ഒന്നും പ്രസംഗത്തിനായി സ്വീകരിച്ചില്ല.

തുമ്പമൺ പുത്തൻവീട്ടിൽ യാക്കോബുകത്തനാർ, മണർകാട്ടു ബ. വെട്ടിക്കുന്നേലച്ചൻ, കൊച്ചുപറമ്പിൽ ഗീവറുഗീസ് റമ്പാച്ചൻ, മുതലായവർ പ്രധാനപ്രസംഗകരായിരുന്നു. എൻെറ സഹോദരൻ ചെറിയാൻ വക്കീലും സഹോദരീഭർത്താവു ബ. കരവട്ടച്ചനും മററും ചേർന്നു, സത്യസഭ റോമ്മാസഭയാണെന്നു പ്രസ്താവിക്കുകയും അതിൽ ചേരാൻ ആളുകളെ നിർബന്ധിക്കുകയും അവർ തന്നെ ചേരാൻ മുതിരുകയും ചെയ്തു. സ്വന്തം സഹോദരനായ മെത്രാപ്പോലീത്താ ഭരിക്കുന്ന യാക്കോബായസഭയെ അവഹേളിക്കയാണല്ലോ ജ്യേഷ്ഠസഹോദരൻ ചെയ്യുന്നതു് എന്നെനിക്കു തോന്നി. യോഗത്തിൽ ആദ്യന്തം സംബന്ധിച്ചുകൊള്ളാമെന്നും കാര്യകാരണസഹിതം യാക്കോബായസഭ ഏകസത്യസഭയെന്നു തെളിയിച്ചതന്നാൽ കത്തോലിക്കാസഭയിൽ ചേരുന്നതല്ലെന്നും സഹോദരനും എൻെറ സഹോദരീഭർത്താവായ ബ. കരവട്ടച്ചനും സമ്മതിച്ചിരുന്നതു് ആശാജനകമായിരുന്നു.

ആവേശഭരിതമായ പ്രസംഗം അങ്ങനെ പൊടിപാറി നടക്കുകയാണ്. തുമ്പമൺ പുത്തൻവീട്ടിലച്ചൻെറ ശബ്ദധോരണി ആകാശത്തിൽ അലകളെ ആരചിച്ചുകൊണ്ട് ഇടതടവില്ലാതെ നിർഗ്ഗളിച്ചു. പക്ഷേ, ശകാരവർഷവും ആക്ഷേപശരവുമല്ലാതെ മററൊന്നുമായിരുന്നില്ല അതു്. വക്കീൽകക്ഷിയിൽപ്പെട്ട ഒരാൾ ക്ഷുഭിതനായി. "കത്തോലിക്കരെ മാത്രം ഇത്ര നിശിതമായി വിമർശിച്ചതു ശരിയായില്ല" എന്നു പരാതിപ്പെട്ടു. "കത്തോലിക്കരെ വിമർശിച്ചാൽ എന്തു വരാൻ പോകുന്നെന്നു കാണട്ടെ"യെന്നായി ഞാൻ. "അടിച്ചുമലത്തണം ഇവരെയെല്ലാം" എന്നു ഞാൻ ബ. പ്രസംഗകനെ ഏല്പാടു ചെയ്തു. പക്ഷേ, ശരിയായ ആധാരത്തിൽനിന്നു മാത്രമേ ആകാവൂ എന്നും പറഞ്ഞിരുന്നു.

## For favours received



Mrs. Mary Thomas
Oachanthuruth

നാലാമത്തെ ദിവസം അച്ചൻ പ്രസംഗം ആരംഭിച്ചതു് പത്രോസിൻെറ പരമാധികാരമെന്ന വിഷയവുമായിട്ടായിരുന്നു. "റോമാക്കാർ പറയുന്നതു് ക്രിസ്തു പത്രോസിൻെറ മേലാണ് സഭ പണിതതെന്നാണ്". എന്നാൽ, പ്രിയപ്പെട്ടവരേ, പത്രോസിൽ മാത്രമല്ല, പ്രത്യുത 12 ശ്ലീഹന്മാരിലും കൂടിയാണ് വി. സഭയെ കർത്താവു പണിതതു്. പോരെങ്കിൽ പത്രോസിനെന്താണ് ഇത്ര വിശേഷം. പത്രോസാണ് നമ്മുടെ കർത്താവിനെ തള്ളിപ്പറഞ്ഞതു്. പത്രോസിനെയാണ് നമ്മുടെ കർത്താവു "സാത്താനെ" എന്നു വിളിച്ചതു്; "അവിശ്വാസി" എന്നു വിളിച്ചതു്. അതുകൊണ്ടു 11പേരിലും അരഡിഗ്രി കുറവേയുള്ളൂ." അങ്ങിനെ നീണ്ടു നീണ്ടു പോയി ആ പ്രസംഗം—മൂന്നുമണിക്കൂർ സമയത്തേക്കു.

യോഗാനന്തരം ബ പുത്തൻവീട്ടിലച്ചനും ഞാനുംകൂടി കുളിക്കാൻ പോകവേ എൻെറ ജ്യേഷ്ഠസഹോദരൻ ചെറിയാൻ വക്കീൽ ഞങ്ങളെ എതിരിട്ടു; "ബ. അച്ചാ, അങ്ങൊരു യാക്കോബായ വൈദികനെന്നനിലയിലാണോ ഇന്നു പ്രസംഗിച്ചതെ"ന്നു ചോദ്യമായി. "വക്കീൽസാറേ, ഇതു കേട്ടിട്ടു ഒന്നും പേടിക്കേണ്ട. സാറിൻെറ വിശ്വാസം സത്യവും ശരിയുമാണ്. ഞാൻ ഒരു യാക്കോബായ വൈദികൻ തന്നെയാണ്. എന്തായാലും എന്നെ ഈ യോഗത്തിലേക്കു ക്ഷണിച്ചവരുടെ ആഗ്രഹവും ഉദ്ദേശ്യവും സഫലമാകണ്ടേ." "അങ്ങിനെയെങ്കിൽ കൊള്ളാം. അച്ചനെന്തും പ്രസംഗിച്ചോളു" എന്നു പറഞ്ഞു ജ്യേഷ്ഠൻ വീട്ടിലേക്കു പോയി.

ഞാൻ പരിഭ്രമത്തിലായി ഈ സംസാരംമൂലം. അച്ചനിലുണ്ടായിരുന്ന എൻെറ വിശ്വാസം നഷ്ടമായി. ഈ ക്ഷീണംതീർത്തു നാളത്തെ പ്രസംഗം പൊടിപ്പനാക്കണമെന്നു കരുതി ബ: വെട്ടിക്കുന്നേലച്ചനെ സമീപിച്ചു. അദ്ദേഹം പറയുകയാണ്: "ആ സമുദായത്തേയൊ സഭയേയൊ ആക്ഷേപിച്ചു ഞാൻ പ്രസംഗിക്കയില്ല." ഇനിയെന്താണു മാർഗ്ഗമെന്നു പരിഭ്രമംപൂണ്ടു ഞാൻ അതുവരേയും പ്രസംഗത്തിനു വരാതിരുന്ന തിരുവല്ലാക്കാരൻ ബ: കോടിയാട്ടച്ചനു ആളുവിട്ടു. സഭയെന്ന വിഷയത്തെ അധികരിച്ചു മാത്രമേ പ്രസംഗിക്കാവൂ എന്നും ശരിയായ, വ്യക്തമായ, അനിഷേധ്യമായ, സുശക്തമായ തെളിവും യുക്തിയും നൽകി പ്രസംഗിക്കണമെന്നും വിളിക്കാൻപോയ ആളുമൂലം അറിയിച്ചിരുന്നു. കൃത്യസമയത്തു് അച്ചൻ ആഗതനായി. സഭയെക്കുറിച്ചുതന്നെ അദ്ദേഹം പ്രസംഗം തുടങ്ങി. "നമ്മുടെ യാക്കോബായസഭ കർത്താവീശോമിശിഹായാൽ സ്ഥാപിതമായതും വി. പത്രോസ് ശ്ലീഹായിൽ അടിസ്ഥാനമിട്ടതുമാകുന്നു. വി. പത്രോസ് ശ്ലീഹായിൽ അടിസ്ഥാനമിട്ടിട്ടില്ല എന്ന ഒരു സഭയിലും രക്ഷകിട്ടുകയില്ല. വി. പിതാക്കന്മാർ വി. പത്രോസ് ശ്ലീഹായെപ്പററി, നമ്മുടെ കൂദാശക്രമങ്ങളിലും പ്രാർത്ഥനാപുസ്തകങ്ങളിലും മററും ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നതു്." ഇവിടെ അദ്ദേഹം സുറിയാനിഗീതങ്ങൾ ചൊല്ലി അവയെ പരിഭാഷപ്പെടുത്തി. "നമ്മുടെ കർത്താവു ശെമഓനെ കണ്ടു. ശ്ലീഹന്മാരിൽ തലവനായി അവനെ നിയമിച്ചു. തൻെറ ഇടവകയെ മേയിപ്പാനായി അവനോടാജ്ഞാപിക്കയും ചെയ്തു. ഞാൻ നിന്നെ പ്രധാനിയാക്കിയിരിക്കുന്നു. സ്വർഗ്ഗത്തിൻേറയും ആഴത്തിൻേറയും താക്കോലുകളെ ഞാൻ നിനക്കു തരുന്നു. നീ കെട്ടുന്നതിനെ ഞാനും കെട്ടിക്കൊള്ളാം. നീ എന്തെങ്കിലും അഴിച്ചാൽ അതു അഴിച്ചതുതന്നെ ആയിരിക്കും. ഹേ, സഭയേ, നിൻെറ അടിസ്ഥാനം എവിടെ? കൊല്ലപ്പെട്ടവനും എറിയപ്പെട്ടവനുമായ വി. പത്രോസിന്മേലല്ലയോ? ശ്ലീഹന്മാരിൽ തലവനായ ശിമോനാകുന്ന പാറമേൽ ഞാൻ പണിയപ്പെട്ടിരിക്കുന്നു. തിരമാലകളും കൊടുങ്കാററുകളും എൻെറനേരെ അടിച്ചു ഞാൻ വീണില്ല. വേദവിപരീതികൾ എനിക്കെതിരായി യുദ്ധംചെയ്തുവെങ്കിലും അവർ തോററുപോയതേയുള്ളു." എന്നിത്യാദി മൂന്നുനാലു ഉദ്ധരണികൾ എടുത്തുകാട്ടിക്കഴിഞ്ഞപ്പോൾ എൻെറ സഹോദരൻ വക്കീൽ സമീപയെത്തി, തൂണുംചാരിയിരുന്ന എന്നെ തട്ടിവിളിച്ചു. "ഇന്നത്തെ പ്രസംഗം ശരിയായി ശ്രദ്ധിക്കണം കേട്ടോ" എന്നു പറഞ്ഞിട്ടു പഴയസ്ഥാനത്തു പോയിരുന്നു. ഞാനങ്ങു ജീവച്ഛവമായി. എന്തു പറയാനാണ്! അച്ചൻ താഴെവരുംപ്രകാരം പ്രസംഗം തുടരുകയായി: "ശ്ലീഹന്മാരിൽ തലവനായ ശെമഓനു വലിയ ഭാഗ്യം. എന്തുകൊണ്ടെന്നാൽ, നമ്മുടെ രക്ഷിതാവു് അവനെ സഭയുടെ അടിസ്ഥാനമാക്കിവച്ചു. എൻെറ മുട്ടാടുകളേയും പെണ്ണാടുകളേയും കുഞ്ഞാടുകളേയും എനിക്കായി നീ മേയിച്ചുകൊൾക എന്നു് അവനോടു കല്പിക്കുകയും ചെയ്തു" (പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മദിനം ചൊല്ലുന്നപ്രാർത്ഥന). "വിശ്വാസമുള്ള വി. സഭയുമായി സ്വർഗ്ഗീയമണവാളൻ വിവാഹപ്രതിജ്ഞ ചെയ്തപ്പോൾ ശെമഓനേയും യൂഹാനോനേയും വിളിച്ചു ശെമഓനെ ഭവനാധികാരിയായും യൂഹാനോനെ പ്രസംഗക്കാരനായും നിശ്ചയിച്ചു. സൂക്ഷ്മതയോടെ വിശ്വാസമുള്ള വി. സഭയെ കാത്തുകൊള്ളണമെന്നു അവരോടു കല്പിക്കുകയുംചെയ്തു." (വിവാഹശുശ്രൂഷ ഒന്നാംക്രമം). "യോനായുടെ പുത്രനായ ശിമയോൻ ആഴത്തിൻേറയും ഉയരത്തിൻേറയും താക്കോലുകളെ കൈക്കൊണ്ടപ്പോൾ ഇടയന്മാരുടെ തലവൻ അരുളിച്ചെയ്തു്, ശെമയോനേ നീ എന്തുചെയ്യുന്നുവെന്നു കരുതിക്കൊള്ളണം. ആട്ടിൻകൂട്ടം മുഴുവനായി ഞാൻ നിനക്കു ഭരമേല്പിക്കുന്നു. എൻെറ മുട്ടാടുകളേയും പെണ്ണാടുകളേയും കുഞ്ഞാടുകളേയും എനിക്കായി നീ മേയിച്ചുകൊൾക. മുഖപക്ഷം നോക്കാത്ത ദൈവസിംഹാസനത്തിൻ മുമ്പാകെ നീ കണക്കു ബോധിപ്പിക്കേണ്ടിവരും." (മേല്പട്ടസ്ഥാനാഭിഷേകക്രമം.) "ഞാൻ കടലോരത്തുകൂടി സഞ്ചരിച്ചു ശിമയോൻപത്രോസിൻെറതുപോലെ വേറൊരു കപ്പൽ ഞാൻ കണ്ടില്ല. എന്തുകൊണ്ടെന്നാൽ, അതു ദീർഘദർശിമാരെ വഹിച്ചിരിക്കുന്നതും ശ്ലീഹന്മാരെ ഭരിച്ചുനടത്തുന്നതും അവരെ മോക്ഷപ്രാപ്തരാക്കുന്നതുമായ കപ്പലാകുന്നു" (ശീഹ്മാ നമസ്കാരം വ്യാഴാഴ്ച രാത്രി പ്രാർത്ഥന.) "കടലിൽ വലവീശിക്കൊണ്ടിരുന്ന ശിമയോൻകീപ്പായെ അവൻെറ ഉടയവൻ വിളിച്ച് അരുളിച്ചെയ്തു, ശിമയോനേ, നീ വരിക. മരണത്തിൽനിന്നു നിത്യജീവിതത്തിലേക്കു മനുഷ്യരെ വീശിപ്പിടിക്കുന്നതിനുള്ള രൂഹാക്കുടുത്ത വലയെ നിനക്കു ഞാൻ തരാം. ശിമയോനേ, എൻെറ തിരുസഭയെ നിൻെറ മേൽ ഞാൻ പണിയും. ലോകാവസാനത്തോളം പാതാളവാതിലുകൾ അതിനോടു ബലം ചെയ്കയില്ല. നമ്മുടെ യേശുനാഥൻ മീൻപിടുത്തക്കാരെ വിളിച്ച് അവരെ തൻെറ ശിഷ്യരാക്കി. സുവിശേഷംമൂലം മോക്ഷരാജ്യത്തിലേക്കു മനുഷ്യരെ വീശിപ്പിടിപ്പാൻ അവരെ നിയമിച്ചു. എന്നാൽ, വീശിക്കിട്ടുന്നവരെ അവരുടെ തലവനായ ശിമയോൻെറ മാദ്ധ്യസ്ഥംമൂലമല്ലാതെ മോക്ഷത്തിലേക്കു പ്രവേശിപ്പിപ്പാൻ അവർക്കു കഴികയില്ല. എന്തുകൊണ്ടെന്നാൽ, ആകാശമോക്ഷത്തിൻെറ താക്കോലുകൾ അവൻെറ കൈകളിൽ താനേല്പിച്ചു. ഒരുവനു തുറന്നുകൊടുപ്പാനും വേറൊരുവനു തുറന്നുകൊടുക്കാതിരിപ്പാനും അവനെ അധികാരപ്പെടുത്തി. മൂശ പഴയനിയമത്തിൻേറയും ശിമയോൻ പുതിയനിയമത്തിൻേറയും തലവന്മാരാകുന്നു. ഇരുവരും തമ്മിൽ സാമ്യമുള്ളവരും ദൈവആവാസമുള്ളവരുമാകുന്നു. എങ്ങനെയെന്നാൽ, മോശ വേദപ്രമാണപ്പലകകളെ ഏററുവാങ്ങുകയും സഭയിൽ കൂടാരം പണിയുകയും ചെയ്തു. ശിമയോനോ ആകാശമോക്ഷത്തിൻെറ താക്കോലുകൾ ഏററുവാങ്ങുകയും സഭ അവൻെറ മേൽ പണിയപ്പെടുകയുംചെയ്തു. വിവേചനാശക്തിയുള്ള കേൾവിക്കാരേ, നമ്മേയും നമ്മുടെ സ്ത്രീകളേയും കുഞ്ഞുങ്ങളേയും ശിമയോൻകീപ്പായുടെ കരങ്ങളിൽ താനേല്പിച്ചിരിക്കുന്നുവെന്നറിഞ്ഞുകൊള്ളുവിൻ. സത്യവാനും വിശ്വസ്തനുമായ ഈ ശിമയോൻകീപ്പാ ഇടയന്മാരുടെ ഇടയനും പാത്രിയർക്കീസന്മാരിൽ ആദ്യനുമല്ലാതെ പിന്നെ ആരാകുന്നു? ശിമയോനേ, എൻെറ ശിഷ്യാ, ഞാൻ നിന്നെ വി. സഭയുടെ അടിസ്ഥാനമാക്കി. മുമ്പേതന്നെ നിന്നെ ഞാൻ പാറ എന്നു വിളിച്ചു. എന്തുകൊണ്ടെന്നാൽ, സഭ മുഴുവനേയും നീ താങ്ങും. ഭൂമിയിൽ എനിക്കായി സഭ പണിയുന്ന സകലരുടേയും മേൽനോട്ടക്കാരൻ നീയാകുന്നു. അവർ എന്തെങ്കിലും തെററിച്ചു പണിതാൽ അടിസ്ഥാനമായ നീ അവരെ ശാസിക്കണം. എൻെറ ഉപദേശം എവിടെനിന്നുത്ഭവിക്കുന്നുവോ ആ ഉറവ നീയത്രെ. നീ എൻെറ ശിഷ്യന്മാരുടെ തലയാകുന്നു. നീ വഴിയായി എല്ലാ ജാതികളേയും ഞാൻ കുടിപ്പിക്കും. എൻെറ സ്ഥാപനത്തിൽ കടിഞ്ഞൂൽപുത്രനാകുവാനും എൻെറ നിധികളുടെമേൽ അവകാശിയാക്കപ്പെടുവാനും ഞാൻ നിന്നെ തിരഞ്ഞെടുത്തു. എൻെറ രാജ്യത്തിൻെറ താക്കോലുകളെ ഞാൻ നിനക്കു തരുന്നു. കണ്ടാലും! എൻെറ സമസ്ത നിധികളിന്മേലും ഞാൻ നിന്നെ അധികാരപ്പെടുത്തിയിരിക്കുന്നു." (യാക്കോബായസഭ മല്പാനായി സ്വീകരിക്കുന്ന വി. അപ്രേമിൻെറ മെമ്രാ) "ശ്ലീഹാക്കടുത്ത നിരകളിൽ തലവനായ വി. പത്രോസിനോടുകൂടി ഇവൻ ഹാലേലൂയ്യാ പാടി നിന്നെ വാഴ്ത്തിപ്പുകഴ്ത്തട്ടെ." (കൊഹനൈത്താ)

(തുടരും)

## വിനോദവീഥി

കൃഷിഇൻസ്പെക്ടർ:- (ഒരു പ്രചരണയോഗം കഴിഞ്ഞു്) ഹേ, മിസ്റ്റർ, എൻെറ പ്രസംഗംകൊണ്ടു് നിങ്ങൾക്കു വല്ല ഗുണവുമുണ്ടായോ?

കൃഷിക്കാരൻ:- പ്രസംഗം നന്നായിരുന്നു. പക്ഷെ ഒരു മണിക്കൂർ പ്രസംഗത്തിനുപകരം കാൽ മണിക്കൂർ മഴ കിട്ടിയെങ്കിൽ കൃഷിക്കു പാറുമായിരുന്നു!

X X X



"നിങ്ങളുടെ കഴുത ആട്ടിയോടിച്ചിട്ടും എൻെറതോട്ടത്തിന്നു പോകുന്നില്ല, ഞാനെന്തുചെയ്യും?"

"നിങ്ങളു മറെറാന്നും ചെയ്യണ്ട. ദൈവത്തെയോർത്തു മൂളിപ്പാട്ടുപാടാതെ വേഗമങ്ങു നടന്നുപോയാ മതി!"

X X X




"അടുത്ത മുറിക്കെന്തു വാടകയാകും പാച്ചുപ്പാ? ഒരു ചെരുപ്പു കൂലിക്കുകൊടുക്കുന്ന ഷാപ്പുകൂടി തുടങ്ങണൊന്നുണ്ടു്!"

# ഫ്രാൻസിസ്കൻ മൂന്നാംസഭക്കാരും കർമ്മലോത്തരീയവും

[ഫാ. എലിസേവൂസ് ഒ സി. ഡി.]

കർമ്മലോത്തരീയം ധരിക്കുന്നതിനെപ്പററിയും അതിൻെറ കടമകളെപ്പററിയും വിശ്വാസികളുടെ ഇടയിൽ, വിശിഷ്യാ ഫ്രാൻസിസ്കൻ മൂന്നാംസഭക്കാരുടെ ഇടയിൽ പല സംശയങ്ങളും തെററിധാരണകളും ഉണ്ടെന്നും, അവ നീക്കാനായി വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ച് ഒരു ലേഖനം പ്രസിദ്ധപ്പെടുത്തുന്നത് വളരെ പ്രയോജനകരമായിരിക്കുമെന്നും ഭക്തനായ ഒരു ഫ്രാൻസിസ്കൻ മൂന്നാംസഭാംഗം കുറെ മാസങ്ങൾക്കുമുമ്പ് എനിക്കു എഴുതിയിരുന്നു. ഉന്നയിച്ചിരുന്ന സംശയങ്ങളെപ്പററി പഠിക്കുകയും അറിവുള്ളവരോടാലോചിക്കുകയും ചെയ്തതിൻെറശേഷമാണ് ഈ ലേഖനം എഴുതുന്നത്. റോമയിലും ന്യൂയോർക്കിലുമുള്ള ചില വേദശാസ്ത്രജ്ഞന്മാരും കാനോനാനിയമജ്ഞന്മാരും അവരിലുൾപ്പെടുന്നുവെന്നു പ്രത്യേകം എടുത്തുപറഞ്ഞുകൊള്ളട്ടെ.

"ഫ്രാൻസിസ്കൻ മൂന്നാംസഭയിൽ ചേർന്നിട്ടുള്ളവർ അതിൻെറ ചരടും വെന്തിങ്ങയും ധരിച്ചാൽ മതി; അതിനാൽതന്നെ കർമ്മല ഉത്തരീയം ധരിക്കുന്നതുകൊണ്ടുള്ള എല്ലാ ആത്മീയാനുകൂല്യങ്ങളും ലഭിച്ചുകൊള്ളും എന്നാണ് പഴമക്കാർ പറയുന്നതനുസരിച്ച് പലരും ധരിച്ചുവച്ചിരിക്കുന്നത് എന്നറിയുന്നു. തൽഫലമായി ആരുംതന്നെ കർമ്മലഉത്തരീയം ധരിക്കയോ, ഭൂരിപക്ഷംപേരും അതിൻെറ നിയമങ്ങൾപോലും അനുഷ്ഠിക്കുകയോ ചെയ്യുന്നില്ല" എന്നു പ്രസ്തുത മാന്യൻ എഴുതുന്നു. ഇതു സംബന്ധിച്ചു ചോദിച്ചിട്ടുള്ള സംശയങ്ങൾ മുഖ്യമായി മൂന്നാണ്.

1. കർമ്മലോത്തരീയസഭയിൽ ചേർന്നിട്ടുള്ള ഫ്രാൻസിസ്കൻ മൂന്നാംസഭക്കാർ കർമ്മലോത്തരീയം ധരിക്കാതെ ഫ്രാൻസിസ്കൻ സ്കപ്പുലാരയും ചരടും ധരിക്കുകയും പ്രസ്തുത സഭയുടെ നിയമങ്ങളിൽ പറയുന്ന 12 ആ. 12 നന്മ. 12 ത്രിത്വസ്തുതിയും ദിവസേന എത്തിക്കുകയും ചെയ്താൽ രണ്ടു സഭയിൽനിന്നും ലഭിക്കാവുന്ന പൂർണ്ണ ഗുണാനുഭവങ്ങൾക്കു ഒരേ സമയത്തർഹരാണോ?

ഇതിനുത്തരം "അർഹരല്ലാ" എന്നത്രേ. ഫ്രാൻസിസ്കൻ മൂന്നാംസഭയിൽ ചേർന്ന് പ്രസ്തുത സഭയുടെ ഉത്തരീയവും ചരടും ധരിക്കുകയും നിയമപ്രകാരം ദിവസേന 12 ആ. 12 നന്മ. 12 ത്രിത്വസ്തുതിയും ചൊല്ലുകയും ചെയ്യുന്നവക്ക് ടി സഭയുടെ ആനുകൂല്യങ്ങളും ദണ്ഡവിമോചനങ്ങളും മാത്രമേ ലഭിക്കുകയുള്ളൂ. ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ ഉത്തരീയവും അതിൻെറ പ്രാർത്ഥനകളും കർമ്മലോത്തരീയത്തിൻെറയോ അതിനോടനുബന്ധിച്ചിട്ടുള്ള പ്രാർത്ഥനകളുടേയോ പകരമാകുകയില്ല. ഏകഉത്തരീയവും ഏകപ്രാർത്ഥനയുംകൊണ്ട് ഇരുസഭകളുടേയും ആദ്ധ്യാത്മിക ഗുണഫലങ്ങൾ ഒന്നിച്ചു ലഭിക്കുന്നതിന് അവക്കു യാതൊരാനുകൂല്യവും പരിശുദ്ധസിംഹാസനത്തിൽനിന്നു കല്പിച്ചു നൽകിയിട്ടില്ലെന്നാണ് ഇതു സംബന്ധിച്ച് റോമയിലുള്ള ഫ്രാൻസിസ്കൻ കേന്ദ്രങ്ങളിൽ അന്വേഷിച്ചിട്ട് ലഭിച്ച അറിവ്.

2. അവർ അവയ്ക്കർഹരല്ലാത്ത പക്ഷം കർമ്മലോത്തരീയസഖ്യതയിൽ ചേർന്നിട്ടുള്ളവക്ക് സാധാരണ അനുവദനീയമായിട്ടുള്ള 7 ആ. 7 നന്മ. 7 ത്രിത്വസ്തുതിയുംകൂടി ദിവസേന ചൊല്ലുകയാണെങ്കിൽ കർമ്മലോത്തരീയത്തിൻെറ ആനുകൂല്യങ്ങൾക്കൂടി ആ ഉത്തരീയം ധരിക്കാതെ അവക്കു ലഭിക്കുമോ?

ഈ ചോദ്യത്തിൻെറ ഉത്തരവും നിഷേധാത്മകം തന്നെ. ഫ്രാൻസിസ്കൻ ഉത്തരീയം ധരിക്കുകയും അതിൻെറ കടമനിർവ്വഹിക്കുകയും ചെയ്യുന്നതിനുപുറമെ, കർമ്മലോത്തരീയം ധരിക്കാതെ ഇതിൻെറ കടമകൾക്കൂടി അനുഷ്ഠിച്ചാലും കർമ്മലോത്തരീയസഖ്യതയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല. ഇരുസഭകളുടെയും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഇരുസഭകളിലുംചേർന്ന്, ഓരോന്നിൻെറയും ഉത്തരീയങ്ങൾ ഒന്നിച്ചു പതിവായി ധരിക്കുകയും സഭാനിയമപ്രകാരമുള്ള പ്രാർത്ഥനകൾ പ്രത്യേകം പ്രത്യേകം ചൊല്ലുകയും ചെയ്യേണ്ടതാണ്.

3. രണ്ടു സഭകളിലും ചേർന്നിട്ടുള്ളവർ രണ്ടു സഭകളുടേയും ഉത്തരീയങ്ങൾ പ്രത്യേകം പ്രത്യേകം ധരിക്കുകയും രണ്ടിൻെറയും നിയമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യേണ്ടതല്ലയോ? അതു ചെയ്യാതെ രണ്ടിൻെറയും ആനുകൂല്യങ്ങൾ ഒന്നിച്ചു ലഭിക്കുന്നതിനു വല്ല മാർഗ്ഗവുമുണ്ടോ?

മേൽപ്രസ്താവിച്ചതിൽ നിന്നു ഈ ചോദ്യത്തിൻെറ ഉത്തരവും വിശദമാകുന്നുണ്ടല്ലോ. എങ്കിലും കർമ്മലോത്തരീയസഖ്യതയിൽ ചേർന്നിട്ടുള്ള ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങൾക്ക് രണ്ടുത്തരീയങ്ങളും പ്രത്യേകം പ്രത്യേകം ധരിക്കേണ്ടകടമയോ ആവശ്യമോ ഇല്ല. രണ്ടുത്തരീയങ്ങളുംകൂടി ഒന്നായി ധരിക്കുന്നതിനു ഒരു മാർഗ്ഗമുണ്ട്. ഫ്രാൻസിസ്കൻ ഉത്തരീയത്തിൻെറ തട്ടുകൾ ഘടിപ്പിച്ചിരിക്കുന്ന ചരടോടു കർമ്മലോത്തരീയത്തിൻെറ തട്ടുകൾ തുന്നിപ്പിടിപ്പിച്ചാൽ മതിയാകും. ഇപ്രകാരം രണ്ടു ചരടിന്മേൽ നാലുതട്ടുകൾ ഘടിപ്പിച്ചിട്ടുള്ള ഒരിരട്ട ഉത്തരീയം രണ്ടിൻെറയും സ്ഥാനത്തു് ഉപയോഗിക്കാവുന്നതാണ്. എന്നാൽ കർമ്മലോത്തരീയത്തിൻെറ തട്ട് ഫ്രാൻസിസ്കൻ ഉത്തരീയത്തിൻെറ മേൽവച്ച് നാലുവശവും തുന്നിച്ചേർക്കുന്ന രീതി അനുവദനീയമല്ല. ഇപ്രകാരം ചെയ്യുമ്പോൾ അല്പം തടിച്ച ഉത്തരീയമുണ്ടാകുമെന്നല്ലാതെ ഇരട്ട ഉത്തരീയം ലഭിക്കുകയില്ല. അതിനാൽ കർമ്മലോത്തരീയത്തിൻെറ തട്ടുകളുടെ മുകൾവശം ഫ്രാൻസിസ്കൻ ഉത്തരീയത്തിൻെറ തട്ടുകളും ചരടുകളും കൂടി ഘടിപ്പിച്ചിരിക്കുന്ന വശത്ത് ചരടോടു ചേർത്തു തയ്ക്കുകയും മററു മൂന്നു വശങ്ങൾ വിടന്നുകിടക്കുകയും ചെയ്യുകയാണെങ്കിൽ മാത്രമേ ഇരട്ടഉത്തരീയം സാധുവാകയുള്ളൂ.

ഇതുപോലെതന്നെ ഇതരസഖ്യതകളുടേയും ഉത്തരീയങ്ങൾ പ്രത്യേക വ്യവസ്ഥകളില്ലെങ്കിൽ ഒരു ജോടി ചരടിനോടു ഘടിപ്പിക്കാവുന്നതാണ്.

## ഉത്തരീയകാശ്രുരൂപം

ഉത്തരീയത്തിനുപകരം ഉത്തരീയകാശ്രുരൂപം ധരിക്കുന്നതിനുള്ള അനുവാദം വി. പത്താംപീയൂസ് മാർപ്പാപ്പാ 1910 ഡിസം: 16-ാംനു- വിശ്വാസികൾക്കു കല്പിച്ചു നൽകിയിട്ടുണ്ട്. എങ്കിലും "പരിശുദ്ധ പിതാവ് അതിയായി ആഗ്രഹിക്കുന്നത് വിശ്വാസികൾ പഴയപോലെ ഉത്തരീയം ധരിക്കണമെന്നാണ്". പ്രകൃതത്തിൽ ഉത്തരീയകാശ്രുരൂപം എന്നു പറഞ്ഞാൽ ഒരു വശത്തു ഈശോയുടെ തിരുഹൃദയത്തിൻെറയും, മറുവശത്തു ദൈവജനനിയുടെയും പ്രതിഛായയുള്ള കാശ്രുരൂപമെന്നർത്ഥം. ഈ കാശ്രുരൂപം എത്ര ഉത്തരീയങ്ങൾക്കു പകരം ധരിക്കുന്നുവോ, അത്രയും ഉത്തരീയങ്ങൾക്കുവേണ്ടി പ്രത്യേകം പ്രത്യേകം ആശീർവ്വദിക്കപ്പെട്ടതായിരിക്കണം. മൂന്നാംസഭകളിൽ ചേർന്നിട്ടുള്ളവർ അതതു സഭകളുടെ പ്രത്യേക വലിയ ഉത്തരീയം ധരിക്കുന്നതിനു എപ്പോഴും ബാദ്ധ്യസ്ഥരാണ്. അതിനാൽ ഒരു ഫ്രാൻസിസ്കൻ മൂന്നാംസഭാംഗം പ്രസ്തുതസഭയുടെ ഉത്തരീയത്തോടുകൂടി കർമ്മലോത്തരീയത്തിനുപകരം ആശീർവ്വദിക്കപ്പെട്ട കാശ്രുരൂപംകൂടി ധരിക്കുകയും ഈ ഉത്തരീയസഖ്യതയുടെ നിയമങ്ങളുംകൂടി പാലിക്കുകയും ചെയ്താൽ രണ്ടു സഭകളുടേയും ആനുകൂല്യങ്ങൾക്കർഹനാകുന്നതാണ്.

ഇതിൽനിന്ന് 1946 ൽ ചങ്ങനാശ്ശേരി സെൻറ് ജോസഫ്സ് ഓർഫനേജ് പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ "വിശുദ്ധ ഫ്രാൻസിസ് മൂന്നാംസഭക്കാരുടെ നിയമങ്ങൾ" എന്ന ചെറുപുസ്തകത്തിലെ താഴെ കാണുന്ന ഖണ്ഡികയിലുള്ള ശരിയും തെററും എന്തെന്നു വിശദമാകുന്നുണ്ടല്ലോ. ആ പുസ്തകത്തിൽ ഇപ്രകാരം പറയുന്നു: "ഈ സഭയുടെ ഉത്തരീയം കർമ്മലമാതാവിൻെറ ഉത്തരീയത്തോടു യാതൊരു ബന്ധവുമുള്ളതല്ല. അതിനാൽ ഇരുസഭകളുടേയും ഉത്തരീയം വെവ്വേറെ കൂടിയേതീരൂ. ഉത്തരീയത്തിനുപകരം കാശ്രുരൂപം മതിയാകയില്ല" (വശം 24. നം: 13) എന്നാൽ ഈ പുസ്തകത്തിൻെറ അടിസ്ഥാനം 13-ാം ലെയോൻ മാർപ്പാപ്പാ 1883 ജൂൺ 30-ാം തിയതിയിലെ ലേഖനംവഴി ഫ്രാൻസിസ്കൻ മൂന്നാംസഭക്കാർക്കുവേണ്ടി പരിഷ്കരിച്ചു പ്രഖ്യാപ്പെടുത്തിയ റേഗുളയാണെന്നു നാം സ്മരിക്കണം. അതിൽപ്പിന്നെയാണ് വി. പത്താംപീയൂസ് മാർപ്പാപ്പാ ഉത്തരീയത്തിനുപകരം ഉത്തരീയകാശ്രുരൂപം ധരിക്കാമെന്നനുവദിച്ചതു്. പ്രസ്തുത പുസ്തകത്തിൽ "ഇരുസഭകളുടേയും ഉത്തരീയം വെവ്വേറെ കൂടിയേതീരൂ" എന്നു പറഞ്ഞിരിക്കുന്നതു് വേറെവേറെ ചരടുകളിൽ കൂടിയേതീരൂ എന്നു മനസ്സിലാക്കേണ്ടതില്ല. മേൽപ്രസ്താവിച്ചതുപോലെ ഒററജോടി ചരടിൽ തയിച്ചുണ്ടാക്കുന്ന ഇരട്ട ഉത്തരീയം മതിയാകുന്നതാണ്.

പ്രസംഗവശാൽ കർമ്മലോത്തരീയത്തിൻെറ പ്രധാനവ്യവസ്ഥകൾക്കൂടി ഇവിടെ ചേർത്തുകൊള്ളട്ടെ.

## കർമ്മലോത്തരീയത്തിൻെറ വ്യവസ്ഥകൾ

കർമ്മലോത്തരീയത്തിൻെറ പ്രധാനവ്യവസ്ഥകൾ അതിൻെറ സാധനം, ആകൃതി, കടമകൾ ഇവയെ സംബന്ധിക്കുന്നവയാണ്.

ഉത്തരീയം ഉണ്ടാക്കുന്നതിനുപയോഗിക്കുന്ന സാധനം (തുണി) തനി രോമംകൊണ്ടു് നെയ്തുണ്ടാക്കിയതായിരിക്കണമെന്നു പ്ര


## സ്വർഗ്ഗരാജ്ഞി

ദേവമാതാവിൻെറ സ്ഥാനങ്ങളും വരങ്ങളും, അവയുടെ വിശദീകരണവും, സംശയനിവാരണവും, സംബന്ധിച്ച് വെ. റവ. മോൺ. ജേക്കബ് നടുവത്തുശേരി അവർകൾ സത്യദീപത്തിൽ തുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമായി, ക്രൗൺ എട്ടിലൊന്നു സൈസിൽ, നൂറു പേജിൽ കമനീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിനു് വില 6 ണ മാത്രം.

കച്ചവടക്കാർക്ക് പത്തിനു രണ്ടു കമ്മീഷൻ.

ആവശ്യപ്പെടുക:

മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം- 1


ത്യേകവ്യവസ്ഥയുണ്ട്. നെയ്യാതെ യന്ത്രത്തിൽവച്ചമർത്തിയുണ്ടാക്കുന്ന രോമത്തുണിയും (felt), പഞ്ഞിനൂലുകൊണ്ടോ, പട്ടുനൂലുകൊണ്ടോ മെനയപ്പെടുന്ന തുണിയും കർമ്മലോത്തരീയത്തിനുപയോഗിക്കുവാൻ പാടില്ല. തട്ടിൻെറ ആകൃതി സമചതുരമോ, ദീർഘചതുരമോ ആയിരിക്കണം. കർമ്മലീത്താ മൂന്നാംസഭയുടെ ഉത്തരീയം ഒഴിവാക്കിയാൽ വലിപ്പത്തെക്കുറിച്ച് പ്രത്യേക വ്യവസ്ഥകളൊന്നുമില്ല. നിറം തവിട്ടോ, കറുപ്പോ, അല്ലെങ്കിൽ രണ്ടിൻെറയും മദ്ധ്യത്തിലുള്ള ഏതെങ്കിലുമോ ഒന്നായിരിക്കണം. ചരടിൻെറ നിറവും സാധനവും അവനവൻെറ ഇഷ്ടാനുസരണമാകാം. ഉത്തരീയത്തിൻെറ തട്ടുകളിൽ ദേവമാതാവിൻെറ ഛായ ഉണ്ടായിരിക്കണമെന്നു നിർബന്ധവുമില്ല.

കർമ്മലോത്തരീയത്തിൻെറ ആനുകൂല്യങ്ങളെല്ലാം ലഭിക്കുന്നതിനു് ഒരാൾ ഉത്തരീയസഭയിൽ ചേർന്ന് ഉത്തരീയമോ അഥവാ ഉത്തരീയകാശ്രുരൂപമോ സദാ ധരിക്കുകയും ജീവിതസ്ഥിതിയനുസരിച്ചുള്ള ശുദ്ധത പാലിക്കുന്നതിനു പുറമെ, ഉത്തരീയം എല്പിക്കുന്ന വൈദികൻ കല്പിച്ചിരിക്കുന്ന കടമ നിർവ്വഹിക്കുകയും ചെയ്യണം.

ഉത്തരീയം ധരിക്കേണ്ടതു് കഴുത്തിൽ ഇരുതോളുകളുടെ മീതെ ഇട്ടു തൂങ്ങിക്കിടക്കത്തക്കവിധത്തിലാണ്. അതു വസ്ത്രത്തിൻെറ മുകളിൽ ധരിക്കുന്നതിനും വിരോധമില്ല. ഉത്തരീയകാശ്രുരൂപം ചരടിന്മേലോ ചെയിനിന്മേലോ കോർത്തു് കഴുത്തിൽ ധരിക്കുകയോ, അഥവാ വൃഥാ പോക്കററിൽ സൂക്ഷിക്കുകയോ, വസ്ത്രത്തോടു തുന്നിപ്പിടിപ്പിക്കുകയോ ചെയ്യാം. ഏതായാലും രണ്ടിലൊന്നു് ഒരാൾ രാവും പകലും ധരിച്ചിരിക്കണം, സകല ആനുകൂല്യങ്ങൾക്കും അർഹനാകുന്നതിനു്.

ഉത്തരീയസഭയിൽ ചേരുന്നവർ അനുദിനം മാതാവിൻെറ ചെറിയ ഒപ്പീസ് ചൊല്ലണം, അല്ലെങ്കിൽ പള്ളി കല്പിക്കുന്ന ദിവസങ്ങൾക്കു പുറമെ, ബുധൻ, ശനി എന്നി ദിവസങ്ങളിൽ മാംസം വർജ്ജിക്കണം. തക്കതായ കാരണംകൊണ്ടു് ഇവരണ്ടും ചെയ്യുന്നതിനു സാധിക്കുകയില്ലെങ്കിൽ അധികാരമുള്ള വൈദികനിൽനിന്നു പകരം മറെറന്തെങ്കിലും സുകൃതകൃത്യം നിർവ്വഹിക്കുന്നതിനുള്ള അനുമതി വാങ്ങിച്ചിരിക്കണം. ഉത്തരീയം എല്പിക്കുന്ന വൈദികൾക്ക് ഈ അനുമതി നൽകുന്നതിനുള്ള അധികാരവും സാമാന്യമായി ഉണ്ടായിരിക്കും. അവർ സാധാരണയായി പകരം കല്പിക്കാറുള്ളതു് 7 ആ. 7 നന്മ. 7 ത്രിത്വസ്തുതിയും ചൊല്ലിക്കൊള്ളണമെന്നാണ്. നമ്മുടെ രാജ്യത്തു് വിശ്വാസികൾക്കു ഒപ്പീസ് എത്തിക്കുന്നതിനു വളരെ പ്രയാസമുണ്ട്. അതിനാൽ മേല്പറഞ്ഞ ദിവസങ്ങളിൽ മാംസം വർജ്ജിക്കുകയോ, അല്ലെങ്കിൽ പകരം കല്പിച്ചിരിക്കുന്ന ജപങ്ങൾ ചൊല്ലുകയോ ആണ് കൂടുതൽ പ്രായോഗികമായിട്ടുള്ളതു്. മാംസവർജ്ജനമോ, ജപമോ ഏതെങ്കിലും ഒന്നു ചെയ്താൽമതി; രണ്ടുംകൂടി ആവശ്യമില്ലെന്നും ധരിച്ചിരിക്കുന്നതു നല്ലതാണ്.

* * *

മേൽവിവരിച്ചവയിൽനിന്നു് ഉത്തരീയങ്ങളിൽവച്ച് അത്യുൽകൃഷ്ടമായ കർമ്മലോത്തരീയത്തോടു ദൈവജനനിയും പരിശുദ്ധ മാർപ്പാപ്പാമാരും അനുബന്ധിച്ചിട്ടുള്ള ആനുകൂല്യങ്ങൾ പ്രാപിക്കുന്നതിനു ആളുകൾ അറിഞ്ഞിരിക്കേണ്ടതും ചെയ്യേണ്ടതുമായ കാര്യങ്ങൾ ഏവയെന്നു വിശദമാകുന്നുണ്ടല്ലോ. ഫ്രാൻസിസ്കൻ മൂന്നാംസഭക്കാർക്കു ഈ അറിവു കൂടുതൽ പ്രയോജനകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. കാരണം, തങ്ങളുടെ വിശിഷ്ടമദ്ധ്യസ്ഥനായ വി. ഫ്രാൻസിസിനോടുള്ള ഭക്തിക്കു കുറവോ കോട്ടമോ വരുത്താതേയും മൂന്നാംസഭാനിയമങ്ങൾ വിശ്വസ്തതാപൂർവ്വം പാലിച്ചുകൊണ്ടും തങ്ങളുടെ മാതാക്കളിൽനിന്നു് മുലപ്പാലോടുകൂടി നുകർന്നിട്ടുത്തിരിക്കുന്ന കർമ്മലോത്തരീയഭക്തി നിലനിർത്തി പുലർത്താവുന്നതാണവർക്ക്. അതിനുവേണ്ടി ഒരാൾ കർമ്മലീത്താ മൂന്നാംസഭയിൽ ചേരേണ്ട ആവശ്യമില്ല. പിന്നെയോ, കർമ്മലമാതാവിൻെറ ഉത്തരീയസഖ്യതയിൽചേർന്ന് അതിൻെറ മേൽപ്രസ്താവിച്ച കടമകൾ നിർവ്വഹിച്ചാൽമതി. മാത്രമല്ലാ ഒരു മൂന്നാംസഭാംഗത്തിനു മറെറാരു മൂന്നാംസഭയുടെ അംഗമായിരിക്കാൻ പാടില്ലെന്നും മൂന്നാംസഭക്കാർ പ്രത്യേകം ധരിച്ചിരിക്കേണ്ടതാണ്.


ദന്തവൈദ്യൻ

Phone: 299

(Dentist to H· H· the Maharaja of Cochin)

ഡോക്ടർ വി. ജെ. ബയിസിൽ

ഷൺമുഖം റോഡ്, എറണാകുളം

Special Concession to Priests· Sisters & Students· Free for Children



ആഖ്യായിക

# ബറാബാസ്



## അദ്ധ്യായം 12

## ഒററിക്കൊടുക്കൽ

[വി. സി. ജോർജ്ജ് ബി. എ. എൽ. ററി.]

ശെഖെമിൽനിന്നുള്ള വഴിയിൽക്കൂടി വന്നവർ ഇപ്പോഴേക്കും വളരെ അടുത്തു. രണ്ടു ഡസനോളം വരുന്ന ആ ചെറുസംഘത്തിന്റെ നേതാവു് ആട്ടിടയൻ എലിയൂദാണെന്നു ബറാബാസിനു മനസ്സിലായി. ബറാബാസിന്റെ പാളയത്തിലുണ്ടായിരുന്ന സമറായരുടെ നേതൃത്വം വഹിച്ചിരുന്നതു് ഈ എലിയൂദായിരുന്നു. പഥികർ അവരുടെ കീറിയ അങ്കികൾക്കടിയിൽ വാളു ധരിച്ചിരുന്നു. സമരസന്നദ്ധമായ ഒരു ഭാവമാണ് മൊത്തത്തിലവർക്കുണ്ടായിരുന്നതും. അങ്കിക്കടിയിൽ തിരുകിയിരുന്ന തന്റെ ചെറിയ ഖഡ്ഗം ഊരിയെടുക്കുവാൻ ബറാബാസ് തുനിയുകയിൽ യാത്രയുടെ ഗതി മന്ദമാക്കിക്കൊണ്ടു് എലിയൂദ് ചോദിച്ചു: "നിങ്ങൾ മിത്രമോ, ശത്രുവോ, ഏതുനിലയിലാണ് അടുത്തുവരുന്നതു്?"

പതിവനുസരിച്ച് എലിയൂദ് ബറാബാസിനെ അഭിവാദ്യം ചെയ്യുകയുണ്ടായില്ലെങ്കിലും ബറാബാസ് ആ സംഘത്തിന്റെ പക്കലേക്കു് നടന്നുചെന്നു. അവരെ തിരിച്ചെടുക്കുവാൻ ഒരു കൈനോക്കണമെന്നുതന്നെയായിരുന്നു അയാളുടെ തീരുമാനം. ഈശോയുമായി സംസാരിച്ച സമറായസ്ത്രീ പട്ടണത്തിൽ മടങ്ങിയെത്തി നസ്രായനെപ്പററി നല്ലയഭിപ്രായം പ്രചരിപ്പിക്കുവാൻ ഉത്സാഹിക്കുമെന്നു ബറാബാസിന്നറിയാമായിരുന്നു. ഒരു സ്ത്രീയുടെ ഭക്തിപാരവശ്യംകൊണ്ടുണ്ടാകാവുന്ന ഉപദ്രവം നിസ്സാരമല്ലാ. നസ്രായന്റെ വാക്കു കേട്ടു് സമറായർ അവരുടെ സമരാസക്തിതന്നെ ഉപേക്ഷിക്കുവാൻ ഇടയാകുകയില്ലയോ എന്നുപോലും ബറാബാസ് ഭയപ്പെട്ടു. ആകയാൽ സ്നേഹമസൃണമായ സ്വരത്തിൽ സമറായന്റെ ചോദ്യത്തിനു സമാധാനം സ്നേഹപൂർവ്വംതന്നെ ബറാബാസ് നൽകി. "എലിയൂദ്, ഞാനെപ്പോഴെങ്കിലും നിങ്ങളുടെ ശത്രുവായിരുന്നിട്ടുണ്ടോ?"

എലിയൂദ് നിശ്ചലനായിനിന്നു്, ശങ്കയെല്ലാം വെടിയാതെ മറുപടിപറഞ്ഞു. അയാളുടെ സ്വരം മര്യാദഹീനമായിരുന്നുമില്ല. "ഇല്ലാ, നിങ്ങൾ ഒരിക്കലും ഞങ്ങൾക്കു ശത്രുവായിരുന്നിട്ടില്ലാ." "നിങ്ങൾ" ശബ്ദത്തെ ബലപ്പെടുത്തിയാണയാൾ സംസാരിച്ചതു്.

"പിന്നെന്തിനായിരുന്നു ആ ചോദ്യം? ഒററതിരിഞ്ഞു വരുന്ന ഞാനെങ്ങനെയാണ് ശത്രുവാകുക?" എലിയൂദ് സ്വല്പമൊന്നു കുഴങ്ങി. അനന്തരം ചോദിച്ചു: "നിങ്ങളുടെയാളുകൾ നീതരായി ഇവിടെയെങ്ങുമില്ലെന്നു ഞങ്ങളെങ്ങനെയറിയും?"

"അതൊക്കെ ഭോഷ്കല്ലെ, എലിയൂദ്? നമ്മിൽ ആർക്കെങ്കിലും ശങ്കയ്ക്കവകാശമുണ്ടെങ്കിൽ അതെനിക്കാണ്. അതുകൊണ്ടു് ആ കാര്യം പോകട്ടെ. വേറൊരു സംഗതി ആലോചിക്കാം. നിങ്ങളും നിങ്ങളുടെ ആളുകളും എന്തുകൊണ്ടാണ് അത്രയും ധൃതിയിൽ പാളയം വിട്ടതു്?" ബറാബാസ് ചോദിച്ചു.

സമറായർ എലിയൂദിന്റെ ചുററും കൂടി. ചിലർ മാർഗ്ഗതടസ്സം വരുത്തിയവിധം ബറാബാസിന്റെ പിമ്പിലും ഉണ്ടായിരുന്നു.

"ബറാബാസ്, ഞാൻ പറയാം. ഇസ്രായേല്യരായ നിങ്ങളുടെ വലിയ ഭാവവും ഭദ്രമാനിത്വവും ഞങ്ങൾക്കു് സഹിക്കുവാൻ കഴിഞ്ഞില്ല. നമ്മുടെ പൊതുശത്രുവായ റോമന്മാർക്കെതിരായി നടത്തുന്ന സംരംഭങ്ങളിൽ നിങ്ങളോടു യോജിക്കുവാനാണല്ലോ ഞങ്ങൾ വന്നതു്. ഞങ്ങൾ നിങ്ങളെ വിശ്വസിക്കുകയും ചെയ്തു. എന്നാൽ ഇസ്രായേല്യരുടെ ആക്ഷേപങ്ങൾ സഹിച്ചുകൊണ്ടു് അവരുടെ അടിമകളായി കഴിയുവാൻ ഞങ്ങൾക്കിഷ്ടമില്ല; റോമൻനുകത്തിനുപകരം ഇസ്രായേലിൻ നുകം തോളിലേററാനും."

"കഴിഞ്ഞതൊക്കെ പോകട്ടെ. പരിഭവം വേണ്ടാ. ആ സമ്പ്രദായമൊന്നും ഇനിക്കിഷ്ടമില്ലെന്നു നിങ്ങൾക്കറിയാമല്ലോ. ഞാൻ മടങ്ങിവരുന്നതുവരെ ക്ഷമിക്കാതെ നിങ്ങൾ കടന്നുകളഞ്ഞതു് വളരെ ധൃതിയായിപ്പോയി. നിങ്ങൾ പറയുന്നതുപോലെ നിങ്ങൾ എന്നെ വിശ്വസിച്ചുവെങ്കിൽ നിങ്ങളെ അപമാനിക്കുവാൻ ഞാൻ ഒരിക്കലുംസമ്മതിക്കുകയില്ലെന്നു നിങ്ങൾ ധരിക്കേണ്ടതായിരുന്നു."

എലിയൂദിന്റെ ആളുകളിൽ ഒരാൾ ആവേശപൂർവ്വം പറഞ്ഞു; "ജോയൽ നിങ്ങളുടെ പ്രതിനിധിയായിരുന്നുവല്ലോ."

ബറാബാസ് അയാളുടെ നേരെ തിരിഞ്ഞു; "ആയിരുന്നു ശരിതന്നെ, പക്ഷെ, ഇപ്പോൾ അല്ലാ."

ജോയലിനു എന്തു സംഭവിച്ചുവെന്നതിനെപ്പററി ഏതെങ്കിലും ചോദ്യം ബറാബാസ് ഇഷ്ടപ്പെട്ടില്ല. ജോയലിന്റെ അനുസരണക്കേടിനു് ഉടൻതന്നെ ശിക്ഷ കൊടുക്കാതെ ഒളിച്ചോടിപ്പോകുവാൻ അയാൾക്കവസരം നൽകിയതിനെപ്പററി ബറാബാസിനു ലജ്ജതോന്നി. ഏതായാലും എലിയൂദ് ആ വിഷയം ഉപേക്ഷിച്ചില്ല.

"ജോയലിനെന്തു സംഭവിച്ചു? നിങ്ങൾക്കു ഞങ്ങളെപ്പററി വിചാരമുണ്ടായിരുന്നുവെങ്കിൽ പ്രതിഹിംസ ചെയ്യുമായിരുന്നു."

"തീർച്ചയായും ഞാൻ ചെയ്യുമായിരുന്നു. എലിയൂദ് ഒട്ടും സംശയിക്കണ്ടാ. ഞാൻ പാളയത്തിൽ മടങ്ങിയെത്തിയപ്പോൾ ജോയലും രണ്ടനുയായികളും ഒളിച്ചോടിപ്പോയി. അവനെപ്പററി പിന്നീടൊന്നെനിക്കറിവില്ല. പാളയത്തിൽ സമാധാനം ഉടൻതന്നെ സ്ഥാപിക്കുവാനെനിക്കു സാധിച്ചു. ഞാൻ തിരിച്ചുവരുന്നതുവരെ നിങ്ങൾ പാളയത്തിൽ താമസിക്കേണ്ടിയിരുന്നു."

"നിങ്ങൾ എന്നു മടങ്ങിവരുമെന്നു ഞങ്ങൾക്കു നിശ്ചയമില്ലായിരുന്നു. ഞങ്ങൾക്കതിയായ ഇച്ഛാഭംഗമുണ്ടായി. യുദ്ധത്തിനുമുമ്പ്, ഞങ്ങളുടെ സഹായസഹകരണങ്ങളാവശ്യമുള്ള അവസരത്തിൽ, ഞങ്ങളോടുള്ള പെരുമാററം ഇപ്രകാരമെങ്കിൽ യുദ്ധം ജയിച്ചു് റോമന്മാരെ നാട്ടിൽനിന്നോടിച്ചതിനുശേഷം ഞങ്ങളുടെ അനുഭവമെന്തായിരിക്കുമെന്നും ഞങ്ങൾ ചിന്തിച്ചു. ഇസ്രായേല്യർ "അശുദ്ധർ" എന്നും "പഞ്ഞപ്പട്ടികൾ" എന്നും വിളിച്ചു് ഞങ്ങളെ ആക്ഷേപിക്കുമെന്നുതന്നെ ഞങ്ങൾ കരുതി."

"ആവക കഴപ്പങ്ങൾക്കൊന്നും ഞാൻ പങ്കാളിയാകുകയില്ലെന്നു് നിങ്ങൾക്കു തോന്നിയില്ലേ, എലിയൂദ്? ഞാൻ അന്യന്മാരുടേതിലുമധികം നിങ്ങളുടെയാളാണെന്നുള്ള കാര്യം ഓർമ്മിച്ചില്ലേ?"

ബറാബാസിന്റെ ഈ അഭിപ്രായപ്രകടനത്തിൽ എലിയൂദിനു് അവിശ്വാസമോ ആശ്ചര്യമോ ഉണ്ടായില്ല. അയാൾ ബറാബാസിനെ സ്നേഹിച്ചിരുന്നു. ബറാബാസുമായി പിണങ്ങുന്നതിനിഷ്ടപ്പെട്ടുമില്ല.

"ആ കാര്യം, ബറാബാസ്, ഞങ്ങൾ ചിന്തിക്കാതിരുന്നില്ല. ഞാൻ മുമ്പു പറഞ്ഞതുപോലെ ഞങ്ങൾക്കെല്ലാം നിങ്ങളിൽ വിശ്വാസമുണ്ടായിരുന്നു. എന്നാലും ഞങ്ങൾ കണ്ണുപൊട്ടരും ചെകിടരുമായിരുന്നില്ല. നിങ്ങളുടെ ആളുകളിൽ ചുരുക്കം ചിലരൊഴിച്ചു ബാക്കിയുള്ളവർക്ക് നിങ്ങളെപ്പററിയുള്ള അഭിപ്രായമെന്തെന്നു നിങ്ങൾ അറിയുന്നുണ്ടോ? അവരിൽ അധികംപേർക്കും നിങ്ങൾ അയൂദൻമാത്രമാണ്. അവർ നിങ്ങളെ അനുസരിക്കുന്നതു് നിങ്ങളുടെ കയ്യുകളെ ഭയന്നുമാണ്. നിങ്ങളുടെ സ്ഥാനം കരസ്ഥമാക്കേണ്ടതാരെന്നുള്ള വിഷയത്തിൽ അവർ ഭിന്നാഭിപ്രായക്കാരായിരിക്കുന്നതും നിങ്ങൾക്കു രക്ഷയാണ്."

എലിയൂദ് സൂക്ഷ്മബുദ്ധിയോടുകൂടിയാണ് സംസാരിച്ചതെന്നു ബറാബാസിനു ബോധിച്ചു. എന്നാൽ ആ കാര്യം സമ്മതിക്കുവാൻ അയാൾ ഒരുമ്പെട്ടില്ല. സമ്മതിക്കണമെന്നയാൾക്കാഗ്രഹവുമില്ലായിരുന്നു.

"ജോയലും ചില കൂട്ടുകാരും ഒരു പക്ഷെ അങ്ങനെ വിചാരിച്ചിരിക്കാം. ഏതായാലും ആ കുറുക്കന്മാരുടെ ഉപദ്രവം ഇനിമേൽ പാളയത്തിലുണ്ടാകുകയില്ല."

എലിയൂദ് തലകുലുക്കി. "അല്ല, ബറാബാസ്, ജോയലും അയാളുടെ ചില ആളുകളും മാത്രമല്ല നിങ്ങൾക്കു വിരോധികൾ. നിങ്ങളുടെ സ്വന്തം അനുയായികളിൽ ഏതാനുംപേർ ജറുസലേമിലെ പുരോഹിതന്മാരുമായി സഖ്യത്തിലേർപ്പെട്ടിരിക്കുകയാണെന്നു നിങ്ങൾക്കറിയാമോ? പുരോഹിതന്മാർ മററാളുകളേയും നിങ്ങൾക്കെതിരായി ഇളക്കുന്നുണ്ടെന്നും?"

"അതു പച്ചക്കള്ളമാണ്" ബറാബാസ് ചീറി.

എലിയൂദ് പ്രശാന്തത വിടാതെ സംസാരംതുടർന്നു: "ഞാൻ എപ്പോഴെങ്കിലും കള്ളംപറഞ്ഞതായി ബറാബാസ് ഓർമ്മിക്കുന്നുണ്ടോ? ഞാൻ വീണ്ടും പറയുന്നു, നിങ്ങളുടെ അനുയായികളിൽ ചിലർക്ക് നിങ്ങളുടെപേരിൽ വിശ്വാസമില്ല. ഇതുമാത്രമോ? നിങ്ങൾക്കു പണവും പടക്കോപ്പുംതന്നു സഹായിക്കുന്ന പുരോഹിതന്മാർക്ക് നിങ്ങൾ അധികാരത്തിൽ വന്നുകാണുവാൻ താല്പര്യവുമില്ല."

പെട്ടെന്നു ബറാബാസിന്റെ ഭാവം മാറി, മുഖം വിളറി. കോപാധിക്യംകൊണ്ടു് അയാളുടെ വണ്ണിച്ച ശരീരം വിറച്ചു. എലിയൂദ് പറയുന്നതു പരമാർത്ഥമായിരിക്കുകയില്ലയോ? പുരോഹിതന്മാർ ചതിവുപയോഗിച്ചു തന്നെ തുരത്തുവാൻ കരുതുകയാണോ? സ്വന്തം ആളുകളിൽ ചിലർ തനിക്കെതിരായി പുരോഹിതന്മാരുമായി കൂട്ടുകെട്ടിൽ പെട്ടുവോ? ഈവക ചോദ്യങ്ങൾ ബറാബാസിനെ അലട്ടി. (തുടരും)

കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടംകൊടുക്കുന്നതാകുന്നു.

ബാങ്ക് ഓഫ് കൊച്ചിൻ ലിമിററഡ്

എറണാകുളം, തൃശ്ശൂർ,
മട്ടാഞ്ചേരി, ചാലക്കുടി,
വില്ലിംഗ്ഡൺ ദ്വീപു്




Thanksgiving
to
Rev Sr. Alphonsa
For Favours Received.
Inserted by
Mathew V. Elenjickal

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്.

ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | ” | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | ” | 5,97,150—0—0 |
| പ്രവർത്തനമൂലധനം. | ” | 36,50,100—0—0 |

ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. എ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. ” കുഞ്ചെറിയാ കെ. പൂരക്കൽ, പുളിങ്കുന്നു്
3. ” ഡോമിനിക്ക് ജോസഫ് കരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
4. ” മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടൂപറമ്പിൽ, വിളക്കുമാടം
5. ” തോമസ് ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
6. ” കുഞ്ചെറിയാ ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)

Reg. No. M. 2293

# Sathya Deepam

Vol. 29 — Ernakulam January 4 1956 — No. 21

"ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം



## "ചവന്ന ലില്ലി"

### വിശുദ്ധ മരിയഗൊരേററി

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ.

ബാല്യകാലം മനോഹരമാണ്. എന്നാൽ കൗമാരത്തിലേക്കു കടക്കുമ്പോൾ ഒട്ടുവളരെ അപ്രതീക്ഷിതങ്ങളായ അനുഭവങ്ങളാണ് ഓരോരുത്തർക്കും ഉണ്ടാവുക. വർഷകാലത്തെ ഭയങ്കരമായ കൊടുങ്കാററുപോലെ അവ നാലുവശത്തുനിന്നും ആഞ്ഞടിക്കും. എത്രയെത്ര നല്ല കുഞ്ഞുങ്ങളാണ് അവയിൽപ്പെട്ടു കടപുഴുത് ചീല ഏത്തവാഴത്തോട്ടംപോലെ നിലംപതിച്ചുപോകുന്നത്. എന്നാൽ കരുത്തുള്ള കടകൾ നല്ല ഊന്നിന്റെ സഹായത്തോടെ അവയെ എല്ലാം അതിജീവിച്ച് നല്ല ഫലം തരുന്നു. മരിയഗൊറേററിയുടെ ജീവിതത്തിലും ഈ പരീക്ഷണഘട്ടമുണ്ടായി. ദുഷ്ടനായ അലക്സാണ്ടറുടെ ദുർമ്മോഹമാകുന്ന കൊടുങ്കാററിനെതിരായിട്ടാണ് അവൾക്കു പടവെട്ടേണ്ടിവന്നത്. അവൾ പരിശുദ്ധ അമ്മയാകുന്ന ഊന്നുകാലിൽ ആശ്രയിച്ചു. ശോഭനമായ വിജയം കൈവരിച്ചു. പരിശുദ്ധ അമ്മതന്നെ നമുക്കും ആലംബം. നിങ്ങൾ മാതാവിനോടുള്ള ഭക്തിയിൽ പരിശീലിക്കുക. ലോകത്തിന്റെ പ്രലോഭനങ്ങളെ തീർച്ചയായും ജയിക്കാം.

അലക്സാണ്ടറുടെ അധഃപ്പതനത്തിൽ വലിയ ഒരു പങ്കു വഹിച്ചത് അയാളുടെ ചീത്തപ്പുസ്തകങ്ങളുടെ വായനയായിരുന്നു; ചീത്തപ്പടങ്ങളുടെ കാഴ്ചയായിരുന്നു. അതുകൊണ്ടാണ് അലക്സാണ്ടറുടെ മുറിയിൽപോയി ചീത്തപ്പടങ്ങൾ കാണരുതെന്നു മരിയേററാ അവളുടെ കുഞ്ഞുസഹോദരനെ ഉപദേശിച്ചത്. കൊച്ചുകുട്ടികൾ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണിത്. ചീത്തപ്പുസ്തകങ്ങൾ വായിക്കരുത്; ചീത്തപ്പടങ്ങൾ കാണരുത്; ചീത്തക്കൂട്ടുകെട്ടിൽ ഉൾപ്പെടരുത്; ചീത്ത ഭാഷണങ്ങളിൽ പങ്കെടുക്കരുത്.

വല്യേട്ടൻ




**53-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം**

എന്റെ പേർ—മുതല

**പ്രശ്നം നമ്പ്ര് 54**

(ജോണി പി. പയ്യപ്പിള്ളി Reg. No. 14)

ഞാൻ ഓരോ മനുഷ്യവ്യക്തിയോടുംകൂടിയുണ്ട്; എങ്കിലും ആർക്കും എന്നെ കാണാൻ കഴിയുകയില്ല. എന്റെ പേരിനു മൂന്നക്ഷരം. ഒന്നാമത്തെ അക്ഷരം മാലയിലുണ്ട്, ആഭരണത്തിലില്ല. രണ്ടാമത്തെ അക്ഷരം നിലാവെളിച്ചത്തിലുണ്ട്, സൂര്യപ്രകാശത്തിലില്ല. മൂന്നാമത്തെ അക്ഷരം നിഘണ്ടുവിലുണ്ട്, ശബ്ദകോശത്തിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ഒരു വർഷം നമ്മെ കടന്നുപോകയാണ്—1955. ഇനി ഒരിക്കലും നമുക്കു കഴിഞ്ഞുപോയ വർഷം വീണ്ടുകിട്ടുകയില്ല. ആണ്ടവസാനിക്കാറായ ഈ അവസരത്തിൽ കഴിഞ്ഞ കാലത്തെ നിങ്ങളുടെ നേട്ടങ്ങളിലേക്ക് ഒന്നു കണ്ണോടിക്കുന്നതു നന്ന്.

1955-ൽ നിങ്ങൾ എന്തെല്ലാം പുതിയ അറിവു സമ്പാദിച്ചു. എന്തെല്ലാം തൊഴിലുകളിൽ കൂടുതൽ വൈദഗ്ധ്യം നേടി. എന്നും അതെങ്ങിനെയെല്ലാം സ്വായത്തമാക്കുമെന്നും എപ്പോഴെല്ലാം അതു ചെയ്യുമെന്നും കുറിച്ചുവെക്കുക. വായിച്ചുതീർക്കാനൊരുക്കുന്ന പുസ്തകങ്ങളുടെ എണ്ണം—എഴുതിത്തീർക്കാവുന്ന ലേഖനങ്ങളുടെ എണ്ണം—എല്ലാം നിങ്ങളിപ്പഴേ പ്ലാനിട്ടെഴുതുക. ചുരുക്കത്തിൽ നിങ്ങൾ ഒരു സ്വന്തമായ "ഏകവത്സരപദ്ധതി" നിങ്ങളുടെ സ്വന്തം അഭിവൃദ്ധിക്കും ഗുണത്തിനും വേണ്ടി ഉണ്ടാക്കുക. അതൊരൊക്കെ പ്രയാസമാണ്; തൊമ്മന്റെ വഞ്ചിപോലെ "കുത്തുമ്പോ കുത്തി—എത്തുന്നിടത്തെത്തി" എന്ന നയം നിങ്ങൾ സ്വീകരിക്കാതിരിക്കണം. യാതൊരു ലക്ഷ്യവുമില്ലാതെ, എവിടെ എത്തണമെന്നുപോലും തീരുമാനിക്കാതെ കായലിലേക്ക് ഇറക്കുന്ന കൊച്ചുവഞ്ചിപോലെ നിങ്ങളാരും ഒരു ലക്ഷ്യവുമില്ലാതെ 1956-ലേക്ക് കാലെടുത്തുവയ്ക്കരുത്.

നവവത്സരം ഓരോ ദിവസവും 24 മുഴുവൻ മണിക്കൂറുകൾ അടങ്ങിയ 366 ദിവസങ്ങളുമായി നിങ്ങളെ സ്വാഗതം ചെയ്യുന്നു. അതിലുള്ള ഓരോ മണിക്കൂറും നിങ്ങളുടെ സ്വന്തമാണ്. ഈശ്വരൻ ഈ പങ്കുവയ്ക്കലിൽ ആർക്കും യാതൊരു പക്ഷഭേദവും കാണിച്ചിട്ടില്ല. എല്ലാവർക്കും 24 മണിക്കൂറുകൾ മാത്രമടങ്ങിയിരിക്കുന്ന ദിവസങ്ങളാണ് കൊടുത്തിരിക്കുന്നത്.

നമ്മുടെ ഓരോരുത്തരുടേയും വിജയവും പരാജയവുമെല്ലാം നാം നമുക്കു കിട്ടിയിരിക്കുന്ന ഈ 24



"തൊമ്മന്റെ വഞ്ചിപോലെ കുത്തുമ്പോ കുത്തി—എത്തുന്നിടത്തെത്തി."

മണിക്കൂറുകൾവീതം അടങ്ങിയിരിക്കുന്ന ദിവസങ്ങളെ എങ്ങനെ വിനിയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. അതുകൊണ്ട് നവവത്സരത്തെ തികച്ചും നിങ്ങളുടേയും മററുള്ളവരുടേയും ലോകത്തിന്റെയും നന്മയ്ക്കുവേണ്ടി ദൈവത്തിൽ വിശ്വസിച്ചു നിങ്ങളുടെ കഴിവുകളുടെ പരമാവധിവച്ച് നിരന്തരം വിനിയോഗിക്കുക.

...ന്തെല്ലാം സൽകർമ്മങ്ങൾ ചെയ്തു. എത്ര പുതിയ സ്നേഹിതന്മാരെ കണ്ടു. എത്ര ഗുരുജനങ്ങളുടെ അനുഗ്രഹങ്ങൾ വാങ്ങി. എത്ര പണം നിങ്ങൾ തനിയെ സമ്പാദിച്ചു. എത്ര കള്ളം പറഞ്ഞു. എത്ര ശിക്ഷകൾ രക്ഷാകർത്താക്കളിൽനിന്നും അദ്ധ്യാപകരിൽനിന്നും വാങ്ങി.........എല്ലാം ഒന്നിരുന്നു ചിന്തിച്ചുനോക്കൂ. പലർക്കും കഴിഞ്ഞുപോകുന്ന ഈ ഒരാണ്ടിലുണ്ടായ കാര്യങ്ങളെക്കുറിച്ചോർമ്മയില്ലായിരിക്കും. തീരെ ഓർമ്മയില്ലെങ്കിൽ എന്താ ചെയ്യുക? ഒരു കടലാസും പെൻസിലുമെടുത്തു മുമ്പിൽ വെക്കുക. വരാൻ പോകുന്ന പുതിയ ആണ്ട് "1956" കടലാസിനു മുകളിൽ കുറിക്കുക. നവവത്സരം തികച്ചും പൂർണ്ണമായി നിങ്ങൾ വിനിയോഗിക്കുമെന്നു പ്രതിജ്ഞചെയ്യുക.

നിങ്ങൾക്കു ചെയ്തുതീർക്കണം എന്നാഗ്രഹമുള്ള ജോലികൾ എന്തെല്ലാമെന്നു കടലാസിൽ കുറിക്കുക. നിങ്ങൾ സ്വീകരിക്കാൻ പോകുന്ന "ഹോബി" എന്തെ...

നിങ്ങൾക്കോരോരുത്തർക്കും ഏററവും സന്തോഷപ്രദമായ ക്രിസ്തുമസ്സും ഐശ്വര്യപൂർണ്ണവും വിജയപ്രദവുമായ നവവത്സരവും കുഞ്ഞമ്മാവൻ അകമഴിഞ്ഞു ആശംസിച്ചുകൊള്ളുന്നു.

എന്നു സ്നേഹപൂർവ്വം
നിങ്ങളുടെ സ്വന്തം
കുഞ്ഞമ്മാവൻ

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-1